ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

# ലോക കേരള സഭ

## അഞ്ചാം സമ്മേളനം




**എഡിറ്റർ:** ടി. വി.  സുഭാഷ് ഐ. എ. എസ്

**അഡീഷണൽ എഡിറ്റർ:** കെ. ജി. സന്തോഷ്

**ഡെപ്യൂട്ടി എഡിറ്റർ:** നാഫിഹ് എം

**എഡിറ്റർ-ഇൻ-ചാർജ്:** കെ. എസ്.  ഇന്ദുശേഖർ

**കൺസൾട്ടിംഗ് എഡിറ്റർ (ഇംഗ്ലീഷ്):** സിനി കെ തോമസ്

**അസിസ്റ്റന്റ് എഡിറ്റർ:** ഡെസ്നി സുൽഹ്, ആരതി കെ.ആർ

**സർക്കുലേഷൻ ഓഫീസർ:** മെർലിൻ ജെ. എൻ

**കവർ & ലേഔട്ട്:** രതീഷ് കുമാർ (ഡിജിക്രോ)

**ടൈപ്പ് സെറ്റിങ്:**  വിനിത വി. എസ്

**ഫോട്ടോ:** ഐ പി ആർ ഡി, ഫോട്ടോഗ്രഫി

**അച്ചടി:** കെ ബി പി എസ്, കാക്കനാട്

**കോപ്പി:** 1000

സൗജന്യ വിതരണത്തിന്
ജനുവരി 2026




# ആമുഖം

ലോക ഭൂപടത്തിൽ മലയാളികൾ എത്തിപ്പെടാത്ത നാടില്ല. കൈയൊപ്പ് ചാർത്താത്ത മേഖലകളുമില്ല. എത്തപ്പെടുന്ന നാടുകളിലെല്ലാം മലയാളി എന്ന സ്വത്വം ഉയർത്തിപ്പിടിക്കുകയും അതിന്റെ നന്മകൾ തങ്ങൾ ഇടപെടുന്ന സമൂഹത്തിൽ പടർത്തുകയും ചെയ്യുന്നവരാണ് പ്രവാസികൾ. കുടിയേറിയ നാടിന്റെ വികസനനേട്ടങ്ങൾ പഠിക്കുകയും അവ സ്വന്തം മണ്ണിൽ വരണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നവരാണ് മലയാളികൾ. ആ ആഗ്രഹങ്ങൾക്ക് ചിറകേകിയ വേദിയാണ് ലോക കേരള സഭ.

ലോക കേരള സഭ അതിന്റെ സാർഥകമായ അഞ്ചാം പതിപ്പിലേക്ക് കടക്കുമ്പോൾ ആശയങ്ങൾ അതിർത്തികൾ ഭേദിച്ച് പ്രയോഗികതയിലെത്തി. ഒന്നാം ലോക കേരള സഭ മുതൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ പലതും പ്രവാസിസമൂഹത്തിന് പ്രയോജനപ്രദമായ വിധം നടപ്പിലായി. പ്രവാസിക്ഷേമം, നിക്ഷേപസമാഹരണം, പുനരധിവാസം തുടങ്ങി പ്രവാസികളെ ബാധിക്കുന്ന ഒട്ടുമിക്ക മേഖലകളിലും ഇടപെടലുണ്ടായി. ലോക കേരളം ഓൺലൈൻ പോർട്ടൽ, പ്രവാസി മിത്രം പോർട്ടൽ, ഇൻഷുറൻസ് പദ്ധതി തുടങ്ങിയവ ഇതിൽ ചിലതുമാത്രം. ലോകത്തോട് കിടപിടിക്കുന്ന നവകേരളത്തിനായി പുതിയ സ്വപ്നങ്ങൾ, ആശയങ്ങൾ, നിർദേശങ്ങൾ, ഒക്കെയും പങ്കുവെക്കപ്പെടുന്ന ലോക കേരള സഭ അഞ്ചാമതും സമ്മേളിക്കുമ്പോൾ ഏറെ സന്തോഷത്തോടെ വിവിധ മേഖലകളിലുള്ള പ്രതിഭകളുടെ കുറിപ്പുകൾ അടങ്ങുന്ന ഈ സ്മരണികയും വായനയ്ക്കായി സമർപ്പിക്കുന്നു.

ടി.വി.സുഭാഷ് ഐഎഎസ്
ഡയറക്ടർ & സ്പെഷ്യൽ സെക്രട്ടറി
ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പ്

# ഉള്ളടക്കം




10 മാനവികതയുടെ
ലോകകേരളം
**പിണറായി വിജയൻ**

15 അതിരുകളില്ലാത്ത കേരളം
**എ.എൻ. ഷംസീർ**

18 നേതാക്കൾ പ്രതിഭകൾ
കൂടിക്കാഴ്ചകൾ

24 Knowledge Economy
and Kerala
**K.M. Abraham**

28 വിശ്വകേരളം
**പ്രഭാവർമ്മ**

29 ലോക കേരള സഭ
പ്രവാസി പങ്കാളിത്തത്തിന്നൊരു
ആഗോളമാതൃക
**പി. ശ്രീരാമകൃഷ്ണൻ**

32 **Justice K G Balakrishnan**

33 **Justice Dr. Cyriac Joseph**

34 LKS: Kerala's Imaginative
Innovation
**Dr. Shashi Tharoor**

35 Beyond Borders Non-Residents
for a New Kerala
**Dr. V K Ramachandran**


38 Loka Kerala Sabha
Empowering Diaspora
**Yusuff Ali M.A.**

39 നാടുമായുള്ളത്
പൊക്കിൾക്കൊടിബന്ധം
**രവി പിള്ള**

40 പ്രവാസം
ഒരു സംസ്കാര പരാഗണം
**സച്ചിദാനന്ദൻ**

45 Asserting the Malayali Identtiy
**Dr. Azad Moopen**

46 Pravasis,
New Jobs and the Challengse
**K Ravi Raman**




50 Evolution of
Malayali Emigration
A Data Analysis
**S Irudaya Rajan**

54 നവകേരള നിർമ്മിതിയുടെ
മറ്റൊരധ്യായം
**ഒ വി മുസ്തഫ**

56 Loka Kerala Sabha:
A Pioneering Platform for
Global Knowledge Exchange
**Asif K Yusuf IAS**

58 Representing
a Vibrant Diaspora
**C V Rappai**

60 One Kerala, Many voices,
One shared destiny
**J K Menon**

62 പ്രവാസികളോടൊപ്പം,
പ്രവാസികൾക്കായി
**അജിത് കൊളശ്ശേരി**

66 എന്റെ ലോക കേരള സഭ
നല്ല ഭാവിയിലേക്കുള്ള
ശക്തമായ അടിത്തറ
**സൂരജ് അത്തിപ്പറ്റ**

68 വെറുമൊരു
ചർച്ചാവേദിയല്ല
**ഹരീഷ് ജഗതലൻ നായർ**

70 Engage Second-Generation
Malayalsi
**Sony Thomas Ambooken**

72 Creating
a Support System
**Jovitta Thomsa**

74 A Reassuring Initiative
**Puthiya Veetil Abdul Rahiman70**

76 പ്രവാസം അനുഭവം

81 പഠനവും
വിദേശ തൊഴിലും

92 ലോക കേരള സഭ
2018-2024


ഒന്നായി
തുടരാം
നവകേരളത്തിലേക്ക്
ലോക
കേരള
സഭ




വിഴിഞ്ഞം രാജ്യാന്തര തുറമുഖത്ത് എത്തിയ ആദ്യ മദർഷിപ്പ് ‘സാൻ ഫെർണാണ്ടോ’യുടെ മുന്നിൽ മുഖ്യമന്ത്രി പിണറായി വിജയൻ



ഒന്നായി തുടരാം
നവകേരളത്തിലേക്ക്



# മാനവികതയുടെ ലോകകേരളം



**പിണറായി വിജയൻ**
മുഖ്യമന്ത്രി

**ലോകമെമ്പാടും പടർന്നുകിടക്കുന്ന കേരളീയ പ്രവാസിസമൂഹം നമ്മുടെ അഭിമാനമാണ്.**

കടൽത്തീരത്ത് സ്ഥിതിചെയ്യുന്ന കേരളം, നിരവധി നൂറ്റാണ്ടുകൾക്കു മുൻപുതന്നെ ലോകത്തേക്ക് തുറക്കുന്ന വാതിലായിരുന്നു. ഇന്ത്യയിലേക്കുള്ള സമുദ്രകവാടമായി മാറിയ ഈ ദേശത്തേക്ക് ഗ്രീക്കുകാരും റോമക്കാരും മുതൽ ജൂതരും അറബികളും ചീനക്കാരും പോർച്ചുഗീസുകാരും ബ്രിട്ടീഷുകാരും വരെ പല കാലങ്ങളിലായി എത്തി. ഇവയിലൂടെയുണ്ടായ സാംസ്കാരിക സമ്പർക്കങ്ങൾ കേരളത്തിന്റെ ചരിത്രത്തെയും സംസ്കാരത്തെയും സ്വാധീനിച്ചു. എന്നാൽ പിന്നീട് ഈ യാത്രയുടെ ദിശ മാറി. കേരളീയർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കുടിയേറാൻ തുടങ്ങി. മലയയും സിംഗപ്പൂരും സിലോണും ബർമ്മയും മുതൽ അറേബ്യൻ രാജ്യങ്ങളും യൂറോപ്പും അമേരിക്കൻ ഉപഭൂഖണ്ഡവും ആഫ്രിക്കയും വരെ വ്യാപിച്ച ഈ പ്രവാസപാത, മലയാളികളെ ഒരു ആഗോളസമൂഹമാക്കി മാറ്റി. പ്രവാസികളുടെ അധ്വാനവും സമ്പാദ്യവും കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക വളർച്ചയ്ക്ക് നിർണ്ണായകമായ കരുത്തായി മാറി.

കൊച്ചുകേരളം പ്രതിസന്ധി നേരിടുമ്പോഴൊക്കെയും, പ്രളയകാലത്തുൾപ്പെടെ അവർ നമുക്ക് സഹായവും സാന്ത്വനവുമേകിയിട്ടുണ്ട്. ലോകമെമ്പാടും പടർന്നുകിടക്കുന്ന കേരളീയ പ്രവാസിസമൂഹം നമ്മുടെ അഭിമാനമാണ്. തങ്ങളുടെ അധ്വാനത്തിലൂടെ നേടുന്ന പണം ജന്മനാട്ടിലേക്ക് അയയ്ക്കുന്നതിൽ മാത്രമൊതുങ്ങുന്നതല്ല അത്. സമഭാവനയും സഹവർത്തിത്വവും മതേതരമൂല്യങ്ങളും ഉൾക്കൊള്ളുന്ന, വൈവിധ്യങ്ങളെ അംഗീകരിക്കുന്ന



കേരളീയസമൂഹത്തിന്റെയും നമ്മുടെ ദീപ്തമായ സാംസ്കാരിക പാരമ്പര്യത്തിന്റെയും മനോഹരമായ നമ്മുടെ ഭൂപ്രകൃതിയുടെയും പെരുമ ചെന്നെത്തുന്ന നാടുകളിൽ എല്ലാം വിളിച്ചറിയിക്കുന്നവർ കൂടിയാണ് അവർ. അപരമതദ്വേഷവും വെറുപ്പുമല്ല, മാനവികതയാണ് മലയാളിയുടെ അടയാളമെന്ന് അവർ ലോകത്തിനു ബോദ്ധ്യപ്പെടുത്തുന്നു. അതുകൊണ്ടുകൂടിയാണ് അവർ ലോകമാകെ സ്വീകരിക്കപ്പെടുന്നത്.

പ്രവാസികൾ ജന്മനാടിനു നൽകുന്ന വിലമതിക്കാനാകാത്ത സംഭാവനകൾ തിരിച്ചറിഞ്ഞുകൊണ്ടുതന്നെ തിരികെ അവരുടെ ക്ഷേമത്തിനും പ്രതിജ്ഞാബദ്ധമാണ് കേരളം. രാജ്യത്ത് ആദ്യമായി പ്രവാസിക്ഷേമത്തിനായി നോർക്ക വകുപ്പ് രൂപവൽക്കരിച്ചത് 1996 ൽ ഇ കെ നായനാർ സർക്കാരാണ്. ലോകത്തെമ്പാടുമുള്ള പ്രവാസി മലയാളികളുടെ ക്ഷേമം ഉറപ്പാക്കുക, പരാതികൾ പരിഹരിക്കുക, അവകാശങ്ങൾ സംരക്ഷിക്കുക, മടങ്ങിയെത്തിയവരെ പുനരധിവസിപ്പിക്കുക, സംസ്ഥാനത്ത് പ്രവാസി നിക്ഷേപം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് നോർക്ക വകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങൾ. പ്രവാസത്തിനായി തയ്യാറെടുക്കുന്ന ഘട്ടം, പ്രവാസകാലം, പ്രവാസം അവസാനിപ്പിച്ച് നാട്ടിലേക്ക് മടങ്ങുന്ന ഘട്ടം. ഈ മൂന്ന് ഘട്ടങ്ങളിലും കൈത്താങ്ങാവുന്ന തരത്തിലാണ് നോർക്ക പ്രവർത്തിക്കുന്നത്. പ്രവാസത്തിന് തയ്യാറെടുക്കുന്നവർക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ, പഠനത്തിനോ ജോലിക്കോ ആവശ്യമായ നൈപുണ്യവികസനം, രേഖകൾ സമർപ്പിക്കൽ, നിയമപരമായ കാര്യങ്ങളിൽ അറിവുപകരൽ തുടങ്ങിയവയിലെല്ലാം സർക്കാർ ഇടപെടലുണ്ട്. പ്രവാസകാലത്തെ വിവിധ ആവശ്യങ്ങൾക്കും മടങ്ങിയെത്തിയാൽ സംരംഭം ആരംഭിക്കുന്നതിനുമെല്ലാം സർക്കാരിന്റെ കരുതലുണ്ട്.

നോർക്ക റൂട്സ്, കേരള പ്രവാസി കേരളീയ ക്ഷേമനിധി ബോർഡ് എന്നിവ മുഖാന്തരം പ്രവാസികൾക്കായി സർക്കാർ വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രവാസി മലയാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി കേരളപ്പിറവി ദിനത്തിൽ ആരംഭിച്ച സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നോർക്കാ കെയറിൽ ഇതിനകം 1.3 ലക്ഷത്തിലധികം പ്രവാസി കേരളീയ കുടുംബങ്ങൾ എൻറോൾ ചെയ്തു. ഏകദേശം അഞ്ചുലക്ഷത്തിലധികം കേരളീയ പ്രവാസി കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും എന്ന് കണക്കാക്കുന്നു. ലോക



- ക്ഷേമപെൻഷൻ 2000 രൂപയായി വർധിപ്പിച്ചു
- 35 മുതൽ 60 വയസ്സ് വരെയുള്ള 31.34 ലക്ഷം സ്ത്രീകൾക്ക്
- പ്രതിമാസം 1000 രൂപവീതം സ്ത്രീസുരക്ഷ പെൻഷൻ
- പ്രതിമാസ ഓണറേറിയം വർധന - അങ്കണവാടി വർക്കർമാർ, ഹെൽപ്പർമാർ, ആശവർക്കർമാർ, സാക്ഷരത പ്രേരക് - 1000 രൂപ, പാചകത്തൊഴിലാളി 1100 രൂപ
- പ്രീപ്രൈമറിടീച്ചർ, ആയ വേതനം 1000 രൂപയും ഗസ്റ്റ് ലക്ചർമാരുടെ പ്രതിദിനവേതനം 2300 രൂപയായും ഉയർത്തി
- 18 മുതൽ 30 വയസ്സ് വരെയുള്ള 5 ലക്ഷം യുവജനങ്ങൾക്ക് പ്രതിമാസം 1,000 രൂപവീതം കണക്ട് ടു വർക്ക് സ്കോളർഷിപ്പ്

കേരള സഭയിൽ ഉൾപ്പെടെ ഉയർന്ന നിർദ്ദേശങ്ങൾ കൂടി ഉൾക്കൊണ്ടാണ് പദ്ധതി തയ്യാറാക്കിയതെന്നത്, പ്രവാസിസമൂഹവും കേരള സർക്കാരുമായുള്ള നിരന്തര പാരസ്പര്യത്തിന്റെ പ്രാധാന്യം എടുത്തുകാട്ടുന്നു. തിരിച്ചെത്തിയവരിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് ചികിത്സാ ധനസഹായ പദ്ധതി 'സാന്ത്വന', പ്രവാസി പുനരധിവാസ പദ്ധതിയായ 'എൻ ഡി പി ആർ ഇ എം', പ്രവാസികളുടെ ഏകോപന പുനസംയോജന പദ്ധതിയായ പ്രവാസി ഭദ്രത, തൊഴിൽ പോർട്ടൽ, നോർക്കാ വാണിജ്യകേന്ദ്രം എന്നിങ്ങനെ വിവിധ പദ്ധതികളും നോർക്ക റൂട്ട്സ് നടപ്പാക്കുന്നു.

18 വയസ്സിനും 60 വയസ്സിനും ഇടയ്ക്ക് പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുത്ത അംശദായം അടയ്ക്കുന്നവർക്ക് പ്രവാസി ക്ഷേമനിധി ബോർഡിൽ നിന്നും ആനുകൂല്യങ്ങൾ നൽകുന്നു. നിലവിൽ എട്ട് ലക്ഷത്തോളം അംഗങ്ങളും എൺപതിനായിരത്തോളം പെൻഷൻകാരുമാണുള്ളത്. പ്രതിമാസം എണ്ണായിരത്തോളം പ്രവാസികൾ പുതുതായി അംഗത്വത്തിന് അപേക്ഷിക്കുകയും രണ്ടായിരത്തോളം പേർ പുതുതായി പെൻഷന് അർഹത നേടുകയും ചെയ്തിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് ഇതിൽ വൻ വർദ്ധനവുണ്ടായ സാഹചര്യത്തിൽ പരമാവധി വേഗത്തിൽ അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിച്ചു വരികയാണ് സംസ്ഥാനം.

പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായി ജില്ലാ പ്രവാസി പരാതി പരിഹാര സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സമിതികൾ രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് പരാതികളിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രവാസി മലയാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും ക്ഷേമം ഉറപ്പാക്കുന്നതിനുള്ള കമ്മീഷനും പ്രവർത്തിച്ചു വരുന്നുണ്ട്.

ഇന്ത്യയിൽ നിന്നുള്ള കുടിയേറ്റത്തിന്റെ കൃത്യമായ കണക്കെടുക്കുന്നതിനുള്ള സംവിധാനം ഔദ്യോഗികമായി ദേശീയ തലത്തിൽ ഇതുവരെയില്ല.





ലോക കേരള സഭ



ഇക്കാര്യത്തിൽ കേരളം മെച്ചപ്പെട്ട നിലയിലാണ്. സി ഡി എസ് പോലെയുള്ള സ്ഥാപനങ്ങൾ സ്ഥിതി വിവരക്കണക്കുകൾ സമാഹരിക്കുന്നുണ്ട്. കേരള മൈഗ്രേഷൻ സർവെ പ്രകാരം 24 ലക്ഷം കേരളീയർ പ്രവാസികളാണ്. 12.52 ലക്ഷം പ്രവാസികൾ തിരിച്ചെത്തിയിട്ടുണ്ട്. തിരിച്ചെത്തുന്നവരുടെ കണക്ക് ഉയർന്നുകൊണ്ടേയിരിക്കുകയാണ്. പദ്ധതി രൂപപ്പെടുത്തലുകൾക്ക് കൃത്യമായ കണക്കുകൾ കൂടിയേ തീരൂ. മലയാളികളുടെ പ്രവാസം കേരളത്തെ ഏതെല്ലാം വിധത്തിൽ സഹായിച്ചു എന്നത് പഠനഗവേഷണങ്ങളിലൂടെ കണ്ടെത്തുന്നത് റിട്ടേൺ മൈഗ്രേഷൻ ഉൾപ്പെടെയുള്ള വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാക്കുന്ന വിധത്തിൽ നമ്മുടെ നാടിന്റെ ഭാവിയെ രൂപപ്പെടുത്തുന്നതിന് വലിയ തോതിലുള്ള സംഭാവനകൾ നൽകും. അവ തയ്യാറാക്കുന്നതിനു വേണ്ടിയുള്ള കൂടിയാലോചനകളും ലോക കേരള സഭയിലുണ്ടായിട്ടുണ്ട്.

പ്രവാസികൾ കേരളത്തോടുള്ള സ്നേഹവും കരുതലും എന്നും പ്രവൃത്തിയിലൂടെ തെളിയിച്ചവരാണ്. ഓഖിയും പ്രളയവും പോലുള്ള ദുരന്തനാളുകളിൽ ആ ബന്ധത്തിന്റെ ആഴം കേരളം അനുഭവിച്ചതുമാണ്. തിരിച്ചും ഇതേ കരുതൽ സർക്കാരിനുമുണ്ട്. പ്രവാസികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിനൊപ്പം, അവരെ കേരളത്തിന്റെ വികസനപ്രക്രിയയുടെ ഭാഗമാക്കുന്ന സമഗ്ര പ്രവാസിനയം സർക്കാരും സ്വീകരിക്കുന്നു. സഹായവും സംരക്ഷണവും മാത്രമല്ല, പ്രവാസികളുടെ അറിവും അനുഭവവും നാടിന്റെ പുരോഗതിക്കായി പ്രയോജനപ്പെടുത്തുന്ന സമീപനമാണ് കേരളത്തിന്റേത്.


പ്രവാസിസമൂഹത്തിന്റെ അറിവും അനുഭവസമ്പത്തും കേരളത്തിന്റെ ഭാവിവികസനത്തിനുകൂടി പ്രയോജനപ്പെടുത്താനും അതേസമയം അവർ പ്രവാസലോകത്ത് നേരിടുന്ന പ്രശ്നങ്ങൾ പങ്കുവയ്ക്കാനും സംസ്ഥാനത്തിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് അവയ്ക്ക് പരിഹാരം കാണാനുമുള്ള ഒരു കൂട്ടായ്മയാണ് 2018 ൽ കേരളം ലോക കേരള സഭയ്ക്ക് തുടക്കം കുറിച്ചത്. ഒന്നിക്കാം, സംവദിക്കാം, മുന്നേറാം എന്ന മുദ്രാവാക്യത്തെ മുൻനിർത്തിയുള്ള ലോക കേരള സഭയുടെ അഞ്ചാം പതിപ്പിനാണ് ഇപ്പോൾ കേരളം ആതിഥ്യം വഹിക്കുന്നത്. ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള മലയാളികളുടെ സുപ്രധാനമായ കൂട്ടായ്മയായി ഇതിനകം മാറാൻ ലോക കേരള സഭയ്ക്കായിട്ടുണ്ട്. മുൻസഭകളിൽ പ്രവാസി പ്രതിനിധികൾ മുന്നോട്ടുവച്ച പല നിർദ്ദേശങ്ങളും ശിപാർശകളും നടപ്പാക്കിയിട്ടുണ്ട്. എങ്കിലും ഇനിയും മുന്നോട്ടുപോവാനുണ്ട്.

നമ്മുടെ സംസ്ഥാനം നവകേരള സൃഷ്ടിയിൽ ഏറെ മുന്നോട്ടുപോയതിന്റെ കൂടി പശ്ചാത്തലത്തിൽ നാടിന്റെ ഭാവി വികസനത്തിൽ പ്രവാസിസമൂഹത്തിന്റെ പങ്കാളിത്തം സംബന്ധിച്ച ഗൗരവതരമായ ചർച്ചകൾ ഈ അഞ്ചാം സമ്മേളനത്തിൽ ഉയരുമെന്നും പ്രത്യാശിക്കുന്നു.

## ഉറപ്പായി ക്ഷേമപെൻഷൻ


- ക്ഷേമപെൻഷൻ 2000 രൂപയായി. 600ൽനിന്ന് 1600 രൂപയായി വർധിപ്പിച്ചത് ഒന്നാം പിണറായി വിജയൻ സർക്കാർ
- പ്രതിമാസം മുടക്കമില്ലാതെ ലഭിക്കുന്നത് 62 ലക്ഷത്തോളം പേർക്ക്
- ഈ സർക്കാർ ചെലവഴിച്ചത് ആകെ 45,517 കോടി രൂപ (2025 ഒക്ടോബർ വരെ)
- ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലയളവിൽ വിതരണം ചെയ്തത് 35,154 കോടി രൂപ (2011-16 കാലത്തെ 18 മാസത്തെ കുടിശ്ശികയുൾപ്പെടെ)
- പ്രതിവർഷ ചെലവ് 13,000 കോടി രൂപ; ഒമ്പതര വർഷം കൊണ്ട് ചെലവിട്ടത് 80,671 കോടിരൂപ.





## എം ടി വാസുദേവൻ നായർ

പ്രവാസികൾ അജ്ഞാത
ഭൂഭാഗങ്ങളിലും നാട്ടുകളിലും
ജീവിതം കെട്ടിപ്പടുക്കാൻ
ശ്രമിച്ചവരുന്നവരാണ്.
അവർക്ക് നാം നന്മ നേരുക.
അവർ ജീവിത സമരത്തിൽ
വിജയിക്കട്ടെ...



പ്രിയപ്പെട്ട എഴുത്തുകാരൻ
എം ടി വാസുദേവൻ
നായർ 2024 ജൂണിൽ
നടന്ന നാലാം
ലോക കേരള സഭയ്ക്ക്
ആശംസകളർപ്പിച്ച്
നൽകിയ സന്ദേശം.
2024 ഡിസംബർ 25ന്
എംടി അന്തരിച്ചു.

# അതിരുകളില്ലാത്ത കേരളം



**എ.എൻ. ഷംസീർ**
സ്പീക്കർ, കേരളനിയമസഭ

**കേരളത്തിന്റെ വികസനക്കുതിപ്പിൽ, നവകേരള നിർമ്മിതിയിൽ പ്രവാസികളുടെ പങ്ക് ഔപചാരികമായി അംഗീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ് ലോക കേരള സഭ.**

നൂറ്റാണ്ടുകളായി വിദേശരാജ്യങ്ങളിൽ തൊഴിലും ജീവിതവും കരുപ്പിടിപ്പിക്കുന്ന മലയാളികൾ കേരളത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വളർച്ചയിൽ നിർണ്ണായക പങ്കുവഹിക്കുന്നവരാണ്. അവരുടെ അറിവും കഴിവും അനുഭവസമ്പത്തും സംസ്ഥാന വികസനത്തിനുവേണ്ടി ക്രിയാത്മകമായി ഉപയോഗപ്പെടുത്തുക എന്ന ചിന്തയിൽ നിന്നാണ് പ്രവാസികളായ മലയാളികൾക്കായുള്ള ഒരു പൊതുവേദി എന്ന നിലയിൽ ലോക കേരള സഭ സാക്ഷാത്കരിക്കപ്പെടുന്നത്.

കേരളത്തിന്റെ വികസനക്കുതിപ്പിൽ, നവകേരള നിർമ്മിതിയിൽ പ്രവാസികളുടെ പങ്ക് ഔപചാരികമായി അംഗീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ് ലോക കേരള സഭ.

## അതിദരിദ്രരില്ലാത്ത നാട്

- കേരളപ്പിറവി ദിനത്തിൽ കേരളം അതിദരിദ്രരില്ലാത്ത ആദ്യ സംസ്ഥാനമായി
- കൈപിടിച്ചുയർത്തിയത് അതിദരിദ്രരായ 64,006 കുടുംബങ്ങളെ
- ഭക്ഷണം, സുരക്ഷിത ഭവനം, ആരോഗ്യം, വരുമാനം എന്നിവ ഉറപ്പാക്കി
- ഓരോ കുടുംബത്തിന്റെയും ദുരിത കാരണങ്ങൾക്ക് ഹ്രസ്വകാല-ഇടക്കാല-ദീർഘകാല മൈക്രോ പ്ലാനിലൂടെ പരിഹാരം

ഇതിലൂടെ സംസ്ഥാനവും പ്രവാസി സമൂഹവും തമ്മിലുള്ള ബന്ധത്തിന് പുതിയ അർഥതലം കൈവരുന്നു എന്നത് പ്രതീക്ഷ പകരുന്നു. ലോക കേരള സഭ പ്രായോഗികമായ കൊടുക്കൽ വാങ്ങലുകളുടെ സഭ കൂടിയാണ്. പ്രവാസി മലയാളികൾക്ക് അവരുടെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും സർക്കാരിന് മുന്നിൽ അവതരിപ്പിക്കാനുള്ള അവസരം സഭയിലൂടെ ലഭ്യമാകുന്നുണ്ട്. തൊഴിൽ, നിയമസംരക്ഷണം, പുനരധിവാസം, സാമൂഹിക സുരക്ഷ തുടങ്ങിയ വിഷയങ്ങൾ ലോക കേരള സഭയിൽ ആഴത്തിൽ ചർച്ച ചെയ്യും. ഇതിലൂടെ പ്രവാസി സമൂഹത്തിന്റെ ആശങ്കകൾ ദുരീകരിക്കാൻ സാധിക്കും. നയരൂപവൽക്കരണങ്ങൾക്ക് വേദിയായി മാറും.

വിവിധ രാജ്യങ്ങളിലെ പ്രവാസി മലയാളികളുടെ സംഘടനകളും പ്രതിനിധികളും ലോക കേരള സഭയിൽ കൈകോർക്കും. അവരിലൂടെ കിനിഞ്ഞിറങ്ങുന്ന അനുഭവങ്ങളുടെ നീരുറവകൾ ഒരു മഹാപ്രവാഹമായി മാറുന്ന വേദിയായി സഭ മാറും. അവിടെനിന്നും കേരളത്തിന് ആഗോളതലത്തിലെ മികച്ച മാതൃകകൾ ഉൾക്കൊള്ളാൻ കഴിയും. ഈ ആശയവിനിമയത്തിലൂടെ സംസ്ഥാനത്തിന്റെ വികസന കാഴ്ചപ്പാട് കൂടുതൽ വിപുലവും അർഥവത്തുമാവും.


ലോക കേരള സഭയിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളോടൊപ്പം നിയമസഭാംഗങ്ങൾ, സാമൂഹിക, സാംസ്കാരിക രംഗത്തെ പ്രമുഖർ, വ്യവസായികൾ തുടങ്ങിയവർ പങ്കാളികളാവും. പ്രവാസി മലയാളികളുടെ നിക്ഷേപസാധ്യതകൾ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും ലോക കേരള സഭ ഉതകും. വ്യവസായം, സ്റ്റാർട്ടപ്പുകൾ, ടൂറിസം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ പ്രവാസികളുടെ പങ്കാളിത്തം വർധിപ്പിക്കാൻ ഇതിലൂടെ സാധിക്കും. സാംസ്കാരിക മേഖലയിൽ ഉണർവുണ്ടാക്കാനും ലോക കേരള സഭ നിമിത്തമാവും. ഭാഷ, സാഹിത്യം, കല തുടങ്ങിയ രംഗങ്ങളിൽ പ്രവാസികളുടെ സംഭാവനകൾ വളർത്തിയെടുക്കാനുള്ള ശ്രമങ്ങൾ സാധിതമാകും.

പ്രവാസികളായ യുവജനങ്ങളെ നവകേരള നിർമ്മിതിയുമായി ബന്ധിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് ലോക കേരള സഭയിൽ ഊന്നൽ കൊടുക്കും. പുതുതലമുറയുടെ കഴിവുകളും അറിവുകളും കേരളത്തിന്റെ ഭാവിവികസനത്തിന് മുതൽക്കൂട്ടാക്കി മാറ്റാനുള്ള പരിശ്രമമാണ് വളർത്തിയെടുക്കപ്പെടേണ്ടത്.

നമ്മൾ ഉയർത്തിപ്പിടിക്കുന്ന ജനാധിപത്യത്തിന്റെ പരിധി കേരളത്തിന്റെ അതിർത്തിക്കപ്പുറത്തേക്ക് വളർത്തിയെടുക്കാൻ ലോക കേരള സഭയിലൂടെ സാധിക്കും എന്നത് പ്രതീക്ഷയുടെ നാളമാണ്. കേരളത്തിന്റെ വികസനപാതകളിൽ പുതിയ ഏടുകൾ എഴുതിച്ചേർക്കാൻ ലോക കേരള സഭയിലൂടെ സംസ്ഥാനത്തിന് കഴിയും. കേരളം എന്നത് കേരളത്തിനകത്തും പുറത്തുമുള്ള എല്ലാ കേരളീയരുടേതുമാണെന്ന ബോധ്യം ഊട്ടിയുറപ്പിക്കാൻ ലോക കേരള സഭയിലൂടെ സാധിക്കട്ടെ.



# നേതാക്കൾ പ്രതിഭകൾ കൂടിക്കാഴ്ചകൾ



മുഖ്യമന്ത്രി പിണറായി വിജയനും ഖത്തർ വിദേശകാര്യ മന്ത്രാലയത്തിലെ അന്താരാഷ്ട്ര സഹകരണ സഹമന്ത്രി മറിയം ബിൻത് അലി ബിൻ നാസർ അൽ മിസ്നാദുമായുള്ള കൂടിക്കാഴ്ച




## വിഴിഞ്ഞം

ആഗോള സമുദ്ര വാണിജ്യഭൂപടത്തിൽ കേരളത്തെ അടയാളപ്പെടുത്തി 2025 മെയ് 2 നു വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഔദ്യോഗികമായി കമ്മിഷൻ ചെയ്തു. കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക സമ്പദ് വ്യവസ്ഥയിലെ ഉജ്വലമായ പുതിയ നാൾവഴികളിലേക്കുള്ള സുപ്രധാന തുടക്കമായിരുന്നു അത്. 2015-ൽ കേരള സർക്കാർ അദാനി ഗ്രൂപ്പുമായി പൊതു മേഖല-സ്വകാര്യ പങ്കാളിത്ത മോഡലിൽ (PPP) വിഴിഞ്ഞം തുറമുഖം വികസിപ്പിക്കാൻ കരാർ ഒപ്പുവച്ചു. 2023 ഒക്ടോബറിൽ ചൈനയിൽ നിന്നുള്ള ക്രെയിനുകളുമായി 'ഷെൻ ഹുവ 15 എ' ചരക്കു കപ്പൽ തീരത്ത് നങ്കൂരമിട്ടതോടെ വിഴിഞ്ഞം തുറമുഖപദ്ധതി യാഥാർഥ്യമാവുന്നതിനു തുടക്കമായി.

തുറമുഖത്തിന്റെ രണ്ടാം ഘട്ട നിർമാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 2026 ജനുവരി 24നു മുഖ്യമന്ത്രി നിർവഹിക്കുന്നു. 10000 കോടിയുടെ നിർമാണപ്രവർത്തനങ്ങൾ പൂർത്തിയാവുന്നതോടെ തുറമുഖത്തിന്റെ വാർഷികശേഷി 15 ലക്ഷം ടിഇയുവിൽ നിന്ന് 50 ലക്ഷം ടിഇയു ആയി വർധിക്കും.




KIIFB
GOVERNMENT OF KERALA
London
Stock Exchange


Les flux










ന്യൂയോർക്കിലെ ടൈംസ് സ്‌ക്വയറിൽ ലോക കേരള സഭ അമേരിക്ക സോണൽ മീറ്റിംഗിന്റെ പൊതുസമ്മേളനം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നു




## ദേശീയ പാത

മുംബൈ മുതൽ കന്യാകുമാരി വരെ നീളുന്ന ദേശീയ പാത 66 ന്റെ വികസനം കേരളത്തിന്റെ ദീർഘകാലമായുള്ള ആവശ്യമാണ്. മഞ്ചേശ്വരം തലപ്പാടി മുതൽ കാരോട് തമിഴ്നാട് അതിർത്തി വരെ നീളുന്ന പാതയുടെ വികസനത്തിനായുള്ള ശ്രമങ്ങൾ ദേശീയപാതാ അതോറിറ്റി ആരംഭിച്ചു. എന്നാൽ ഭൂമി ഏറ്റെടുക്കലിലെ കാലതാമസം ചൂണ്ടിക്കാട്ടി 2015-ൽ ദേശീയ പാതാ അതോറിറ്റി പദ്ധതി ഉപേക്ഷിക്കുന്നതായി പ്രഖ്യാപിച്ചു. 2016-ൽ പിണറായി വിജയൻ സർക്കാരാണ് പദ്ധതി തിരികെ കൊണ്ടുവരാനുള്ള ശ്രമങ്ങൾ ആരംഭിച്ചത്. ചർച്ചകൾക്കും സമ്മർദങ്ങൾക്കും ഒടുവിൽ കേരളത്തിന്റെ ശ്രമങ്ങൾ ഫലം കണ്ടു. 2019-ൽ ദേശീയപാത വികസന പദ്ധതി നടപ്പിലാക്കണമെന്ന കേരളത്തിന്റെ ആവശ്യം അംഗീകരിച്ചു.

സ്ഥലം ഏറ്റെടുക്കലിന്റെ 25 ശതമാനം കേരളം വഹിക്കണമെന്ന നിബന്ധനയോടെയാണ് കേന്ദ്രം പദ്ധതിക്ക് അംഗീകാരം നൽകിയത്. പശ്ചാത്തല വികസന രംഗത്ത് വൻ കുതിപ്പ് മുന്നിൽ കണ്ട് സംസ്ഥാന സർക്കാർ ഈ. നിർദേശം അംഗീകരിക്കുകയായിരുന്നു.





ല ഫ്രഞ്ച് അംബാസിഡർ തിയെറി മതൗ മുഖ്യമന്ത്രി പിണറായി
വിജയനുമായി തിരുവനന്തപുരത്ത് കൂടിക്കാഴ്ച നടത്തുന്നു









ഷാർജ ഭരണാധികാരി ഡോ. ഷേക്ക് സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസിമി കേരളം സന്ദർശിച്ചപ്പോൾ



സംസ്ഥാന പ്രവാസികാര്യ വകുപ്പിന്റെയും നോർക്ക റൂട്ട്സിന്റെയും പ്രവർത്തനങ്ങൾ മനസിലാക്കുന്നതിനായി പഞ്ചാബ് പ്രവാസികാര്യ മന്ത്രി കുൽദീപ് സിംഗ് ധലിവാളിന്റെ നേതൃത്വത്തിലുള്ള സംഘം ക്ലിഫ് ഹൗസിൽ മുഖ്യമന്ത്രിയെ സന്ദർശിച്ചപ്പോൾ



മുഖ്യമന്ത്രിയുടെ നോർവെ സന്ദർശനത്തിൽനിന്ന്

## വാട്ടർ മെട്രോ

2023 ഏപ്രിൽ 26നാണ് കൊച്ചി വാട്ടർ മെട്രോ പ്രവർത്തനം ആരംഭിച്ചത്. പ്രതിദിന യാത്രക്കാരുടെ എണ്ണം 8000 ആണ്. ഇത് ക്രമാനുഗതമായി വർധിക്കുകയാണ്. ഡിസംബർ 28ന് റെക്കോഡ് സൃഷ്ടിച്ച് 17,058 യാത്രക്കാർ വാട്ടർ മെട്രോയിൽ സഞ്ചരിച്ചു. അതേസമയം വാട്ടർ മെട്രോ പൂർണ മായി പ്രവർത്തനക്ഷമമാകുമ്പോൾ പ്രതിദിനം 34,000 യാത്രക്കാരെയാണ് പ്രതീക്ഷിക്കുന്നത്. നിലവിൽ പദ്ധതി യുടെ നാലിലൊന്ന് ഭാഗം മാത്രമാണ് പൂർത്തിയായത്.
















ആസ്ട്രേലിയൻ കോൺസുൽ ജനറൽ സൂസൻ ഗ്രേസ് മുഖ്യമന്ത്രിയെ സന്ദർശിച്ചപ്പോൾ



കാതോരം പദ്ധതിയുടെ വിജയകരമായ നടത്തിപ്പിൽ അഭിനന്ദിക്കാൻ ആസ്ട്രേലിയൻ മുൻ ക്രിക്കറ്റ് താരം ബ്രെറ്റ് ലീ മുഖ്യമന്ത്രി പിണറായി വിജയന് ഉപഹാരം നൽകുന്നു (2018)

# Knowledge Economy and Kerala




K.M. Abraham
Chief Principal Secretary to
Chief Minister of Kerala,
Former Chief Secretary

**Kerala is attempting a development pivot that few regions manage: to turn social capital, universal literacy, strong public systems, community institutions, into jobs-first, innovation-led knowledge society**

Kerala stands apart for a quality of life comparable to developed regions - near-universal literacy rates, decades of deep decentralisation that empowers the local bodies, and a public-health system and social outcomes that routinely place the state at or near the top of national scorecards. Crucially, Kerala's human-resource bench is unusually deep: a higher-education Gross Enrolment pool primed for services and digital roles.

Yet the paradox is visible. Like many states and countries with the same developmental targets, Kerala struggles with unemployment and under-employment among the educated. Even as youth accumulate degrees, many lack industry-ready skills, while workers from other Indian states stream power construction, hospitality and services- filling skilled and unskilled roles that locals often avoid.

Against this backdrop, Kerala is attempting a development pivot that few regions manage: to turn social capital, universal literacy, strong public systems, community institutions, into jobs-first, innovation-led knowledge society. The State's flagship Kerala Knowledge Economy





Mission (KKEM) sets a clear ambition: create roughly two million gainful jobs by combining role-based globally benchmarked credentials with a statewide digital marketplace so that educated youth can find high-value work. The heart of the proposition is human resources: degrees must speak the language of jobs and women's participation must be unlocked at scale.

## Vijnana Keralam

Vijnana Keralam is the State's people-centric drive to replace episodic job fairs with a 24x7, AI-enabled placement and skilling pipeline. Instead of one-off job fairs with heavy logistics and low conversion, all activity now rides a common digital spine so employers and jobseekers can find each other every week, across districts. The goal is simple: as Kerala shifts from a welfare-led development path to a knowledge-intensive economy, it must give graduates - especially first-timers in the labour market and women returning from career breaks- need clearer, faster pathways into digital, tech-enabled and high-value services. By pushing "work-near-home" and other hyper-local models, Vijnana Keralam lowers everyday barriers like commute, childcare and safety, and keeps more educated women in the workforce.

At the core is the Digital Workforce Management System (DWMS), which profiles job seekers by qualifications, skills, and experience, matches candidates to roles in Kerala and beyond, while the Skill Delivery Platform Kerala (SDPK) provides advanced classrooms, job-fair infrastructure and telepresence delivery. A Recruit–Train–Deploy (RTD) model flips the usual sequence: employers signal hiring intent first, and candidates

### കൊച്ചി മെട്രോ

2013 ൽ നിർമാണം ആരംഭിച്ച കൊച്ചി മെട്രോ 2017ൽ പ്രവർത്തനമാരംഭിച്ചു, സംസ്ഥാനത്തെ വികസനത്തിൻറെ വേഗത്തിന് മികച്ച ഉദാഹരണമാണ് കൊച്ചി മെട്രോ റെയിൽ. വ്യവസായ നഗരത്തിലെ യാത്ര സുഗമമാക്കിയതിൽ മെട്രോയ്ക്ക് വലിയ പങ്കുണ്ട്. രാജ്യത്ത് ഏറ്റവും വേഗത്തിൽ പൂർത്തീകരിച്ച മെട്രോ പദ്ധതിയാണിത്.

കൊച്ചി മെട്രോയുടെ രണ്ടാം ഘട്ട നിർമാണം പുരോഗമിക്കുന്നു. പാലാരിവട്ടം മുതൽ ഇൻഫോ പാർക്ക് വരെയാണ് രണ്ടാം ഘട്ടം. 358 പൈലുകൾ സ്ഥാപിച്ചു. 1957 കോടി രൂപയാണ് പദ്ധതിയുടെ ചെലവ്. 11.2 കിലോമീറ്ററാണ് പാത. ചെമ്പുമുക്ക്, വാഴക്കാല, പടമുകൾ, കാക്കനാട് ജംങ്ഷൻ, കൊച്ചിൻ സെസ്, ചിറ്റേത്തുകര, കിൻഫ്ര, ഇൻഫോ പാർക്ക്, സ്മാർട്ട് സിറ്റി എന്നിവിടങ്ങളിലാണ് സ്റ്റേഷൻ. നിലവിൽ പ്രതിദിനം ഒരു ലക്ഷം യാത്രക്കാർ മെട്രോയെ ആശ്രയിക്കുന്നുണ്ട്. പ്രതിവർഷം 3.65 കോടി യാത്രക്കാർ എന്ന വലിയ നേട്ടം കൊച്ചി മെട്രോയ്ക്കുണ്ട്.



then receive short, customised training to report job-ready. Government departments, industry bodies, universities and local self-governments co-design campus skill centres and local delivery models so that registration → skilling → audition → placement runs as a single, continuous workflow.

The programme has already shown scale and speed: more than 86,000 people have secured jobs, over 1.17 lakh have received skilling support, and the employment department reports ~87% process-efficiency gains versus manual, stand-alone fairs. Statewide Skill Summits drew over one lakh online participants alongside hundreds of employers, and a focused pilot is training 20,000 students this academic year to push them to interview stage- evidence that curriculum-embedded skilling works when tied to real roles.

The playbook ahead is clear: expand work-near-home hubs and co-working nodes across districts; make industry-validated skills credit-bearing inside university programmes; and apply the same digital, data and platform methods to traditional sectors like agriculture and small manufacturing through local institutions and producer groups. Ethical, well-managed global pathways will remain available for those who choose them- but the centre of gravity is unmistakable: more and better jobs, closer to home, delivered on a connected public platform.

## KKEM Beyond Vijnana Keralam: The Wider Architecture

KKEM is more than a campaign; it is a statewide talent engine with DWMS as its backbone. What gives the digital spine real texture is a mature skill ecosystem. A coherent set of institutions turns this intent into capacity. Digital University Kerala, the country's first digital university, houses schools in computing, electronics and automation, informatics, digital





## സയൻസ് പാർക്ക് കോട്ടയം

കോട്ടയത്തെ ശാസ്ത്രസാങ്കേതിക പാർക്കാണ് സയൻസ് സിറ്റി. മുഖ്യമന്ത്രി പിണറായി വിജയൻ 2025 ജൂലൈ മൂന്നിന് സമുച്ചയം ഉദ്ഘാടനം ചെയ്തു. കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിലെ കോഴയിൽ എം സി റോഡരുകിൽ 47147 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ നിർമ്മിച്ച കെട്ടിടത്തിലാണ് കോട്ടയം സയൻസ് സിറ്റി സ്ഥിതി ചെയ്യുന്നത്. ഒന്നാം ഘട്ടത്തിൽ ശാസ്ത്രഗാലറികൾ, ത്രിമാന പ്രദർശന തീയേറ്റർ, ശാസ്ത്ര പാർക്ക്,സെമിനാർഹാൾ, ആക്ടിവിറ്റി സെന്റർ, വർക്ക്ഷോപ്പ്, ദിനോസർ എൻക്ലേവ് എന്നിവയാണ് ഉള്ളത്. രണ്ടാം ഘട്ടത്തിൽ പ്ലാനറ്റോറിയം, ടെലസ്കോപ്പ്, മറ്റ് ഗാലറികൾ തുടങ്ങിയവ ആരംഭിക്കും.

sciences and digital humanities, with a strong emphasis on AI, data, IoT and cybersecurity. The Kerala Academy for Skills Excellence (KASE) acts as the nodal agency for convergence, accrediting partners, running employability centres, and fast-tracking Centres of Excellence via its international outreach programme (iSTEP). ASAP Kerala, the Additional Skill Acquisition Programme under Higher Education, operates a network of Skill Development Centres and Community Skill Parks (CSPs) that deliver industry-curated courses, internships and employer auditions; its Advanced Skill Development Centres now take futuristic courses into engineering and polytechnic campuses. The state is steering this machinery toward sunrise sectors. ASAP has commissioned Centres of Excellence at CSPs to pipeline talent for immersive tech and e-mobility.

Deep science and health tech come together at Bio360 Life Sciences Park (Thonnakkal), KSIDC's 150-acre cluster for biotech, medical devices, agri-biotech and nutraceuticals, with shared utilities, incubation and testing. The State's Centre of Excellence in Microbiome (CoEM) and the Centre of Excellence in Nutraceuticals initiative with initial labs at the Institute of Advanced Virology- are being positioned inside this cluster to connect multi-omics, clinical nutrition, bioprocessing and regulatory skill ladders to real facilities and employers.

## Intended Outcome

Kerala's advantage has never been in cheap capital or scale manufacturing—it is in people, institutions, and trust. KKEM and Vijnana Keralam turn that advantage into an operating system for jobs: demand-led training, AI-enabled matching, work-near-home delivery, and a seamless pathway from enrolment to employment. Locking industry into co-ownership of curricula and apprenticeships, and measuring what truly matters: job conversion, wage growth, women's participation, and retention. With deep institutions like DUK, KASE, ASAP, CSPs and clusters like Bio360 anchoring biotech, med-devices, and nutraceuticals, Kerala has the scaffolding to turn skills into sectors and sectors into jobs. What emerges is a replicable public platform for prosperity where learning predictably becomes livelihood.

# വിശ്വകേരളം

പ്രഭാവർമ്മ



സഹ്യസാഗരങ്ങളല്ല
കേരളത്തിനതിരുകൾ!
വിശ്വചക്രവാളമോള-
മെത്തിടുന്നു കേരളം!
വിശ്വ കേരളം! ആഗോള കേരളം!
ലോക കേരളത്തിനായുയർന്നതീ സഭാതലം!
* * *
അറിവുകളതിരുകളില്ലാതൊഴുകും;
പ്രതിഭകൾ കൈകോർക്കും.
സർഗ്ഗാത്മകതയുടെ ദീപ്തികൾ പലതല-
മുറകളിലായ് തെളിയും.
വിശ്വമഹാസംസ്കാരം നാടിൻ
സത്തകളിൽ കലരും.


നാടിൻ മഹിമകൾ ലോകത്തിൻ ഹൃദ-
യാകാശത്തുയരും!
ജ്ഞാനത്തിന്റെ മഹാകാശങ്ങളി-
ലൊരു സൂര്യൻ വിരിയും.
വിശ്വമഹാപൗരത്വത്തിൻ വര-
മുദ്രകൾ നാമണിയും.
നാടിൻ നന്മയ്ക്കിനിയൊരു മനമാ-
യൊരുമയിൽ നാമുണരും.
കേരളനാടിൻ സർവോൽക്കർഷം
സഫലതയായ് തെളിയും.

ലോകകേരളസഭയുടെ മുദ്രാഗാനം



ലോക കേരള സഭ

# പ്രവാസി പങ്കാളിത്തത്തിന്നൊരു ആഗോളമാതൃക





**പി. ശ്രീരാമകൃഷ്ണൻ**
റസിഡന്റ് വൈസ് ചെയർമാൻ
നോർക്ക റൂട്ട്സ്

**ഇച്ഛാശക്തിയുള്ള ഒരു സർക്കാരും ആഗോള മലയാളി സമൂഹത്തിന്റെ വൈദഗ്ധ്യവും ഒത്തുചേരുമ്പോൾ കേരളത്തിന്റെ ഭാവി വികസനത്തിന് അത് പുതിയൊരു ദിശ നൽകുന്നു**


ലോകത്തിന്റെ വൈജ്ഞാനിക ഭൂപടത്തിൽ മലയാളി സാന്നിധ്യമില്ലാത്ത ഒരു മേഖലയും ഇന്നില്ല. ഗവേഷണം സംരംഭം, സേവനമേഖല എന്നുതുടങ്ങി എല്ലാ മേഖലകളിലും മലയാളി തന്റെ നൈപുണ്യം കൊണ്ട് അടയാളപ്പെടുത്തുന്നു. ഈ പ്രവാസി സമൂഹത്തെ കേൾക്കുക, അവരുടെ അറിവും അനുഭവവും കേരള വികസനത്തിനായി ഏകോപിപ്പിക്കുക എന്ന ദീർഘവീക്ഷണമാണ് 'ലോക കേരള സഭ' എന്ന ആശയത്തിന് പിന്നിലുള്ളത്. നോർക്കയുടെ കീഴിൽ സംസ്ഥാനസർക്കാർ രൂപം നൽകിയ ലോക കേരള സഭ ലോകത്തിലെ തന്നെ ആദ്യത്തെ അർധ-നിയമനിർമ്മാണ മാതൃകയിലുള്ള പ്രവാസി കൂട്ടായ്മയാണ്. കേവലം ഒരു ആഘോഷമോ ഒത്തുചേരലോ അല്ല, മറിച്ച് നയരൂപവൽക്കരണത്തിൽ പ്രവാസി മലയാളികളുടെ ജനാധിപത്യപരമായ ഇടപെടലുകൾ ഉറപ്പാക്കുന്ന ഒരു സ്ഥിരം സംവിധാനം കൂടിയാണ് രണ്ട് വർഷത്തിൽ ഒരിക്കൽ നടത്തപ്പെടുന്ന സഭ. ലോക കേരള സഭയുടെ ഏറ്റവും വലിയ പ്രത്യേകത അതിന്റെ വൈവിധ്യമാണ്. ആഗോളതലത്തിൽ സംഭാവനകൾ നൽകുന്ന പ്രവാസി പ്രമുഖർ, വിദേശ മലയാളി സംഘടനാപ്രതിനിധികൾ തുടങ്ങി ഗാർഹിക തൊഴിലാളികൾ വരെ ഈ വേദിയിൽ സർക്കാരുമായി നയരൂപവൽക്കരണ ചർച്ചകളിൽ ഏർപ്പെടുന്നു എന്നത് ഈ സംവിധാനത്തിന്റെ വികേന്ദ്രീകൃത വൈവിധ്യം എടുത്തുകാട്ടുന്നു. 2018-ൽ സ്ഥാപിതമായി അഞ്ചാം പതിപ്പിലെത്തുമ്പോൾ, 125-ഓളം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളുമായി കേരള നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ ഇത്തവണ നാം ഒത്തുചേരുന്നു.

അറിവിന്റെ ഉൽപ്പാദനവും വിനിമയവുമാണ് ഒരു ആധുനിക സമൂഹത്തിന്റെ വളർച്ചയുടെ ചാലകശക്തി. ലോകത്തിന്റെ ഏത് കോണിലും മലയാളി സാന്നിധ്യമുണ്ട് എന്നതിനേക്കാൾ പ്രധാനമാണ്, ആ സാന്നിധ്യം അവിടങ്ങളിലെ സേവന-ഗവേഷണ-വികസന മേഖലകളിൽ

### ലൈഫ് സയൻസസ് പാർക്ക്

കേരളത്തിലെ ആദ്യത്തെ ലൈഫ് സയൻസസ് പാർക്ക് ആണ് തിരുവനന്തപുരം തോന്നയ്ക്കലിലെ ബയോ 360. പാർക്കിന്റെ രണ്ടാം ഘട്ട വികസനത്തിനു 128.5 ഏക്കർ (52.0 ഹെ) സർക്കാർ ഏറ്റെടുത്തു. ലൈഫ് സയൻസസ്, ബയോടെക്നോളജി,നാനോ ടെക്നോളജി, ബയോ ഇൻഫോർമാറ്റിക്സ്, ബയോമെഡിക്കൽ ഉപകരണങ്ങൾ, ഫാർമസ്യൂട്ടിക്കൽസ് എന്നീ മേഖലകളിലെ ഇൻകുബേഷൻ, ആർ & ഡി, നിർമ്മാണം എന്നിവയാണ് ഇവിടെ നടക്കുക.

എത്രത്തോളം നിർണ്ണായകമാണ് എന്നത്. കേരളസർക്കാർ വിഭാവനം ചെയ്യുന്ന നവകേരള നിർമിതിക്കായി പ്രവാസി പ്രൊഫഷണലുകളുടെ അറിവും അനുഭവസമ്പത്തും അനിവാര്യമാണ്. ലോകത്ത് എവിടെയാണെങ്കിലും തങ്ങൾ നിൽക്കുന്ന മണ്ണിൽ തനതായ വ്യക്തിമുദ്ര പതിപ്പിക്കുമ്പോഴും കേരളം എന്ന വികാരത്തെയും സ്വത്വത്തെയും ഹൃദയത്തോട് ചേർത്തുപിടിക്കുന്ന അതിവിദഗ്ധരായ പ്രവാസി സമൂഹത്തെ നയരൂപവൽക്കരണത്തിൽ ഉൾപ്പെടുത്തുവാനും അവരുടെ വൈദഗ്ധ്യം നാടിനായി പ്രയോജനപ്പെടുത്താനുമുള്ള കുടിയേറ്റം വർധിച്ചുവരികയാണ്. എന്നാൽ കണക്കുകൾക്കപ്പുറം പ്രവാസം എന്നത് വലിയൊരു സാമൂഹിക പ്രക്രിയയാണ്. അവിടെയാണ് പ്രവാസി അനുഭവങ്ങളെ കേൾക്കേണ്ടത് അനിവാര്യമായി മാറുന്നത്. ഈ അനിവാര്യതയുടെ സാക്ഷാത്കാരമാണ് ലോക കേരള സഭ. ലോകമെങ്ങും മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ അതിവിദഗ്ധ പ്രവാസി സമൂഹത്തിന്റെ അറിവ്, അനുഭവം, നൈപുണ്യം എന്നിവയുടെ വിനിമയ സാധ്യതകളെപ്പറ്റി ചർച്ച ചെയ്യുവാനും അവയിൽ മികച്ച മാതൃകകൾ കേരളത്തിൽ പ്രാവർത്തികമാക്കുവാനും രൂപയിലധികം വരുന്ന പ്രവാസി നിക്ഷേപം നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറയെ ഭദ്രമാക്കുന്നു. സംസ്ഥാനത്തിന്റെ ഭാവി വികസനത്തിനായുള്ള അനന്തസാധ്യതകൾ തേടുന്നതിൽ പ്രവാസി കേരളീയർ നൽകുന്ന കൈത്താങ്ങ് കേവലം സാമ്പത്തികമല്ല, മറിച്ച് അത് നവകേരള നിർമ്മിതിയുടെ നട്ടെല്ലാണ്. ലോക കേരള സഭ ലക്ഷ്യമിടുന്നത് വെറും സാമ്പത്തിക നിക്ഷേപമല്ല, മറിച്ച് വിജ്ഞാന കേരളം എന്ന ലക്ഷ്യത്തിലേക്കുള്ള ചവിട്ടുപടിയാണ്. പ്രവാസികൾ ആഗോളതലത്തിൽ



കേരളസർക്കാരിന്റെ ഇച്ഛാശക്തിയുടെ പ്രതിഫലനമാണ് ലോക കേരള സഭ.

കേരള മൈഗ്രേഷൻ സർവെ (KMS) പുറത്തുവിടുന്ന ആധികാരികമായ കണക്കുകൾ ആണ് നയരൂപവൽക്കരണത്തിൽ നമുക്ക് കരുത്ത് പകരുന്നത്. സർവെ സൂചിപ്പിക്കുന്നത് പോലെ കുടിയേറ്റത്തിന്റെ സ്വഭാവത്തിൽ വലിയ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. ഗൾഫ് മേഖലയിൽ നിന്നുള്ള പ്രവാസം സ്ഥിരതയാർജിക്കുമ്പോൾ യൂറോപ്പ്, അമേരിക്ക, കാനഡ തുടങ്ങിയ രാജ്യങ്ങളിലേക്കുള്ള വിദ്യാർഥികളുടെയും വിദഗ്ധ തൊഴിലാളികളുടെയും കഠിനാധ്വാനം കൊണ്ട് പ്രവാസി മലയാളികൾ കെട്ടിപ്പടുത്ത ഒരു അന്താരാഷ്ട്ര ശൃംഖലയെയും സൽപേരിനെയും അംഗീകരിക്കുവാനും കഴിയുന്ന ഈ സംവിധാനം മൂന്നാം ലോകരാഷ്ട്രങ്ങൾക്കുള്ള കേരളസർക്കാരിന്റെ ബദൽ മാതൃകയാണ്. ക്ഷേമപദ്ധതികളിൽ ഊന്നിനിന്ന് പ്രവാസി സമൂഹത്തിനെ ചേർത്തുനിർത്തി എങ്ങനെ വികസനം സാധ്യമാക്കാം എന്നതിന് ഉദാത്തമായ മാതൃകയാണ്. പ്രതിവർഷം കേരളത്തിലേക്ക് ഒഴുകുന്ന വിദേശനാണ്യത്തിൽ ഏകദേശം ഒരുലക്ഷം കോടി നേടിയെടുത്ത നെറ്റ്‌വർക്കുകൾ കേരളത്തിലെ സംരംഭങ്ങളുമായും ഗവേഷണങ്ങളുമായും ബന്ധിപ്പിക്കുന്നതിലൂടെ വലിയൊരു സാമൂഹിക പരിവർത്തനമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## പ്രവാസികൾക്ക് ഒരു സുരക്ഷാകവചം

നോർക്ക എന്ന സങ്കല്പം ഇന്ന് കേവലം ഒരു വകുപ്പിൽ നിന്നും പ്രവാസത്തിന്റെ എല്ലാ ഘട്ടങ്ങളിലും കൂടെ നിൽക്കുന്ന ഒരു സുരക്ഷാകവചമായി വളർന്നിരിക്കുന്നു.ആയിരത്തിൽ അധികം പ്രവാസി സംഘടനകൾ

നോർക്കയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രവാസി ക്ഷേമനിധിബോർഡ്, പ്രവാസി പരാതി പരിഹാരത്തിനായി രൂപീകരിച്ച എൻ.ആർ.ഐ കമ്മിഷൻ തുടങ്ങി നോർക്കയുടെ ഏകോപനത്തിൽ നടക്കുന്ന സാമൂഹിക സുരക്ഷാപദ്ധതികൾ പ്രവാസികളോടുള്ള സർക്കാരിന്റെ കരുതലിന് തെളിവാണ്. തൊഴിലിനെയും സേവനത്തെയും മൂലധന വർധനയ്ക്കായുള്ള കേവല ഉൽപന്നം മാത്രമായി കാണുന്ന ആഗോള വിപണിയിൽ ലോകത്തിലെ പ്രമുഖ തൊഴിൽദാതാക്കളുമായി ഉഭയകക്ഷി കരാറുകളിൽ ഏർപ്പെട്ടുകൊണ്ട് സുരക്ഷിതമായ കുടിയേറ്റവും നൈപുണ്യവികസനവും നോർക്ക ഉറപ്പാക്കുന്നു. നവലിബറൽ നയങ്ങൾക്കിടയിലും ക്ഷേമപദ്ധതികൾക്ക് ഊന്നൽ നൽകുന്ന ഒരു സംസ്ഥാനസർക്കാരിന് പ്രവാസി പ്രൊഫഷണലുകളുടെ അറിവ് കൂടി ചേർത്തുവെച്ചുകൊണ്ട് എങ്ങനെ വികസനത്തിന്റെ പുതിയ മാതൃകകൾ സൃഷ്ടിക്കാമെന്ന് നാം ലോകത്തിന് കാട്ടിക്കൊടുക്കുന്നു. സുരക്ഷിത കുടിയേറ്റം, ക്ഷേമ പദ്ധതികൾ, പരാതി പരിഹാര സംവിധാനം, പുനരധിവാസം തുടങ്ങി എല്ലാ മേഖലകളിലും നോർക്ക ഇന്ന് സുതാര്യമായ ഇടപെടലുകൾ നടത്തുന്നു. തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസവും അവരുടെ അനുഭവസമ്പത്ത് നാടിനായി ഉപയോഗപ്പെടുത്തലും ലക്ഷ്യമിട്ട് സ്ഥാപിച്ച 'പ്രവാസി മിഷൻ' ആണ് ലോക കേരള സഭയിലൂടെ നിർദേശിക്കപ്പെട്ട് നോർക്ക നടപ്പിലാക്കിയ സമീപകാല പദ്ധതി. കുടുംബശ്രീ കേരളത്തിൽ വരുത്തിയ വിപ്ലവകരമായ സാമൂഹിക മുന്നേറ്റത്തിന് സമാനമായ ഒരു ജനകീയ ഇടപെടലാണ് പ്രവാസി മിഷനിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. അതുപോലെതന്നെ വയോജന സൗഹൃദപരമായ സമൂഹത്തെ രൂപപ്പെടുത്താനായി കുടുംബശ്രീയുമായി കൈകോർക്കുന്നതിനും നോർക്ക ലക്ഷ്യമിടുകയാണ്. ലോകമാകെയുള്ള പ്രവാസികൾക്കും കുടുംബങ്ങൾക്കും ആരോഗ്യരക്ഷ ഉറപ്പുവരുത്തുന്ന ലോകത്തിലെ തന്നെ ആദ്യ പദ്ധതിയായിരിക്കും നോർക്ക കെയർ. ഇത്തരത്തിൽ ലോക കേരള സഭയിലൂടെ വരുന്ന നിർദേശങ്ങൾ നോർക്കയുടെ മുന്നോട്ടുള്ള ചുവടുകൾക്ക് നയരൂപവൽക്കരണ ശക്തി പകരുന്നു.

മൈഗ്രേഷൻ ഗവേണൻസ് കാഴ്ചപ്പാടിൽ ഒരു സബ്-നാഷണൽ ഗവൺമെന്റ് (സംസ്ഥാന സർക്കാർ) രൂപം നൽകിയ ലോകത്തിലെ തന്നെ ആദ്യത്തെ സമഗ്ര പ്ലാറ്റ്ഫോമാണ് നോർക്ക. കുടിയേറ്റത്തെ കേവലം വ്യക്തിചരമായ ഒരു യാത്രയായോ അതിജീവനമായോ കാണുന്നതിന് പകരം, അതിനെ ഭരണകൂടത്തിന്റെ ഉത്തരവാദിത്വമായി ഏറ്റെടുക്കുന്ന 'കേരളമാതൃക ഇന്ന് ലോകത്തിന് തന്നെ വലിയൊരു മാതൃകയാണ്. സുസ്ഥിര അന്താരാഷ്ട്ര കുടിയേറ്റ നിയമങ്ങളും സാമൂഹിക സുരക്ഷയും ഉറപ്പാക്കി, വിദേശരാജ്യങ്ങളിലെ തൊഴിൽ വിപണികളുമായി നേരിട്ട് സംവദിക്കാനുള്ള കേരളത്തിന്റെ ഈ ശേഷി സമാനതകളില്ലാത്തതാണ്. നവലിബറൽ നയങ്ങൾ ലോകമെമ്പാടും പൗരന്മാരുടെ സുരക്ഷാകവചങ്ങൾ ഇല്ലാതാക്കുമ്പോൾ, യാത്ര തിരിക്കുന്നതു മുതൽ തിരികെ എത്തുന്നതുവരെയും തിരിച്ചു എത്തിയതിനു ശേഷം ജീവിതസന്ധാരണത്തിനായും ഉള്ള ഒരു സംവിധാനമാണ് ഇവിടെ സർക്കാർ ഒരുക്കുന്നത്. ദീർഘവീക്ഷണമില്ലാത്ത വിചാരണകൾ സഭയെ വെറും 'ധൂർത്ത്' എന്നതിലേക്ക് ചുരുക്കി കാണുമ്പോൾ കേന്ദ്ര പ്രവാസികാര്യ വകുപ്പിന്റെ പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സമീപകാല റിപ്പോർട്ടുകളിൽ ലോക കേരള സഭയെ മറ്റു സംസ്ഥാനങ്ങൾക്ക് ഒരു മാതൃകാ പ്ലാറ്റ്ഫോമായി പ്രശംസിക്കുന്നു.

സ്വന്തം കഴിവും പ്രയത്നവും കൊണ്ട് ലോകത്തിന് കേരളത്തെ പരിചയപ്പെടുത്തുന്ന നമ്മുടെ ബ്രാൻഡ് അംബാസഡർമാരായ പ്രവാസികളെ അംഗീകരിക്കുക എന്നത് ഒരു പരിഷ്കൃത സമൂഹത്തിന്റെ കടമയാണ്. ഇച്ഛാശക്തിയുള്ള ഒരു സർക്കാരും ആഗോള മലയാളി സമൂഹത്തിന്റെ വൈദഗ്ധ്യവും ഒത്തുചേരുമ്പോൾ കേരളത്തിന്റെ ഭാവി വികസനത്തിന് അത് പുതിയൊരു ദിശ നൽകുന്നു. വിജ്ഞാന സമ്പദ് വ്യവസ്ഥയിലേക്കുള്ള കേരളത്തിന്റെ മാറ്റത്തിൽ പ്രവാസികളെ ചേർത്തുപിടിക്കുന്ന ഈ ജനാധിപത്യവേദി വരുംതലമുറയ്ക്കുള്ള കേരള സർക്കാരിന്റെ നിക്ഷേപമാണ്. ജനാധിപത്യം നിശ്ചലമായ ഒരു പ്രതിഭാസമല്ല. കാലഗതിക്കനുസരിച്ച് അത് മാറിവരും, അഥവാ വരണം. ആ നിലയിലും ലോകത്തിനു മുന്നിൽ കേരളം നൽകുന്ന ഉദാത്തമായ അനുഭവമാണ് ലോക കേരള സഭ.


## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി

തോന്നയ്ക്കൽ സയൻസ് പാർക്കിൽ കേരള ബയോടെക്നോളജി കമ്മീഷൻ സ്ഥാപിച്ച 500 കോടി രൂപയുടെ പ്രൊജക്റ്റ് ആണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, കേരള. വൈറോളജിയിൽ പിജി ഡിപ്ലോമ, പിഎച്ച്ഡി എന്നിവയുൾപ്പെടെ അക്കാദമിക് ബിരുദങ്ങൾ സ്ഥാപനം നൽകുന്നുണ്ട്. വൈറസുകളെയും വൈറൽ അണുബാധകളെയും കുറിച്ച് പഠിക്കാനുള്ള ഉയർന്ന ഗവേഷണ സൗകര്യങ്ങൾ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ ഉൾപ്പെടുന്നു. ആന്റിവൈറൽ മരുന്നുകൾ, വാക്സിനുകൾ, മോളിക്യുലർ ഡയഗ്നോസ്റ്റിക് ഉപകരണങ്ങൾ എന്നിവ വികസിപ്പിക്കാനുള്ള സൗകര്യം ഇൻസ്റ്റിറ്റ്യൂട്ടിൽ ഉണ്ട്. ഗ്ലോബൽ വൈറസ് നെറ്റ്വർക്കിന്റെ ഒരു യൂണിറ്റും ഇൻസ്റ്റിറ്റ്യൂട്ടിൽ ഉണ്ട്.

# MESSAGE



Justice K G Balakrishnan
Former Chief Justice of India,
Former Chairperson, National Human Rights Commission of India
Chairperson, Justice Balakrishnan Commission of Inquiry



New Delhi
19 January, 2026

The Loka Kerala Sabha, a formal initiative of the State Government of Kerala is an important platform for our brothers and sisters abroad, to belong, depend and contribute to our great state.

The upcoming fifth edition, scheduled for January 29-31, 2026, is a testament to the enduring success of this vision. The Malayali community has always been characterized by its resilience, intellectual rigor, and deep-seated empathy. Whether in the Gulf, Europe, or the Americas, the diaspora remains the backbone of our state's economy and a beacon of our cultural values.

I commend the State Government of Kerala for creating this platform.

I wish the fifth edition of the Loka Kerala Sabha every success. May this gathering further strengthen the ties of brotherhood and continue to foster a collaborative spirit for the progress of Kerala.

With warm regards

Justice K.G. Balakrishnan

# MESSAGE

Justice Dr. Cyriac Joseph
Former Judge, Supreme Court of India
Former Acting Chairman, NHRC of India
Former Lok Ayukta, Kerala





I am very happy to learn that the Fifth Edition of Loka Kerala Sabha will be held from 29th to 31st January 2026. It cannot be disputed that the Loka Kerala Sabha started in 2018, has made valuable contributions to connect the Malayali Diaspora across the globe. Having taken a decision to hold the Fifth Edition, it is the duty of the organisers to make every effort to conduct it successfully with active participation of members, meaningful deliberations and practical decisions. Every endeavour should be made to ensure that the Loka Kerala Sabha is not only for the elite or the rich but also for the common man. People expect the visionary leaders of the Loka Kerala Sabha to identify and correct the mistakes, if any, of the past and to improve the quality of service to the people by rectifying the deficiencies and short comings.

I believe that success of the Loka Kerala Sabha will be beneficial to the people and that it's failure will be a big loss to them. I wish all success to the Fifth Edition of Loka Kerala Sabha.

Justice Cyriac Joseph

# LKS
# Kerala's Imaginative Innovation

Dr. Shashi Tharoor
Member of Parliament (Lok Sabha), Thiruvananthapuram
Chairman, External Affairs Committee of Parliament



The Loka Kerala Sabha stands among Kerala's most imaginative and consequential democratic innovations, a forum that recognises a defining truth of our age: that Malayali identity transcends the limits of geography while remaining firmly anchored in Kerala's rich civilisational inheritance. By convening legislators, policymakers, and voices from the global Malayali diaspora, the Sabha has transformed distance into dialogue and dispersion into a shared sense of purpose.

Since its inception in 2018, the Loka Kerala Sabha has provided a resonant platform for the aspirations, anxieties, and accomplishments of Keralites across continents. It has deepened emotional bonds, enriched public discourse, and reaffirmed Kerala's enduring commitment to an inclusive worldview-one that embraces global engagement while remaining steadfast in its dedication to social justice, cultural pluralism, and human development.

As the fifth edition of the Loka Kerala Sabha assembles in 2026, it is both timely and fitting to reflect upon this remarkable journey of connection and cooperation. In an increasingly fractured world, Kerala's engagement with its diaspora offers a persuasive and humane model of participatory democracy and shared responsibility.

I commend the Government of Kerala for nurturing this visionary platform and extend my warm wishes for its continued relevance and success in the years to come.



# **Beyond Borders** Non-Residents for a New Kerala




Dr. V K Ramachandran
Vice Chairman, Planning Board

**Kerala is presently positioned to use NRI expertise, investment, and global connections to support a more productive and innovation-driven economy.**



Migrants are an integral part of Kerala's social life and participate actively in the State's economy, society, and culture. Under the present Government of Kerala, the diaspora has shown a higher level of confidence and willingness to engage with the State. This has been evident in several initiatives, including the establishment of the Loka Kerala Sabha, a unique forum that enables members of the diaspora to participate in debates, contribute to social processes, and discuss issues related to migration and migrants.

Remittances constitute a substantial share of Kerala's Gross State Domestic Product and are a key driver of economic growth. According to the Kerala Migration Survey (2023), remittance inflows to Kerala amounted to Rs



2,16,893 crore, accounting for 20 per cent of total NRI remittances to India. These inflows have expanded markets and increased demand for a wide range of goods and services produced in the State. Remittances contribute directly to household consumption, education, healthcare, housing, and savings, and have reinforced Kerala's consumption-led growth model. Higher purchasing power has stimulated demand in sectors such as housing, retail, tourism, healthcare, education, and financial services.

NRI deposits form a stable and significant component of Kerala's banking sector, strengthening financial inclusion and the availability of credit. At the household level, remittances have reduced poverty, improved living standards, and supported inter-generational mobility. The steady inflow of foreign income has also contributed to Kerala's relatively high human development indicators.

The Government of Kerala has developed a comprehensive framework to support non-resident Keralites. The Department of Non-Resident Keralites' Affairs (NORKA) and the Kerala Pravasi Welfare Board provide structured support through pension schemes, medical and family assistance, death assistance, and educational support for children. The NORKA Department Project for Return Emigrants (NDPREM) promotes sustainable livelihoods through self-employment. The Pravasi Bhadrata scheme was introduced to assist return migrants who lost





employment during the Covid-19 pandemic. The NORKA Business Facilitation Centre serves as a single-window facility for NRI investors, while the Pravasi Legal Aid Cell provides legal assistance on issues related to employment, documentation, and social and legal matters. Pravasi Sanghams play an important role in disseminating information about these schemes. NRI capital has been directed towards knowledge-based industries, startups, healthcare, tourism, and green sectors.

Malayalis living and working abroad contribute to Kerala's global presence through their professional work and social interactions, reflecting the State's emphasis on education, secularism, and social responsibility. At the same time, migration has influenced Kerala's social fabric, with exposure to global contexts shaping lifestyles, aspirations, and social norms. Tertiary education, particularly professional and technical training aligned with international labour markets, has gained greater importance.

International experience indicates that credible and trusted governments can mobilise overseas populations to save, invest, and contribute to development. Kerala is presently positioned to use NRI expertise, investment, and global connections to support a more productive and innovation-driven economy.

## ആരോഗ്യരംഗത്തെ ദേശീയമാതൃക

ഏറ്റവും കൂടുതൽ സൗജന്യചികിത്സ ലഭ്യമാകുന്ന സംസ്ഥാനം

2021 മുതൽ ഇതുവരെ 25.17 ലക്ഷം പേർക്ക് 8136 കോടി രൂപയുടെ സൗജന്യ ചികിത്സ

കോഴിക്കോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റിന് 643.88 കോടി രൂപയുടെ ഭരണാനുമതി. അവയവദാന മേഖലയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനാണ് ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നത്.

രാജ്യത്തെ ഏറ്റവും കുറഞ്ഞ വിലയിൽ കാൻസർ പ്രതിരോധ മരുന്നുകൾ

ശിശുമരണനിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനം

അപൂർവരോഗം ബാധിച്ച കുട്ടികൾക്ക് സൗജന്യ മരുന്ന് വിതരണം; രാജ്യത്താദ്യം. ഒരു ഇഞ്ചക്ഷന്റെ വില ഒരുലക്ഷത്തിനു മുകളിൽ, വീട്ടിൽ സൗജന്യമായി ഡയാലിസിസ് ചെയ്യാനുള്ള സൗകര്യം 14 ജില്ലകളിലും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി/ ഒപി സമയം വൈകീട്ട് ആറ് വരെ നീട്ടി.

വീട്ടിലിരുന്ന് ഒപി ടിക്കറ്റ് എടുക്കാം.

ഇ ഹെൽത്ത് സംവിധാനം ആയിരത്തിലധികം ആരോഗ്യസ്ഥാപനങ്ങളിൽ

സർക്കാർ മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിച്ചു

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മുലപ്പാൽ ബാങ്ക്, സ്കിൻ ബാങ്ക്, ആധുനിക മദർ-ന്യൂബോൺ യൂണിറ്റ്, പുതിയ കാത്ത്ലാബ്

സമഗ്രസാന്ത്വന പരിചരണം ഉറപ്പാക്കി കേരള കെയർ സാന്ത്വന പരിചരണ പദ്ധതി



# Loka Kerala Sabha
## Empowering Diaspora





Yusuff Ali M.A.
Vice-Chairman, NORKA ROOTS

I am very happy that Information Public Relations department is bringing out a Coffee Table Book in connection with the 5th edition of Loka Kerala Sabha.

As we all know, Loka Kerala Sabha, started in the year 2018, is a biennial event hosted by the Government of Kerala under the leadership of Hon'ble Chief Minister and under the aegis of NORKA ROOTS to bring together Non-Resident Keralites under one common platform for their cultural, socio-political and economic integration.

It is indeed a great acknowledgement that The Ministry of External Affairs, highlighted in the Parliamentary Standing Committee's recent recommendations, recognizes the Loka Kerala Sabha as a vital platform that empowers diaspora community to play an active role in shaping policies that impact their lives.

I wish the 5th edition of loka Kerala Sabha all success.

# നാട്ടുമായുള്ളത് പൊക്കിൾക്കൊടിബന്ധം


രവി പിള്ള
ഡയറക്ടർ, നോർക്ക റൂട്ട്സ്




**പ്രവാസികൾ നാടുമായി പുലർത്തുന്ന പൊക്കിൾക്കൊടി ബന്ധമാണ് നാടിന്റെ സാമ്പത്തിക സാമൂഹിക ഊർജമായി പ്രവഹിച്ചുകൊണ്ടിരിക്കുന്നത്.**

സാഹചര്യങ്ങൾക്കനുസരിച്ച് ആവശ്യാനുസരണം ഇടപെടുന്നവരാണ് ചരിത്രം നിർമ്മിക്കുന്നത്. കേരളത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ അഭിവൃദ്ധി, പുരോഗതി, കൂട്ടായ്മ എന്നീ വാക്കുകളോട് ചേർത്ത് വായിക്കേണ്ടതാണ് പ്രവാസവും പ്രവാസിയും.

ആഗോളതലത്തിൽ ചിന്തിക്കുമ്പോൾ കേരളീയരുടെ പ്രവാസം അതിജീവനകലയുടെയും സ്വയം നിർമ്മാണപ്രക്രിയയുടെയും ഒരു ഉത്തമ ഉദാഹരണമാണ്. സ്നേഹം ആഘോഷിക്കപ്പെടുന്നത് നല്ല ബന്ധങ്ങളിലൂടെയാണ്. പ്രവാസികൾ നാട്ടുമായി പുലർത്തുന്ന പൊക്കിൾക്കൊടി ബന്ധമാണ് നാടിന്റെ സാമ്പത്തിക സാമൂഹിക ഊർജമായി പ്രവഹിച്ചുകൊണ്ടിരിക്കുന്നത്. ലോകമാകെ പടർന്നുനിൽക്കുന്ന പ്രവാസി സമൂഹം തങ്ങളുടെ പ്രവൃത്തിയിലൂടെ ഈ വിശ്വലോകത്തെ കൂടുതൽ കൂടുതൽ പ്രകാശഭരിതമാക്കിയിരിക്കുകയാണ്.

പിറന്ന മണ്ണിനോടും വളർത്തിയ നാടിനോടും പ്രവാസ സമൂഹം പുലർത്തുന്ന കരുതലും കരുണയും കാവലും കാലത്തിനു തന്നെ മാതൃകയും ലോകത്തിന് പുതിയ ഊർജവുമാണ് പ്രദാനം ചെയ്യുന്നത്. വിജയം എന്ന വാക്കിന്റെ വർത്തമാനകാലത്തെ അർഥം നമ്മുടെ പൂർണ സാധ്യതയിൽ ജീവിക്കുക എന്നതാണ്. അങ്ങനെ നിരന്തരം സാധ്യതകൾ പര്യവേക്ഷണം ചെയ്യുന്ന ഞാനുൾപ്പെടുന്ന കേരളീയ പ്രവാസി സമൂഹം നമ്മുടെ നാടിന്റെ ഭാവി കൂടിയാണ്.

കേരളത്തിന്റെ എല്ലാ പ്രയാസഘട്ടങ്ങളിലും പ്രവാസികൾ കേരളത്തോടൊപ്പമുണ്ടെന്നതിൽ നമുക്ക് അഭിമാനിക്കാം. കുടിയേറ്റത്തിന്റെ രൂപവും ഭാവവും ഘടനയും മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ പ്രവാസിക്ഷേമത്തിന്റെ പുതിയ മാതൃകകൾ സൃഷ്ടിക്കുന്ന കേരളസർക്കാരിന്റെ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. ലോക കേരള സഭക്ക് പ്രവാസത്തെ കൂടുതൽ വർണാഭമാക്കാൻ കഴിയട്ടെ എന്നാശംസിക്കുന്നു.

ലോക കേരള സഭക്ക് എല്ലാവിധ ആശംസകളും നേരുന്നു.

## വ്യവസായ സൗഹൃദ റാങ്കിങ്ങിൽ ഒന്നാമത്

- വ്യവസായ നയം പ്രഖ്യാപിച്ചു, ഇന്ത്യയിലെ ആദ്യ ഇഎസ്ജി നയം, ലോജിസ്റ്റിക്സ് നയം, കയറ്റുമതി പ്രോത്സാഹന നയം, ഹൈടെക് വ്യവസായ ചട്ടക്കൂട് എന്നിവ പുറത്തിറക്കി
- കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി നിർമ്മാണനടപടികൾ ആരംഭിച്ചു
- കെൽട്രോണിന് 1200 കോടിയുടെ റെക്കോഡ് വിറ്റുവരവ്
- കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാനം ഏറ്റെടുത്ത വെള്ളൂർ പേപ്പർ പ്രോഡക്റ്റ്സ് ലിമിറ്റഡ്, കാസർഗോഡ് KEL EML എന്നിവയുടെ ശക്തമായ തിരിച്ചുവരവ്, 27 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ
- സംരംഭക വർഷം പദ്ധതി: മൂന്നര ലക്ഷം സംരംഭങ്ങൾ, 7.5 ലക്ഷത്തിലധികം തൊഴിലവസരങ്ങൾ, ഒരു ലക്ഷത്തിലധികം വനിതാ സംരംഭകർ





പ്രവാസം

# ഒരു സംസ്കാര പരാഗണം

സച്ചിദാനന്ദൻ

**കേരളത്തിനു വെളിയിൽ ജീവിക്കുന്ന കേരളീയർ നമ്മുടെ സമ്പത്തിനും സംസ്കാരത്തിനും നൽകുന്ന അമൂല്യമായ സംഭാവനകൾ പരിഗണിക്കാതെ നമുക്ക് ഇന്ന് മലയാളിജീവിതത്തെക്കുറിച്ച് സംസാരിക്കാനേ ആവില്ല.**

മലയാളിയുടെ ജീവിതം, സംസ്കാരം, സാഹിത്യം ഇവയിലെല്ലാം പ്രവാസവും പ്രവാസികളും മായാത്ത മുദ്ര പതിപ്പിച്ചിട്ടുണ്ട്. പ്രവാസം എന്ന സംജ്ഞ ഇവിടെ ഉപയോഗിക്കുന്നത് കേരളത്തിന്റെ സന്ദർഭത്തിൽ ആകയാൽ കേരളത്തിന് പുറത്ത് ഇന്ത്യയിലെ ഇതരപ്രദേശങ്ങളിലെയും വിദേശങ്ങളിലെയും താമസത്തെ ഉദ്ദേശിക്കുന്നുണ്ട്. കൊളംബുകാർ, പെനാങ്കുകാർ, മലയക്കാർ, ഗൾഫുകാർ, അമേരിക്കൻ മലയാളികൾ എന്നൊക്കെ പറയും പോലെ കേരളീയർ, പൂനക്കാർ, ബോംബെക്കാർ, ഡൽഹിക്കാർ എന്നും മറ്റും പറയാറുണ്ടല്ലോ. ഭൂഖണ്ഡങ്ങൾ കടന്ന സാംസ്കാരിക പരാഗണം പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ തന്നെ ഇന്ത്യയിൽനിന്നു പുറത്തേക്കുള്ള കുടിയേറ്റം ആരംഭിച്ചിരുന്നു. അതിൽ മലയാളികളും ഉണ്ടായിരുന്നു. എന്നാൽ ഇരുപതാം നൂറ്റാണ്ടിലാണ് വിദ്യാഭ്യാസവും അതിലേറെ തൊഴിലും, തേടിയുള്ള ആ പ്രവാഹത്തിന് ആക്കം വർധിച്ചത്. അങ്ങിനെ പോകുന്നവരുടെ സ്വഭാവം മാറിക്കൊണ്ടിരുന്നു എന്നത് ശരി തന്നെ. ആദ്യമാദ്യം ഏറെയും ഗൃഹസ്ഥരും നഴ്സുമാരും പട്ടാളക്കാരും മറ്റുമായിട്ടായിരുന്നു മലയാളികൾ അധികവും പുറത്തു ജോലി ചെയ്തിരുന്നതെങ്കിൽ പിന്നീട് സവിശേഷമായ തൊഴിൽ വൈദഗ്ധ്യമുള്ളവർ, ഡോക്ടർമാർ, എൻജിനീയർമാർ, ബിരുദാനന്തരബിരുദമെടുത്തവർ, വ്യവസായികൾ, വിവര സാങ്കേതികവിദ്യാവിദഗ്ധർ ഇങ്ങിനെ


ഭിന്നവിഭാഗങ്ങളിൽപ്പെട്ടവർ പുതിയ ജീവിതവും സൗഭാഗ്യവും അന്വേഷിച്ച് കേരളത്തിന് പുറത്തേക്ക് പോകാൻ തുടങ്ങി.


ഇന്ന് സ്ഥാനപതികളും നയതന്ത്ര ഉദ്യോഗസ്ഥരും മുതൽ പ്രൊഫസർമാരും വൻസംരംഭകരും വരെ പ്രവാസിമലയാളികളിൽ ഉണ്ട്. ഇവർ കേരളത്തിലേക്ക് കൊണ്ടു വരുന്നത് ധനം മാത്രമല്ല, സംസ്കാരങ്ങളും സാഹിത്യവും കലകളും എല്ലാമാണ്.

പ്രവാസികളെ സ്പർശിക്കാതെ ഇന്നു നമുക്ക് കേരളത്തെയോ കേരളസംസ്കാരത്തെയോ കുറിച്ചുള്ള അർഥവത്തായ ഒരു ചർച്ചയും സാധ്യമല്ല. മലയാളിസംഘടനകൾ ഇല്ലാത്ത ഒരു നാട്ടുംലോകത്തുണ്ടെന്നു തോന്നുന്നില്ല. ഞാൻ സഞ്ചരിച്ച ആറു ഭൂഖണ്ഡങ്ങളിലുമുള്ള നിരവധി നാട്ടുകളിൽ മലയാളിസംഘടനകൾ

സ്വന്തം സംസ്കാരഭൂമിയിൽനിന്ന് അവർ വിട്ടു പോന്നിരിക്കുന്നു. എന്നാൽ മുഴുവനായും അവർ ചെന്നെത്തിയ നാടിന്റെ സംസ്കാരത്തിന്റെ ഭാഗം ആകുന്നുമില്ല. എന്നാൽ ഇത് ഒരു ദുരനുഭവമല്ല. മറിച്ച് സർഗാത്മകതയ്ക്ക് പ്രചോദനമേകുന്ന ഒരവസ്ഥയാണ്. സ്മൃതികൾ അവിടെ സർഗാത്മകമാകുന്നു; പുതിയ കാഴ്ചപ്പാടുകൾ വികസിക്കുന്നു; സ്വത്വങ്ങളുടെ ബഹുലതയിൽ ഭാവന ചിറകു വിടർത്തുന്നു, പുതിയ കർതൃത്വങ്ങൾ രൂപപ്പെടുന്നു. പ്രാദേശികസംസ്കൃതിയുടെ സൃഷ്ടിയായ ശരീരം മറ്റൊരു സംസ്കൃതിയിലൂടെ ചലിക്കുന്നു. ഗൃഹാതുരത്വവും വർത്തമാന യാഥാർഥ്യവും സൃഷ്ടിപരമായ സംഘർഷ -സമന്വയങ്ങളിൽ ഏർപ്പെടുന്നു.

പ്രവാസികളായ എഴുത്തുകാർ പല രീതികളിലാണ്



ഉള്ളതായി എനിക്കു നേരിട്ടറിയാം. ഈ സംഘടനകൾ നടത്തുന്നത് ഒരു സംസ്കാരപരാഗണമാണ്. മലയാളഭാഷ, മലയാളിയുടെ വീക്ഷണങ്ങൾ, കലകൾ, സാഹിത്യം, ആഘോഷങ്ങൾ ഇവയൊക്കെ അവർ മറുനാട്ടുകളിൽ പുനഃസൃഷ്ടിക്കുന്നു. അങ്ങിനെ അനേകം കേരളങ്ങൾ ഇന്നു ലോകത്തുണ്ട്.

മാറിപ്പാർക്കുന്നവരുടെ മൂന്നാമിടം നാട്ടിൽ നിന്ന് മാറി പാർക്കുന്നവർ ഒരു മൂന്നാമിടത്തിൽ - തേഡ് സ്പേസ് -ആണെന്ന് സാഹിത്യചിന്തകൻ ഹോമി ഭാഭ പറയുന്നുണ്ട്.

മൂന്നാമിടത്തെ സമീപിക്കാറുള്ളത്. പലപ്പോഴും അവർ വിട്ടുപോന്ന നാടിന്റെ ഓർമയെ മിഥകവത്കരിക്കുന്നു. ഒ.വി. വിജയൻ ഒരു സാധാരണ പാലക്കാടൻ ഗ്രാമമായ തസറാക്കിനെ ഐതിഹാസിക മാനങ്ങളുള്ള ഖസാക്ക് ആക്കി മാറ്റുന്നു. എം. മുകുന്ദന്റെ മയ്യഴിപ്പുഴയുടെ തീരങ്ങളിലെ മയ്യഴി മാഹിക്കാർ അറിയുന്ന മാഹിക്കും അപ്പുറം ചിലതു കൂടിയാകുന്നു. എൻ. എസ്. മാധവൻ ലന്തൻ ബത്തേരിയിലെ ലുത്തീനിയകളിൽ സൃഷ്ടിക്കുന്ന ലോകം വൈപ്പിൻ ദ്വീപിന്റെ ദൈനംദിനമല്ല

## പട്ടികവിഭാഗക്ഷേമം ഉന്നതിയിൽ

1246 ഉന്നതികളിൽ അംബേദ്കർ ഗ്രാമവികസന പദ്ധതികൾ

ഭൂമി ലഭ്യമാക്കൽ പദ്ധതിക്ക് അപേക്ഷിക്കുന്ന തിനുള്ള പ്രായപരിധി 55ൽ നിന്നും 70 ആയും വരുമാനപരിധി ഒരുലക്ഷം രൂപയായും ഉയർത്തി

45505 കുടുംബങ്ങൾക്ക് ഭൂമി നൽകി.

അപൂർണ്ണഭവനങ്ങളുടെ പൂർത്തീകരണത്തിന് സേഫ് പദ്ധതി. 52,104 പട്ടികജാതി ഭവനങ്ങളും 26,910 പട്ടികവർഗ ഭവനങ്ങളും നവീകരിച്ചു

പ്രീപ്രൈമറി മുതൽ പി.എച്ച്.ഡി. വരെ പ്രതിവർഷം 15 ലക്ഷം വിദ്യാർഥികൾക്ക് സ്കോളർഷിപ്പുകൾ

1104 വിദ്യാർഥികൾക്ക് വിദേശ പഠനത്തിനായി 213.86 കോടി രൂപ ചെലവിട്ടു

സംരംഭക വികസനത്തിന് സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി, 91 സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ

പഠനമുറി പദ്ധതിയിൽ കേന്ദ്രീയ വിദ്യാലയ വിദ്യാർഥികളെയും ഉൾപ്പെടുത്തി

40236 വീടുകളിൽ പഠനമുറി ഗോത്രവിഭാഗത്തിൽനിന്ന് 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ




പ്രതിഫലിപ്പിക്കുന്നത്. മറിച്ച് ചെന്ന ഇടങ്ങളെ പുതുതായി കണ്ടെത്തുന്ന രീതിയും ചിലപ്പോൾ കാണാം. വി കെ എൻ ആരോഹണത്തിലോ, മുകുന്ദൻ, ഡൽഹി, ഡൽഹി ഗാഥകൾ തുടങ്ങിയ നോവലുകളിലോ എൻ എസ് മാധവൻ വന്മരങ്ങൾ വീഴുമ്പോൾ എന്ന കഥയിലോ നിർമിക്കുന്ന ഡൽഹി, അല്ലെങ്കിൽ ആനന്ദിന്റെ ആൾക്കൂട്ടത്തിലോ എൻ എസ് മാധവന്റെ മുംബൈയിലോപ്രതിഫലിക്കുന്ന ബോംബെ (അഥവാ, മറിച്ച് ഒരുദാഹരണം വേണമെങ്കിൽ, കെ . ആർ . മീരയുടെ ആരാച്ചാരിലെ കൊൽക്കൊത്ത) ആ നഗരങ്ങളുടെ ജീവിതത്തിന്റെ വെറും രേഖാങ്കനമല്ല, മറിച്ച് അവിടങ്ങളെ പ്രവർത്തിപ്പിക്കുന്ന അധികാരഘടനകളിലേക്കുള്ള

അഥവാ ഗൾഫിൽ നിന്ന് റാം മോഹൻ പാലിയത്ത്, സർജ്ജു, കമറുദ്ദീൻ ആമയം തുടങ്ങിയവർ എഴുതുന്ന കവിതകളിലും, പി. കെ.പാറക്കടവ്, ടി. വി. കൊച്ചുബാവ തുടങ്ങിയവരുടെ കഥകളിലും ഈ സംഭാഷണം നടക്കുന്നു. ഭാഷയുടെ തലത്തിലുമുണ്ട് ഈ സംവാദം. കമറുദ്ദീന്റെ കവിതകളിലെ അറബ് പദങ്ങളുടെ ഉപയോഗം, കോവിലന്റെയും വിജയന്റെയും കഥാലോകത്തിൽ കാണുന്ന പല ഭാഷകളുടെ മിശ്രണം ഇവയെല്ലാം ഉദാഹരണങ്ങൾ. എം. ഗോവിന്ദൻ മദിരാശിയിൽ ജീവിച്ചതു കൊണ്ടുകൂടിയാണ് അദ്ദേഹത്തിന്റെ കവിതകളുടെ ശൈലി തമിഴിനോട് അടുപ്പമുള്ളതായത്. ചില എഴുത്തുകാരിൽ കാണുന്ന നഗരവിമർശനവും പ്രവാസവുമായിബന്ധപ്പെട്ട താണ്-

പല കഥകളിലും മരുഭൂമികൾ ഉണ്ടാകുന്നത്, ഗോവർധന്റെ യാത്രകൾ തുടങ്ങിയ നോവലുകളിലും കൃത്യമായ സ്ഥലങ്ങളുടെ അടയാളങ്ങൾ മാഞ്ഞു പോകുന്നു. സേതുവിന്റെ പാണ്ഡവപുരം ഒരു കല്പിതസ്ഥലമാണ്. സക്കറിയ ഡൽഹിയിൽ വെച്ചെഴുതിയ പല കഥകളിലും- ഒരിടത്ത്, അ എന്ന വേട്ടക്കാരൻ - ഒരു സാങ്കല്പികസ്ഥലം ആണ് മനുഷ്യാവസ്ഥയുടെ അരങ്ങായി കാണുന്നത്. വിജയന്റെ തലമുറകൾ പല രാജ്യങ്ങളിലാണ് അരങ്ങേറുന്നത്, മുകുന്ദന്റെ നൃത്തവും അതെ. മലയാളത്തിൽ നോവലിനെ ദേശീയമാക്കിയത്-ചിലപ്പോൾ അന്തർദേശീയവും- പ്രവാസികളാണ്:

കോവിലൻ, പാറപ്പുറത്ത്, ഏകലവ്യൻ, നന്തനാർ, വി. കെ.എൻ, ആനന്ദ്,









സൂക്ഷ്മയാത്രകളാണ്. ബെന്യാമിന്റെ ആടുജീവിതം, ഗൾഫ് ജീവിതത്തിന്റെ അന്നോളം അനാവൃതമാകാത്ത ഒരു ഇരുണ്ട വശം വായനക്കാർക്കു മുൻപിൽ തുറന്നുവയ്ക്കുന്നു.

## സംസ്കാരങ്ങളുടെ സംഗമം

ചില കൃതികളിൽ രണ്ടു സംസ്കാരങ്ങളുടെ സംഗമം ആണ് കാണുക. അമേരിക്കയിൽ നിന്ന്, സിനിമാനിർമാതാവ് കൂടിയായ കെ.സി. ജയൻ എഴുതുന്ന കവിതകളിൽ,

ചെറിയാൻ കെ ചെറിയാൻ, (ജീവിതം എന്ന ബോറ് ) കടമ്മനിട്ട രാമകൃഷ്ണൻ (മാമ്പൂക്കൾ) ആറ്റൂർ രവിവർമ്മ (നഗരത്തിൽ ഒരു യക്ഷൻ) തുടങ്ങിയ ഉദാഹരണങ്ങൾ കാണുക. ഇവ മൂന്നും കവികൾ കേരളത്തിന് പുറത്തു ജീവിച്ചപ്പോൾ എഴുതിയവയാണ്. ചിലരിൽ പ്രവാസം പ്രദേശത്തെ മായ്ച്ചു കളയുന്ന രീതിയിൽ പ്രവർത്തിക്കുന്നു. മാധവിക്കുട്ടിയുടെ കഥകൾ പലതും എവിടെയും നടക്കാവുന്നവയാണ്. ആനന്ദിന്റെ


വിജയൻ ഇങ്ങനെഎത്രയോ പേർ. പ്രദേശത്തിൽ നിന്ന് അകന്നു നിൽക്കുമ്പോൾ എഴുത്തുകാർ പ്രാദേശികജീവിതത്തിന്റെ മുമ്പ് കാണാതിരുന്ന നന്മകൾക്കൊപ്പം തിന്മകളും കാണുന്നു. എനിക്ക് ഡൽഹിവാസം ഈ അനുഭവങ്ങൾ എല്ലാം നൽകിയിട്ടുണ്ട്. ഇവിടെ വന്നതുകൊണ്ടാണ് ഞാൻ മലയാളം ഉൾപ്പെടെ കേരളസംബന്ധിയായ ഏറെ കവിതകൾ എഴുതിയത്; ഒപ്പം തന്നെ ഡൽഹിയെക്കുറിച്ചും


ഉത്തരേന്ത്യൻ ഭക്തികവികളെക്കുറിച്ചും ഹിന്ദുസ്ഥാനി സംഗീതത്തെക്കുറിച്ചും മറ്റുമുള്ള കവിതകളും ഈ നഗരം എഴുതിച്ചു. കേരളീയജീവിതത്തിന്റെ ദൗർബല്യങ്ങൾ കാണാനുള്ള കണ്ണും പ്രവാസം എനിക്ക് നൽകി.

## വിസ്തൃതമാകുന്ന അനുഭവ ചക്രവാളം

പട്ടാളക്കഥ പോലെ മറ്റൊരു ഭാഷയിലും ഇല്ലാത്ത ഒരു സാഹിത്യവിഭാഗം തന്നെ പ്രവാസി എഴുത്തുകാർ നമുക്ക് നൽകി. ഒപ്പം അവർ നമ്മുടെ സാഹിത്യത്തിന്റെ അനുഭവചക്രവാളങ്ങളെ വിസ്തൃതമാക്കി. അമേരിക്കയുടെയും ഇംഗ്ലണ്ടിന്റെയും പശ്ചാത്തലത്തിലുള്ള അനേകം കഥകളും നോവലുകളും അവിടത്തെ എഴുത്തുകാർ എഴുതിയിട്ടുണ്ട്- അവ കേരളത്തിൽ ഏറെ

എത്രയോ ഇന്ത്യൻ-ഇംഗ്ലീഷ് എഴുത്തുകാരെയും സൃഷ്ടിച്ചത് പ്രവാസമാണ്. ചില പ്രവാസികൾ ഒന്നാംതരം വിവർത്തനങ്ങൾ നമുക്ക് നൽകി. നോവലിസ്റ്റ് കൂടിയായ വിലാസിനി തർജമ ചെയ്ത കുരുടൻ മൂങ്ങ, സർജു പരിഭാഷ ചെയ്ത അറബിക്കവിതകൾ തുടങ്ങിയ കൃതികൾ ഉദാഹരണം. സ്വയം നല്ല കഥാകാരിയായ മാനസിയും ബോംബെയിൽ താമസിച്ചിരുന്ന കാളിയത്ത് ദാമോദരനും മറാഠിയിൽ നിന്നും, ലീലാ സർക്കാർ, എം എൻ സത്യാർഥി തുടങ്ങിയവരും കേരളത്തിൽ പ്രവാസിയായി ജീവിച്ച നിലീന അബ്രഹാമും ബംഗാളിയിൽ നിന്നും ചെയ്ത തർജമകളും ഓർക്കാം. കേരളത്തിൽ താമസിക്കുന്ന രാജസ്ഥാൻകാരിയായ രതി സക്സേന മലയാളത്തിൽ നിന്ന് പല കവികളെയും- അയ്യപ്പപണിക്കർ, ഒ. എൻ. വി, സച്ചിദാനന്ദൻ- ഹിന്ദിയിൽ പരിഭാഷ



അറിയപ്പെടുന്നില്ലെങ്കിലും. മുസാഫിർ, പി കെ പാറക്കടവ്, ബാബു ഭരദ്വാജ്, ഇങ്ങിനെ ഗൾഫ് പശ്ചാത്തലത്തിൽ വെച്ച് അനുഭവവിവരണങ്ങളും കഥകളും എഴുതിയവരേയും നമുക്ക് ഇവിടെ ഓർക്കാം.

## ഇംഗ്ലീഷ് എഴുത്തുകാർ വിവർത്തകർ

മീനാ അലക്സാണ്ടർ, കമലാദാസ്, ശശി തരൂർ, അനിതാ നായർ, ജയശ്രീ മിശ്ര, അനീസ് സലിം, അരുന്ധതി റോയ്, മനു ജോസഫ്, ജീത് തയ്യിൽ, മനു എസ് പിള്ള തുടങ്ങി

ചെയ്തിട്ടുണ്ട്. കർണാടകയിൽ താമസിക്കുന്ന സുധാകരൻ രാമന്തളി, അനന്തമൂർത്തി, ചന്ദ്രശേഖര കംബാർ തുടങ്ങിയവരുടെ നല്ല കന്നഡ നോവലുകൾ മലയാളത്തിൽ ആക്കിയിട്ടുണ്ട്. എസ്. കെ. നായർ കമ്പരാമായണത്തിന്റെ ഭാഗങ്ങൾ തർജമ ചെയ്തത് മദിരാശിയിൽ വെച്ചാണ്. എം ടി എൻ നായർ, എൽ ആർ സ്വാമി തുടങ്ങിയവർ തെലുങ്കിൽ നിന്ന് മലയാളത്തിലേക്കും തിരിച്ചും ചെയ്ത പരിഭാഷകൾ വേറെ . ജർമനിയിൽ താമസിക്കുന്ന ജോസ് പുന്നാംപറമ്പിൽ, പകുതി സമയം ജർമനിയിലായ അന്നക്കുട്ടി


ഒന്നായി തുടരാം
നവകേരളത്തിലേക്ക്

### കടലോര ജനതയ്ക്ക് കരുതൽ

മത്സ്യത്തൊഴിലാളികൾക്കായി 2450 കോടി രൂപയുടെ പുനർഗേഹം പുനരധിവാസ പദ്ധതി

പൂർത്തിയായത് 2625 വീടുകളും 738 ഫ്ളാറ്റുകളും, 1271 വീടുകളും 788 ഫ്ളാറ്റുകളും നിർമ്മാണത്തിൽ

മത്സ്യത്തൊഴിലാളി ഇൻഷ്വറൻസ് പരിരക്ഷ 5 ലക്ഷത്തിൽ നിന്നും 10 ലക്ഷമാക്കി

മത്സ്യത്തൊഴിലാളി വിദ്യാർഥികൾക്ക് സ്കോളർഷിപ്പിന് 25 കോടി രൂപ അനുവദിച്ചു

**4 മത്സ്യബന്ധന തുറമുഖങ്ങൾ പൂർത്തിയാക്കി:** മഞ്ചേശ്വരം, കൊയിലാണ്ടി, താനൂർ, വെള്ളയിൽ.

**4 എണ്ണം നിർമ്മാണം പുരോഗമിക്കുന്നു:** അർത്തുങ്കൽ, ചെത്തി, പരപ്പനങ്ങാടി, പൊഴിയൂർ.

**വിപുലീകരണം:** മുതലപ്പൊഴി, കാസർഗോഡ്



ഫിൻഡസ്സ് എന്നിവർ ഒട്ടേറെ മലയാള കൃതികൾ ജർമൻ ഭാഷയിൽ പരിഭാഷ ചെയ്തിട്ടുണ്ട്.

## പ്രവാസം: ആധുനികതയുടെ ഉത്ഭവം

മലയാളകഥയിൽ ആധുനികത ആവിർഭവിച്ചതു തന്നെ പ്രവാസികളിൽ നിന്നാണ്. ഒ.വി വിജയൻ, കാക്കനാടൻ, എം. മുകുന്ദൻ, സക്കറിയ, പുനത്തിൽ കുഞ്ഞബ്ദുള്ള, സേതു, വി. കെ. എൻ, മാധവിക്കുട്ടി, എം. പി നാരായണപിള്ള. ആനന്ദ് തുടങ്ങിയവർ അറുപതുകളിൽ കേരളത്തിന് പുറത്തുള്ള നഗരങ്ങളിലാണ് ജീവിച്ചിരുന്നത്.

നഗരാനുഭവങ്ങൾ, അവിടെ അനുഭവിച്ച നിസ്സഹായതയും  ഏകാന്തതയും, ഭിന്നസംസ്കാരങ്ങളുമായുള്ള ഏറ്റുമുട്ടൽ, ഭ്രഷ്ടജനങ്ങളുമായുള്ള സമ്പർക്കം, ഗൃഹാതുരത ഇവയെ ഒക്കെയാണ് അവർ അസ്തിത്വവ്യഥയും സംത്രാസവും സംഘർഷവും നൈരാശ്യവുമായി മാറ്റിയെഴുതിയത്.

എൻ എസ് മാധവൻ, എൻ ടി ബാലചന്ദ്രൻ, ടി വി കൊച്ചുബാവ, കൃഷ്ണൻ പറപ്പിള്ളി, തിലകൻ, പാപ്പനംകോട്ട് പ്രഭാകരൻ, ബാലകൃഷ്ണൻ മങ്ങാട്, അസ്മോപുത്തൻചിറ തുടങ്ങിയവർ മുതൽ സിതാര, ഷിഫ, പ്രഭാ സക്കറിയാസ്, ദീപാ നിശാന്ത്, സോഫി ഷാജഹാൻ, ഡോണ മയൂര, ലാസർ ഷൈൻ, അനിൽകുമാർ, പ്രതീഷ്, ലതീഷ് മോഹൻ, സഹീറാ തങ്ങൾ, ജോഷി ജോസഫ്...ഇങ്ങനെ എത്രയോ പേരുകൾ പെട്ടെന്ന് ഓർമയിൽ വരുന്നു. ബ്ലോഗുകളിൽ എഴുതുന്ന നൂറുകണക്കിന് എഴുത്തുകാർ വേറെയും ഉണ്ട്. എം എൻ പാലൂരിന്റെ വിമാനത്താവളത്തിൽ ഒരു കവി, വലിയ ഹോട്ടൽ, ചെറിയാൻ കെ ചെറിയാന്റെ ജീവിതമെന്ന ബോറ്, കണ്ണാടിജ്ജനൽ തുടങ്ങിയ കവിതകളും മാധവൻ അയ്യപ്പത്തിന്റെ സ്വപ്നതുല്യമായ ആദ്യകാലകവിതകളും നഗരപശ്ചാത്തലത്തിൽ നിന്നുണ്ടായവയാണ്.

കവിതയിൽ വ്യവസ്ഥയിലുള്ള അവിശ്വാസം, വൈരസ്യാനുഭവം, ദാർശനികനിസ്സംഗത, ഗൃഹാതുരത്വം, ഘടനാശൈഥില്യം, ഗ്രാമങ്ങളുടെ ആദർശവത്കരണം- അങ്ങനെയൊക്കെയാണ് പ്രവാസത്തിന്റെ ആധുനികാനുഭവം പ്രത്യക്ഷമായത്. എഴുപത്- എൺപതുകളിൽ പി കെ നാണുവും യു പി ജയരാജും മറ്റും കേരളത്തിന് പുറത്തിരുന്ന്, അവിടത്തെ ജീവിതം കണ്ട്, വിപ്ലവാത്മകമായ കഥകൾഎഴുതി. പി. എ. ദിവാകരൻ, ഓംചേരി തുടങ്ങിയവർ കേരളത്തിനു പുറത്തെ മലയാളനാടകവേദിയെ സമ്പന്നമാക്കി. ഡൽഹിയിലും ബോംബെയിലും ഒരു കാലത്ത് മലയാളനാടകവേദി വളരെ സജീവമായിരുന്നു.

സാഹിത്യ പത്രപ്രവർത്തനം സാഹിത്യപത്രപ്രവർത്തനത്തിലും പ്രവാസിമലയാളികളുടെ വലിയ സംഭാവനകൾ ഉണ്ടായിട്ടുണ്ട്. ജയകേരളം, സമീക്ഷ, അന്വേഷണം, ഉപാസന ( മദിരാശി), വിശാലകേരളം (ബോംംബെ), ഗൾഫ് വോയ്സ്, ഗൾഫ് നാദം, റിസാല, ഇവ കൂടാതെ എത്രയോ ചെറുതും വലുതുമായ സാഹിത്യ പ്രസിദ്ധീകരണങ്ങൾ കേരളത്തിനു പുറത്തു നിന്ന് ഉണ്ടായിട്ടുണ്ട്. ലണ്ടൻ, ന്യൂയോർക്ക് , പെർത്ത്, ബോൺ തുടങ്ങിയ ഇടങ്ങളിലും മലയാളത്തിലും അവിടങ്ങളിലെ ഭാഷകളിലും മലയാളികൾ നടത്തുന്ന ചെറുതും വലുതുമായ പ്രസിദ്ധീകരണങ്ങൾ ഉണ്ട്. പത്രങ്ങൾ, ടെലിവിഷൻ ചാനലുകൾ, എഫ് എം റേഡിയോകൾ തുടങ്ങിയവ വേറെയും ഉണ്ട്. പലയിടങ്ങളിലും മലയാളഭാഷ പഠിപ്പിക്കുന്നതിന് മലയാളം മിഷനും സ്വതന്ത്രസംഘടനകളും പ്രവർത്തിക്കുന്നു. കലാ-സാഹിത്യ- സാമൂഹ്യ പ്രവർത്തനങ്ങൾ നടത്തുന്ന ആയിരക്കണക്കിന് മലയാളിസംഘടനകൾ-ഡൽഹിയിലെ ജനസംസ്കൃതി മുതൽ ലണ്ടനിലെ കല വരെ - ലോകമെമ്പാടും ഉണ്ട്. പലരും ഹ്രസ്വചലച്ചിത്രങ്ങളും ദീർഘചലച്ചിത്രങ്ങളും എടുക്കുന്നു. ഓൺ-ലൈൻ മാസികകളുടെയും ബ്ലോഗുകളുടെയും വലിയൊരു ലോകം വേറെയുമുണ്ട്.

ചിത്ര-ശിൽപകലകളിലും വലിയ സംഭാവനകൾ പ്രവാസിമലയാളികളുടേതായി ഉണ്ട്. വിശ്വനാഥനും അക്കിത്തം നാരായണനും വത്സൻ കൊല്ലേരിയും പാരീസിൽനിന്ന് ചിത്രകല പിന്തുടർന്നവരാണ്. കെ സി എസ് പണിക്കർ, എം വി ദേവൻ, നന്ദഗോപാൽ, ജയപാലപ്പണിക്കർ, കെ. വി. ഹരിദാസൻ, സി എൻ കരുണാകരൻ, കെ. ദാമോദരൻ തുടങ്ങിയവർ മദ്രാസിലാണ് സ്വന്തം കല രൂപപ്പെടുത്തിയത് . ഡസൻകണക്കിന് മലയാളി ചിത്രകാരരും ശിൽപികളും - എ. രാമചന്ദ്രൻ, കെ. എസ്. രാധാകൃഷ്ണൻ, കെ. എം. മധുസൂദനൻ, ബോസ് കൃഷ്ണമാചാരി, റിയാസ് കോമു, പ്രഭാകരൻ, അലക്സ് മാത്യു , ജിതീഷ് കല്ലാട്ട്, ബൈജു പാർഥൻ, ടി വി സന്തോഷ്, ജസ്റ്റിൻ പൊന്മണി, ഷിബു നടേശൻ, സജിത ശങ്കർ തുടങ്ങി എത്രയോ പ്രധാന കലാകാരർ ഡൽഹി, ബോംബെ, ബറോഡ, ഹൈദരാബാദ്, മദ്രാസ്, ശാന്തിനികേതൻ തുടങ്ങിയ ഇടങ്ങളിൽ ഇരുന്നു പേരു നേടിയവരാണ്- പിന്നീട് അവരിൽ ചിലർ കേരളത്തിൽ തിരിച്ചു വന്നുവെങ്കിലും. റട്ടോർഡാമിൽപോലും ഞാൻ അജി എന്ന മലയാളിചിത്രകാരനെ കണ്ടുമുട്ടുകയും സ്റ്റുഡിയോ സന്ദർശിക്കുകയുമുണ്ടായി.

അതെ, കേരളം വളരുക തന്നെയാണ്, പശ്ചിമഘട്ടം കടന്നു കയറി മാത്രമല്ല, വിന്ധ്യനും ആൽപ്സും കടന്നുകയറിത്തന്നെ.

# Asserting the Malayali Identity

Dr. Azad Moopen
Director, NORKA ROOTS



The Loka Kerala Sabha stands as a powerful platform that brings together the global Malayali community, reinforcing our shared identity, values, and collective commitment to Kerala's progress. It reflects the State's unique approach to inclusive governance by engaging the voices of Keralites across the world.

NORKA ROOTS has always remained committed to strengthening the bond between Non-Resident Keralites and their homeland, while safeguarding their welfare and facilitating meaningful engagement. The Loka Kerala Sabha Summit further amplifies this mission by fostering dialogue, collaboration, and shared responsibility.

I am confident that this Summit, and the Coffee Table Book brought out to mark this occasion, will serve as enduring symbols of Kerala's global connect and the invaluable contributions of its diaspora.

With best wishes for the success of the 5th Loka Kerala Sabha.



## പട്ടയത്തിൽ ചരിത്രനേട്ടം

- പട്ടയ ഭൂമിയിലെ ചട്ടലംഘനം ക്രമീകരിച്ചു നൽകാൻ ഭൂപതിവ് നിയമ ഭേദഗതി
- സ്വകാര്യ ഭൂമിയിൽ അധിക ഭൂമിക്ക് ഉടമസ്ഥത നൽകുന്ന സെറ്റിൽമെന്റ് ആക്ട്.
- 9 വർഷത്തിനിടെ 4 ലക്ഷത്തിൽപ്പരം പട്ടയം
- 2016-21 ൽ 1,77,011; ശേഷം (2025 ഒക്ടോബർ 31 വരെ) - 2,33,947, ആകെ: 4,10,958
- 1977നു മുമ്പ് വന ഭൂമിയിൽ കുടിയേറിയ മുഴുവൻ കർഷകർക്കും പട്ടയം
- 606 സ്മാർട്ട് വില്ലേജുകൾ
- 548 വില്ലേജുകളിൽ ഡിജിറ്റൽ സർവെ, 301 വില്ലേജുകളിൽ സർവെ പൂർത്തിയായി



# Pravasis, New Jobs and the Challenges



K Ravi Raman

**Nava Kerala provides all the facilities for expatriates to make sustainable investments and skilling opportunities. In this way, they can keep Kerala's economy moving and make it a prominent global player, particularly in the emerging knowledge economy.**



A Malayali's life in its broadest sense is a story of the great expatriate. In negotiating life within and outside of their native state, Malayali expatriates continuously neutralize the academic dichotomy between inner Kerala and outer Kerala. In an innovative and democratic way, they challenge borders democratically. Their travels transcend national and international boundaries in a creative way. There is at least one person living abroad in every four or five households in Kerala. Around one Malayalee returns home for every two people living abroad. In a recent book, Kerala 1956 to the present: India's miracle state (Cambridge University Press 2024), T Roy and I state, “Without Gulf money, the Kerala Model would be long dead”.

## Kerala and the Remittance Economy

As per the latest Kerala Migration Survey (2023), Kerala has more than 2.2 million emigrants spread across

the world. In 1998 the number was much less at 1.4 million, and although this declined by 2018, the emigrant size increased again due to increased student migration, with 2.5 lakh students included in the emigrant population. This estimate does not include the Malayali diaspora communities living abroad for decades. The number of Malayalis living in foreign countries for decades may go up to 40 to 50 lakh if all the Malayali diaspora communities are also included. The proportion of women emigrants from Kerala, primarily seeking better jobs and higher living standards, has increased from 15.8 per cent in 2018 to 19.1 per cent in 2023.

Kerala has historically been investing in its human resources and this enabled the easy transition of the Malayali into an expatriate and





thus contribute to the country's development. Expatriate Malayalis, including the diasporas had the most decisive influence in shaping the socio-economic situation of Kerala since the mid-1970s. Recently there is a resurgence in economic growth and per capita income in Kerala, which was quite low until then, and one of the critical reasons for this resurgence is diaspora remittances. Within a few years, Kerala became the state with the highest per capita income. India now receives the largest share of the world's total NRI remittances (12 percent). Of the NRI remittances coming to India, Kerala was the leading recipient until recently. In the nineties, the remittances they sent rose to about one third of the state's income. The latest statistics of the Reserve Bank of India (2023-24) reveals that Kerala stands second in foreign remittances – with around 1.98 lakh crore - thanks to the global Malayalees who take care of their families, kith and kin back home. Further, the educated, skilled and wealthier diaspora also invest in Kerala in various sectors including health, education and tourism and the increasing diversified jobs absorbs new entrants in the labour market.

## Emerging jobs and the challenges

Among all Keralites abroad, around 40 per cent seek jobs in the UAE, a little more than 80 per cent in GCC countries including the UAE, and around 20 per cent in non-GCC countries, particularly in Europe accounting for 6 per cent, Canada 2.5 per cent, and the USA 2.2 per cent. Despite growing interest in destinations outside the Gulf, the GCC continues to be the primary sources of employment for Malayalis. A second shift is evident, now from the Gulf countries to the West, particularly among those seeking employment in the care economy (nurses, health workers etc), sunrise industries and the knowledge economy services (IT in particular).

According to the Future of Jobs Report 2025 by the World Economic Forum, Geo-economics fragmentation and geopolitical tensions are expected to transform operations in over a third of businesses, driving demand for cybersecurity, resilience, and leadership skills. Structural labour market changes are predicted to create 170 million jobs but displace 92 million, resulting in net job growth of 78 million jobs globally. While technology-related roles like AI specialists and renewable energy engineers will grow fastest, clerical and secretarial roles,

such as administrative assistants and bank tellers, are expected to decline. The situation is equally concerning in India in general and Kerala in particular. The government encourages greater investments in both hard and soft infrastructure and training in the emerging sectors like automation, biotechnology, IT, FinTech, data analysis, cloud computing, cyber security, blue economy, logistics and supply chain, green energy, health technology, care economy, and so on. Lifelong learning has become a part of daily life, and people looking for work overseas must stay up to date with the new opportunities and legal and non legal features of the labor market.

In order to provide maximum support to people looking for jobs in other countries, there is a system in place for discussing solutions if they encounter problems. Several opportunities are opened for skilling through the agencies like KASE, K-DISC, ASAP and so on. Nava Kerala provides all the facilities for expatriates to make sustainable investments and skilling opportunities. In this way, they can keep Kerala's economy moving and make it a prominent global player, particularly in the emerging knowledge economy. Furthermore, the state has initiated care economy projects exclusively for expatriates and diaspora in this situation. Toward that end, we are making progress by strengthening the pravasi related institutions such as Department of Expatriates Affairs, NORKA ROOTS, the Kerala Pravasi Welfare Board and the Loka Kerala Sabha - a historic organization, for the first time in the world. To protect expatriate interests and welfare, Kerala will continue to support legal, administrative, and financial measures. Those who intend to return to work abroad will also be assisted. There will be an expansion of the activities of both the NORKA ROOTS and the Kerala Pravasi Welfare Board. Nava Kerala can only be constructed by reintegrating and rehabilitating expatriates simultaneously. Pravasis and the diaspora Malayalee have always been taken care of by the state government, irrespective of their ideological positions. This is particularly so when they were facing various challenges at the point of destination. Further, Kerala has also been able to create opportunities for investment, skilling and re-skilling for the returning expatriates, create employment opportunities and ensure various types of services and decent jobs both in Kerala and abroad, making migration a win-win situation.

## Finally, a few words of conclusion

This Loka Kerala Sabha, which is being watched by the whole world today, is based on recognizing that expatriates are not only those who contribute money to the state, but also play a crucial role in shaping its future as responsible citizens, and that their rights must be protected above all else. Expats have made many constructive suggestions as part of the Loka Kerala Sabha. They are being implemented vigorously in Kerala as part of the larger process of what I call, the "right making/state making" process.

### പൊതുവിദ്യാലയങ്ങൾ തേടിയെത്തി കുട്ടികൾ

55,000 ഹൈടെക്ക് ക്ലാസ് മുറികൾ; 5,000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനം

550 പുതിയ സ്കൂൾ കെട്ടിടങ്ങൾ

പാഠപുസ്തക അച്ചടിയും വിതരണവും, സൗജന്യ യൂണിഫോം വിതരണവും സമയബന്ധിതം


റോബോട്ടിക് കിറ്റുകൾ അടക്കം ഹൈടെക് സൗകര്യങ്ങൾ



# Evolution of Malayali Emigration
# **A Data Analysis**



S Irudaya Rajan
Chair, The International Institute of Migration and Development (IIMAD)



Migration has played a substantial role in Kerala's social and economic transformation, with Malayali emigration developing through distinct phases since the last century. Evidence-based research on different types of migration, such as internal, international, and return migration, began after the Kerala Migration Survey (KMS) commenced in 1998. This article traces the evolution of Malayali emigration based on the findings of the Kerala Migration Surveys conducted over different periods, highlighting the changing destinations, characteristics, and developmental inferences.

## Pre-Gulf Migration (Before 1970s)

After World War II, migration became a way of life for several educated youths in Kerala. Before the rise of international migration, people mainly pursued employment in the industrial and commercial regions of other Indian states – money order economy. A few emigrants also moved to Southeast Asian countries such as Sri Lanka (Ceylon), Myanmar (Burma), Malaysia (Malaya), and Singapore. The success of these early migrants played a significant role in encouraging increased emigration from the state to other parts of the world as opportunities emerged.

## The Gulf Migration Boom: 1970s to 1990s

The evolution of emigration began in the early 1970s, with the oil boom and rapid economic growth in Gulf Cooperation Council (GCC) countries. The high demand for labour in construction, transport, and services has opened new migration corridors for Kerala. Migration to Gulf countries has become a leading route for employment abroad. According to the first Kerala Migration Survey in 1998, the estimated number of migrants from Kerala was 1,4 million (Table 1), of which 1.3 million (93.9 per cent) were in GCC countries such as Saudi Arabia (37.5 per cent), the United Arab Emirates (31.0 per cent). The early cohort of migrants largely comprised low and semi-skilled workers, which gradually expanded to skilled workers.

## Diversification and Skill Transition: 2000s Onwards

From 2000 onwards, the phase of emigration has diversified in terms of destinations, occupations, and skill sets. Kerala Migration Surveys in different rounds pointed out the shift in global labour markets, nationalisation policies in GCC countries, regulations in migration and changing aspirations of youngsters. It also revealed new migration streams towards countries other than the Gulf countries, such as the United States, Canada, Australia and European countries (Table 2). While the initial stages of emigration were largely concentrated in construction and manual services, there was a rise in professionals, technical workers, and healthcare professionals. Studies have highlighted that investment in education, especially in nursing, engineering, and IT, has facilitated these rapid changes. The nursing profession emerged as a major migration pathway for women, altering the gender profile of emigration. The KMS 2023 emphasises that student migration has become a critical driver of overseas migration. Unlike earlier labour-contract migration, education-led migration to Western countries,

### ഉന്നത വിദ്യാഭ്യാസം

- നാലുവർഷ ബിരുദ പദ്ധതി നടപ്പാക്കി
- രാജ്യാന്തര നിലവാരമുള്ള 10 സ്ഥാപനങ്ങൾക്ക് സെന്റർ ഓഫ് എക്സലൻസ് അംഗീകാരം
- ശ്രീനാരായണ ഗുരു ഓപ്പൺ സർവകലാശാല സ്ഥാപിച്ചു.
- സർവകലാശാലകളെ ഡിജിറ്റൽവൽക്കരിക്കുന്നതിന് കെ റീപ്പ് പദ്ധതി.



**Table 1: Estimated Number of Emigrants from Kerala, 1998-2023**

| Year | Estimated No of Emigrants | Inter-survey difference | Per cent Increase/ Decrease |
|---|---|---|---|
| 1998 | 1361919 | - | |
| 2003 | 1838478 | 476559 | 35.0 |
| 2008 | 2193412 | 354934 | 19.3 |
| 2013 | 2400375 | 119832 | 9.4 |
| 2018 | 2121887 | -149838 | -11.6 |
| 2023 | 2154275 | 32388 | 1.5 |

**Table 2: Country of Residence of Emigrants, 1998-2023**

| Year | GCC Countries (per cent) | Non-GCC Countries (per cent) |
|---|---|---|
| 1998 | 93.8 | 6.2 |
| 2003 | 89.0 | 11.0 |
| 2008 | 88.6 | 11.4 |
| 2013 | 86.3 | 13.7 |
| 2018 | 89.2 | 10.8 |
| 2023 | 80.5 | 19.5 |

where permanent residency and citizenship opportunities are more accessible than the Gulf region. Over 11% of the total emigrants from Kerala were students, indicating education-driven migration and the growing role of global skill-building aspirations. The share of women among emigrants has increased over the years, standing at 19.1% in 2023.

## Remittances and Developmental Impact

Remittances have been the most visible outcome of emigration and have played a major role in shaping Kerala's development trajectory.. Migrant households invest mostly in housing, education, healthcare and consumer durables, which leads to improved human development indicators in Kerala, much ahead of most Indian states. At the macro level, remittances have become a stabilising force for Kerala's economy, indirectly boosting state revenues through taxes and service demand. However, remittances altered the labour supply behaviour, contributing to labour shortages, rising wage rates and a shift away from traditional occupations. It also created regional and social disparities, with non-migration households and less benefited areas from the migration dividend.

Inward remittances have reached an all-time high of 2,16,893 crore in 2023, marking 154.9% compared to 2018 levels (Table 3). In addition,




**Table 3: Trends in Total Remittances, 1998-2023**

| Year | Remittances (crores) | Percent Increase | Remittances Per Household (Rupees) |
|---|---|---|---|
| 1998 | 13652 | -- | 21,469 |
| 2003 | 18465 | 35.3 | 24,444 |
| 2008 | 43288 | 134.4 | 57,215 |
| 2013 | 71142 | 43.2 | 86,843 |
| 2018 | 85092 | 19.6 | 96,185 |
| 2023 | 216893 | 154.9 | 223,729 |



the number of return emigrants increased markedly from 1.2 million in 2018 to 1.8 million in 2023, as a result of pandemic-related job losses and economic uncertainties. Major challenges that can be observed through the survey are the outflow of more young people, students and graduates.

## Conclusion


International migration from Kerala is not a peripheral phenomenon but a structural component of Kerala's development process. Evidence from successive Kerala Migration Surveys shows that remittances through emigration significantly reduce unemployment and poverty and enhance human development. Simultaneously, Kerala has witnessed rising labour costs and a growing dependence on external income. The post-2000 period marks a remarkable shift with increasing skill upgradation, feminisation in migration, increasing student migration and diversification of choosing destinations.

The future of migration is not about sending people abroad but about managing migration better. Kerala has reaped benefits in the past from the migration, which brings new responsibilities to help the migrants for long-term development rather than short-term consumption, which requires careful planning and thoughtful policies.

# നവകേരള നിർമ്മിതിയുടെ മറ്റൊരധ്യായം



**ഒ വി മുസ്തഫ**
ഡയറക്ടർ, ലോക കേരള സഭ



ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന മലയാളിസമൂഹം, അവരുടെ തൊഴിൽമേഖലകളിലൂടെയും വിജ്ഞാന സമ്പത്തിലൂടെയും സാംസ്കാരിക സാന്നിധ്യത്തിലൂടെയും കേരളത്തിന്റെ ആഗോള വ്യക്തിത്വം ശക്തിപ്പെടുത്തുന്നതിൽ നിർണായക പങ്ക് വഹിച്ചുവരികയാണ്. ഈ ആഗോള മലയാളി സമൂഹത്തിന്റെ അനുഭവങ്ങളും ആശയങ്ങളും കേരളത്തിന്റെ വികസന ദർശനവുമായി ഏകോപിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ലോക കേരള സഭ രൂപം കൊണ്ടത്.

ഇത് ഒരു പരിമിതകാല സമ്മേളനമല്ല, മറിച്ച്, നയരൂപീകരണത്തിൽ പ്രവാസി മലയാളികളുടെ ജനാധിപത്യപരമായ പങ്കാളിത്തം ഉറപ്പാക്കുന്ന, സുസ്ഥിരവും സ്ഥാപനപരവുമായ ഒരു സംവിധാനമാണ്. പ്രവാസം എന്ന പ്രതിഭാസത്തെ വെറും സാമ്പത്തിക സംഭാവനകളുടെ കണക്കുകളിൽ ഒതുക്കാതെ, മനുഷ്യവിഭവശേഷി, അറിവ്, അനുഭവസമ്പത്ത് എന്നിവയുടെ സമഗ്രശക്തിയായി കാണുന്ന കേരളത്തിന്റെ ഭരണകാഴ്ചപ്പാടാണ് ഇതിലൂടെ പ്രതിഫലിക്കുന്നത്.

അഞ്ചാം സമ്മേളനത്തിലേക്കെത്തുമ്പോൾ, 125 ഓളം രാജ്യങ്ങളിൽ നിന്നുള്ള പ്രവാസി പ്രതിനിധികളും വിവിധ മേഖലകളിലെ പ്രൊഫഷണലുകളും സംഘടനാ പ്രതിനിധികളും തൊഴിലാളികളും ഉൾപ്പെടുന്ന വിപുലമായ പങ്കാളിത്തമാണ് ലോക കേരള സഭ കൈവരിച്ചിരിക്കുന്നത്. സുരക്ഷിത കുടിയേറ്റം, സാമൂഹ്യസുരക്ഷ, നിയമസഹായം, പുനരധിവാസം, സംരംഭവികസനം, ആരോഗ്യ പരിരക്ഷ തുടങ്ങിയ വിഷയങ്ങളിൽ സഭയിൽ ഉയർന്ന ചർച്ചകളും നിർദേശങ്ങളും നയപരമായ ഇടപെടലുകളായി മാറിയതും ലോക കേരള സഭയുടെ പ്രധാന നേട്ടങ്ങളിലൊന്നാണ്.

പ്രവാസി മിഷൻ പോലുള്ള പദ്ധതികൾ, തിരിച്ചെത്തിയ പ്രവാസികളുടെ അറിവും നൈപുണ്യവും നാടിന്റെ വികസനത്തിനായി പ്രയോജനപ്പെടുത്തുന്ന നവീന മാതൃകകൾ സൃഷ്ടിച്ചു. പ്രവാസികളെ വെറും നിക്ഷേപകരായോ സംഭാവനകരായോ കാണുന്ന സമീപനത്തിൽ നിന്ന് മാറി അവരെ വികസന പ്രക്രിയയുടെ സജീവ പങ്കാളികളായി അംഗീകരിക്കുന്ന സമീപനമാണ് ലോക കേരള സഭയെ സവിശേഷമാക്കുന്നത്. ഇതുവഴി നവകേരള നിർമ്മിതിയിൽ പ്രവാസിസമൂഹം അനിവാര്യ ഘടകമായി മാറിയിരിക്കുന്നു;

ഭാവിയിലേക്കുള്ള യാത്രയിൽ, ലോക കേരള സഭയുടെ ദർശനം കൂടുതൽ വിപുലമാണ്. വിജ്ഞാനകേരളം എന്ന ലക്ഷ്യത്തിലേക്കുള്ള കേരളത്തിന്റെ മുന്നേറ്റത്തിൽ പ്രവാസികൾ നേടിയെടുത്ത ആഗോള പരിചയങ്ങളും മാതൃകകളും സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ, ഗവേഷണ വ്യവസായ മേഖലകളുമായി ബന്ധിപ്പിക്കുക എന്നതാണ് അടുത്ത ഘട്ടം. ഇതിനായി ലോക കേരള സഭ കൂടുതൽ വേദികൾ ഒരുക്കും.

ഇച്ഛാശക്തിയുള്ള ഒരു സർക്കാരും, ആഗോള മലയാളി സമൂഹത്തിന്റെ അറിവും അനുഭവവും ഏകോപിക്കപ്പെടുമ്പോൾ കേരളത്തിന്റെ ഭാവി വികസനത്തിന് പുതിയ ദിശകൾ തുറക്കപ്പെടുമെന്ന ഉറച്ച വിശ്വാസത്തോടെ ലോക കേരള സഭയുടെ അഞ്ചാം പതിപ്പ് നവകേരള നിർമ്മിതിയുടെ മറ്റൊരു നിർണായക അധ്യായമാകുമെന്ന് ആത്മവിശ്വാസത്തോടെ രേഖപ്പെടുത്തുന്നു.

## കുടുംബശ്രീയിൽ പുത്തനുണർവ്

- 19,470 കുടുംബശ്രീ എഡിഎസ്സുകൾക്ക് പ്രതിമാസം പ്രവർത്തന ഗ്രാന്റായി 1000 രൂപ
- കുടുംബശ്രീ സൂക്ഷ്മ സംരംഭ മേഖലയിൽ ആരംഭിച്ചത് 1,54,511 സംരംഭങ്ങൾ
- 3.16 ലക്ഷം പേർക്ക് ഉപജീവനമാർഗം
- അഞ്ച് ജില്ലകളിൽ കഫെ കുടുംബശ്രീ പ്രീമിയം റസ്റ്റോറന്റുകൾ; എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കും



# Loka Kerala Sabha
# A Pioneering Platform for Global Knowledge Exchange



Asif K Yusuf IAS
Loka Kerala Sabha Director

**The Loka Kerala Sabha represents an ideal shift in how a state government interacts with its overseas community**

The trajectory of a state's development is often led by its ability to harness the intellectual and social capital of its people. For Kerala, a state whose identity is woven through the fabric of global migration, our diaspora community is not merely a source of remittances but a talent pool of global expertise, innovation and leadership. As we approach the fifth edition of the Loka Kerala Sabha (LKS), we are not merely hosting a gathering we are further refining a semi-legislative instrument of democratic policy formulation.

The Loka Kerala Sabha represents an ideal shift in how a state government interacts with its overseas community. Traditionally, diaspora engagement was relegated to the periphery of governance, often limited to crisis management. However, through the LKS, the Government of Kerala has institutionalised a permanent platform that invites our Non Resident Keralites (NRK's) to become active stakeholders in the state's legislative and developmental



journey. By bringing together delegates from 125 countries, comprising skilled labor, seasoned professionals, academics and community leaders, we are opening up global insights to empower local policy.

One of the most significant outcomes of LKS is the pioneer NORKA Professional and Business Leadership Meet. This specialised forum serves as a platform for expert knowledge exchange, where the world's leading NRK's in health, sustainability, technology and social innovation proposed the best practices they have pioneered abroad. As a bureaucrat, this is a welcoming step towards administrative reform and inclusivity. The Loka Kerala Sabha has evolved into a benchmark that other states and even the Ministry of External Affairs mentioned as good practice. A nurse from Europe, a domestic worker from the Gulf, a researcher from USA, a Returnee and a businessperson from anywhere in the world can gain access to policy makers in Kerala government to shape policies.

Furthermore, the Sabha addresses a critical gap in migration governance, the absence of a structured feedback mechanism. During these two days of exchange, Ministers and bureaucrats listen to NRK's who share about their lives, families left behind and reintegration efforts. This participatory approach ensures that government policies on migrant welfare, climate resilience, higher education, public health and future technology are refined by international standards. While we welcome investment opportunities and best practices, our primary focus remains the welfare of diaspora community. A welfare centric developmental agenda with globally competitive and a robust feed back mechanism. As we host this fifth edition, I invite our NRK's to join in sharing their valuable recommendations, which we seek to implement based on our evolving institutional capacity.





## സ്ത്രീശാക്തീകരണത്തിൽ രാജ്യത്തിന് മാതൃക

വനിതകൾക്ക് തൊഴിലിടങ്ങളിൽ ഇരിക്കുന്നതിനുള്ള അവകാശം ഉറപ്പാക്കി

ലിംഗഭേദമെന്യേ മാന്യമായ ഏത് വസ്ത്രവും  ധരിക്കുന്നതിന് അധ്യാപകർക്ക് അനുമതി

സർവകലാശാലകളിലും ഐടിഐകളിലും പഠിക്കുന്ന പെൺകുട്ടികൾക്ക് മാസത്തിൽ രണ്ടുദിവസം ആർത്തവാവധി

18 വയസ്സു കഴിഞ്ഞ സർവകലാശാല വിദ്യാർഥിനികൾക്ക് പരമാവധി 60 ദിവസം പ്രസവാവധി

സായുധ വനിതാപോലീസ് ബറ്റാലിയൻ

അഗ്നിരക്ഷാ സേനയിൽ ആദ്യമായി വനിതാ ഓഫീസർമാരെ നിയമിച്ചു

സ്ത്രീസുരക്ഷയ്ക്കായി പിങ്ക് പോലീസ്

ജെൻഡർ കൗൺസിൽ രൂപവൽക്കരിച്ചു

എല്ലാ ജില്ലകളിലും സ്ത്രീധന നിരോധന ഓഫീസർമാരെ  നിയമിച്ചു



# Representing a Vibrant Diaspora



C V Rappai
Norka Roots Director



The Loka Kerala Sabha (LKS) a unique global assembly of the Kerala diaspora, was conceived and established under the leadership of the Honorable Chief Minister of Kerala, Sri Pinarayi Vijayan in 2017.

Its formation and first session in 2018 marked a significant milestone in institutionalizing engagement between the Government of Kerala and Keralites living abroad.

The fifth conference of the Loka Kerala Sabha is scheduled to be held this year, January 29th to 31st. This is continuing a journey that began in 2018. The LKS was created to address the concerns, welfare and aspirations of Keralites overseas, as well as the well-being of their families in Kerala and abroad.

Today, it represents a vibrant diaspora spread across 125 plus countries, from Brazil to New Zealand across. Also this LKS will be having certain specially invited delegates of prominent professions from across India and abroad belong to Keralites.

In addition to representatives from the global diaspora, the Loka Kerala Sabha includes all 140 Members of the Kerala Legislative Assembly and parliament Members of Kerala from both Houses of the Indian Parliament. The LKS conference, held in (Trivandrum), at the Legislative assembly complex (R Sankara Narayanan Thampi Hall) provides a significant platform for delegates to come together for dialogue, knowledge sharing, and networking-strengthening the confidence and collective voice of the Pravasi Keralite.

One of the most notable contributions of the LKS was during the critical periods of crisis, particularly the devastating floods of 2018 and the COVID-19 pandemic, when coordinated financial and functional support was mobilized from Keralites across the world. Also, it assisted fellow Pravasis through medical / financial support during COVID. Also when massive evacuation was required connected with Ukraine / Russia conflict for kerala students studying there, LKS mechanism proved effective.

Although the Loka Kerala Sabha does not possess constitutional or executive powers, it plays an integral advisory and support role to the Government of Kerala, making its acceptance to State govt under Rules and Acts. Kerala is the first Indian state to take up an initiative of this kind for its non resident citizens.

Since 2017, I have been on the Board of NORKA Roots, the nodal agency of NORKA department and have had the privilege of working closely with the LKS, in addition to Norka Roots' projects and plans.

I was leading a standing Committee appointed by first Loka Kerala Sabha to study and present a report on "quality migration - future and prospects " . Many of the insights as per the Report have since been implemented by the Govt subsequently.

I am proud to be associated with this visionary institution and to contribute, in my own way, to fellow citizens and Kerala Pravasi and the State's development and diversification efforts.

**വയോജന-ഭിന്നശേഷി-ട്രാൻസ്ജെൻഡർ സൗഹൃദം**

രാജ്യത്താദ്യമായി വയോജന കമ്മിഷൻ രൂപീകരിച്ചു

സർക്കാർ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് 4 ശതമാനം സംവരണം

ട്രാൻസ്ജെൻഡർ വിഭാഗത്തിനായി നടത്തുന്ന വിവിധ പദ്ധതികൾ കൂട്ടിചേർത്ത് മഴവില്ല് എന്ന പേരിൽ സമഗ്ര പദ്ധതി, എസ്ആർഎസ് സർജറി, തുടർചികിത്സ, താമസസൗകര്യം, സ്കോളർഷിപ്പ്, വിവാഹ ധനസഹായം തുടങ്ങി ഒട്ടേറെ ആനുകൂല്യങ്ങൾ



# One Kerala, Many voices, One shared destiny



J K Menon
Director,Norka roots
Chairman,ABN Corporation

**As Kerala moves forward into a new era of development, the partnership between the State and its global citizens assumes renewed significance.**

Kerala has always been more than a geographical space; it is an idea shaped by culture, values, resilience, and an unbreakable bond with its people—wherever they may be. The Loka Kerala Sabha stands as a powerful expression of this bond, bringing together Keralites across continents into a shared vision of progress and belonging.

"When a people remain connected to their culture, distance becomes only a measure, never a barrier."

Rooted in a rich cultural heritage and guided by timeless traditions, Kerala's journey has been deeply influenced by its Pravasi community. The




contributions of Non-Resident Keralites have played a transformative role in the State's social fabric, economic growth, and global presence. Their aspirations, experiences, and achievements continue to shape a Kerala that is outward-looking yet firmly grounded in its values.

As Kerala moves forward into a new era of development, the partnership between the State and its global citizens assumes renewed significance. Emerging economic opportunities, technological advancements, and inclusive governance models call for fresh perspectives and collective participation. The Loka Kerala Sabha offers a meaningful platform to align these new expectations with sustainable development and shared prosperity.

NORKA Roots remains committed to strengthening this enduring relationship—supporting the welfare of the Pravasi community while channeling their knowledge, skills, and goodwill towards Kerala's development goals.

"The roots of a tree may lie deep in one land, but its branches can touch the world."

With pride in our past and confidence in our future, we move forward together—"one Kerala, many voices, one shared destiny".



## ഐടി - സ്റ്റാർട്ടപ്പ്

സ്റ്റാർട്ടപ്പ് രംഗത്ത് രാജ്യത്തെ ബെസ്റ്റ് പെർഫോമർ പദവി: 7400 സ്റ്റാർട്ടപ്പുകൾ, 74,000 തൊഴിലവസരങ്ങൾ

ഈ കാലയളവിൽ സ്റ്റാർട്ടപ്പുകൾക്ക് കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി 514 കോടി രൂപയുടെ സാമ്പത്തിക പിന്തുണ നൽകി

63 ഇൻക്യുബേറ്ററുകളും 557 മിനി ഇൻക്യുബേറ്ററുകളും സ്ഥാപിച്ചു

ലോകത്തിലെ ആദ്യത്തെ സൂപ്പർ ഫാബ് ലാബ് കൊച്ചിയിൽ സ്ഥാപിച്ചു

ഐടി കയറ്റുമതിയിൽ ചരിത്ര മുന്നേറ്റം

90,000 കോടി രൂപയുടെ ഐടി കയറ്റുമതി (2016-24)






# പ്രവാസികളോടൊപ്പം, പ്രവാസികൾക്കായി

**അജിത് കൊളശ്ശേരി**
സി.ഇ.ഒ, നോർക്ക റൂട്ട്സ്

**നവകേരള നിർമ്മിതിയിൽ നോർക്ക റൂട്ട്സിന്റെ ദശാബ്ദ ദൗത്യം**

ലോക കേരള സഭ

## പ്രവാസവും കേരളവും : ചരിത്രവും വർത്തമാനവും

തൊഴിലും വിദ്യാഭ്യാസവും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും ലക്ഷ്യമാക്കി മലയാളികൾ വിദേശരാജ്യങ്ങളിലേക്ക് കുടിയേറിത്തുടങ്ങിയിട്ട് പതിറ്റാണ്ടുകൾ പിന്നിട്ടിരിക്കുന്നു. ആദ്യഘട്ടത്തിൽ ഗൾഫ് രാജ്യങ്ങളിലേക്കായിരുന്നു പ്രധാനമായും കുടിയേറ്റം. എന്നാൽ കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളിൽ ആഗോള തൊഴിൽ ഭൂപടത്തിലുണ്ടായ മാറ്റങ്ങൾക്കനുസരിച്ച് പാശ്ചാത്യരാജ്യങ്ങൾ ഉൾപ്പെടെ പുതിയ മേഖലകളിലേക്ക് മലയാളികളുടെ സാന്നിധ്യം വ്യാപിച്ചു.

ഇന്ന് രണ്ടുദശലക്ഷത്തിലധികം മലയാളികൾ ഇന്ത്യയ്ക്ക് പുറത്തു തൊഴിലെടുത്ത് ജീവിക്കുന്നു. രണ്ടരലക്ഷത്തിലധികം വിദ്യാർത്ഥികൾ വിദേശരാജ്യങ്ങളിൽ



പഠനം നടത്തുന്നു. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായി പ്രവാസി പണം മാറിയിരിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്.

## പ്രവാസി കാര്യവകുപ്പും നോർക്ക റൂട്സും

വിദേശരാജ്യങ്ങളിലും ഇതര സംസ്ഥാനങ്ങളിലും താമസിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്ന കേരളീയരുടെ അവകാശസംരക്ഷണം, പ്രശ്നപരിഹാരം, ക്ഷേമപ്രവർത്തനങ്ങൾ എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതാണ് കേരള പ്രവാസി കാര്യവകുപ്പ്.

പ്രവാസി കേരളീയരെയും സംസ്ഥാന സർക്കാരിനെയും ബന്ധിപ്പിക്കുന്ന പ്രധാന കണ്ണിയായി പ്രവർത്തിക്കുന്ന ഫീൽഡ് ഏജൻസിയാണ് നോർക്ക റൂട്സ്. സാമൂഹ്യസുരക്ഷാ പദ്ധതികൾ, പുനഃസംയോജന പരിപാടികൾ, സമാശ്വാസ പദ്ധതികൾ, കുടിയേറ്റ സഹായങ്ങൾ, നിക്ഷേപ പ്രോത്സാഹനം തുടങ്ങി പ്രവാസി ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും നോർക്ക റൂട്സ് സജീവ സാന്നിധ്യമാണ്.

## സാമൂഹ്യസുരക്ഷ : ഐഡി കാർഡും നോർക്ക കെയറും

181 രാജ്യങ്ങളിലെ കേരളീയർക്ക് പ്രാതിനിധ്യം നൽകുന്ന നോർക്ക പ്രവാസി ഐഡി കാർഡ് ഇതുവരെ 7.53 ലക്ഷം പേർക്ക് വിതരണം ചെയ്തു.

നോർക്ക കെയർ എന്ന സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി 5 ലക്ഷം രൂപയുടെ ആരോഗ്യ പരിരക്ഷയും 10 ലക്ഷം രൂപയുടെ അപകട ഇൻഷുറൻസും ഉറപ്പാക്കുന്നു. 1.32 ലക്ഷം കുടുംബങ്ങളിൽ നിന്നുള്ള അഞ്ചുലക്ഷത്തിലധികം അംഗങ്ങൾ ഇന്ന് നോർക്ക കെയറിന്റെ ഭാഗമാണ്.

## പരാതികൾ, നിയമ സഹായം, പെൻഷൻ

പ്രവാസികളുടെ പരാതികൾ

### സേവനങ്ങൾ വീടുകളിൽ ഇരുന്നും ലഭ്യമാക്കാം

കെ-സ്മാർട്ട്: തദ്ദേശസ്ഥാപനങ്ങളുടെ സേവനങ്ങൾ ഓൺലൈനിൽ

ഒറ്റ ക്ലിക്കിൽ 39 സേവനങ്ങളുമായി റവന്യു വകുപ്പ്

പ്രവാസി സേവനങ്ങൾക്കായി പ്രവാസി മിത്രം പോർട്ടൽ: ഓൺലൈനായി രജിസ്ട്രേഷൻ സേവനങ്ങൾ

കേരള പോലീസിന്റെ വിവിധ സേവനങ്ങൾക്ക് പോൽ ആപ്പ്

കെ-ഫോൺ: ഒരു ലക്ഷം ഉപഭോക്താക്കൾ

രാജ്യത്താദ്യമായി ഇന്റർനെറ്റ് അവകാശമാക്കിയ സംസ്ഥാനം

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അടിയന്തരഘട്ടങ്ങളിൽ വിളിക്കാൻ ടോൾഫ്രീ നമ്പർ 1800 4252 147






പരിഹരിക്കുന്നതിനായി എൻആർഐ കമ്മീഷനും, പ്രവാസി നിയമ സഹായ സെല്ലും പ്രവർത്തിക്കുന്നു.

പ്രവാസി ക്ഷേമനിധി ബോർഡ് വഴി 2016 മുതൽ ഇതുവരെ 68,356 പേർക്ക് 739.8 കോടി രൂപയുടെ പെൻഷൻ വിതരണം ചെയ്തു. മരണാനന്തര സഹായവും കുടുംബ പെൻഷനും പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കുന്നു.

## സുരക്ഷിത കുടിയേറ്റവും അന്താരാഷ്ട്ര റിക്രൂട്ട്മെന്റും

കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള അന്താരാഷ്ട്ര റിക്രൂട്ട്മെന്റ് ഏജൻസിയായ നോർക്ക റൂട്ട്സ്, കഴിഞ്ഞ 10 വർഷത്തിനിടെ 4,000-ത്തിലധികം പേരെ വിദേശ തൊഴിൽ മേഖലകളിലേക്ക് നിയമിച്ചു. ജർമനി, യു.കെ, കാനഡ, സൗദി അറേബ്യ, കുവൈത്ത്, യു.എ.ഇ തുടങ്ങിയ രാജ്യങ്ങളുമായി ധാരണാപത്രങ്ങളുടെ അടിസ്ഥാനത്തിലാണ് റിക്രൂട്ട്മെന്റ്.

ട്രിപ്പിൾ വിൻ കേരളം പദ്ധതിയിലൂടെ 1,029 നഴ്സുമാർ ജർമനിയിലേക്ക് പോയി. കാനഡ, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിലേക്കും നിരവധി ആരോഗ്യ പ്രവർത്തകർ നിയമനം നേടി.

## നൈപുണ്യ വികസനവും ഭാഷാ പരിശീലനവും

നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസ് മുഖേന ഇംഗ്ലീഷ്, ജർമൻ തുടങ്ങിയ ഭാഷകളിൽ പരിശീലനം നൽകുന്നു. എസ്.സി, എസ്.ടി, ബി.പി.എൽ വിഭാഗങ്ങൾക്ക് പൂർണ്ണമായും സൗജന്യമായാണ് ഈ പരിശീലനം.

## ലോക കേരള സഭ : ആഗോള മലയാളികളുടെ വേദി

2018ൽ രൂപീകരിച്ച ലോക കേരള സഭ ഇന്ന് 103 രാജ്യങ്ങളിലെയും 25 ഇന്ത്യൻ സംസ്ഥാനങ്ങളിലെയും പ്രതിനിധികളെ ഒരുമിപ്പിക്കുന്ന വേദിയായി മാറി. പ്രവാസി പ്രശ്നങ്ങൾ ചർച്ച ചെയ്യാനും വികസന നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാനും സഭ സഹായിക്കുന്നു.

## ഓകി ലിമിറ്റഡ് : നിക്ഷേപത്തിന്റെ പുതിയ വഴികൾ

പ്രവാസി നിക്ഷേപം പ്രോത്സാഹിപ്പിക്കാൻ രൂപീകരിച്ച സർക്കാർ സ്ഥാപനമാണ് ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ്സ് ലിമിറ്റഡ് (OKI Ltd.).

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചെയർമാനായ ഓകിയുടെ ആദ്യ സംരംഭം അന്താരാഷ്ട്ര നിലവാരമുള്ള 'റെസ്റ്റ് സ്റ്റോപ്പ്' വഴിയോര വിശ്രമ കേന്ദ്രങ്ങളാണ്.

നിക്ഷേപം സുഗമമാക്കാൻ 'ഷെർപ്പ' എന്ന പ്ലാറ്റ്ഫോമും ആരംഭിക്കുന്നു.

## പ്രതിസന്ധികളിൽ മുന്നിൽ നിന്ന നോർക്ക

യുക്രൈൻ യുദ്ധകാലത്തെ ഓപ്പറേഷൻ ഗംഗ, ഖത്തർ, മ്യാൻമർ, ഗോൾഡൻ ട്രയാങ്കിൾ തുടങ്ങിയ ഇടപെടലുകൾ വഴി നൂറുകണക്കിന് മലയാളികളെ സുരക്ഷിതമായി നാട്ടിലെത്തിക്കാൻ നോർക്കയ്ക്ക് സാധിച്ചു.

## മടങ്ങിയെത്തിയവർക്ക് കൈത്താങ്ങായി : ND-PREM

സാമ്പത്തിക പുനഃസംയോജനത്തിന് ഊന്നൽ നൽകുന്ന പദ്ധതിയാണ് NORKA Department Project for Return Emigrastn (NDP-REM). 30 ലക്ഷം രൂപ വരെയുള്ള സംരംഭങ്ങൾക്ക്



15% മൂലധന സബ്സിഡി (പരമാവധി 3 ലക്ഷം രൂപ)യും നാല് വർഷത്തേക്ക് 3% പലിശ സബ്സിഡിയും പദ്ധതി ഉറപ്പാക്കുന്നു.

17 ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഇതുവരെ 9,239 സംരംഭങ്ങൾ ആരംഭിക്കുകയും 106.38 കോടി രൂപയുടെ സബ്സിഡി വിതരണം ചെയ്യുകയും ചെയ്തു.

## പ്രവാസി ഭദ്രതയും ബിസിനസ് ഫെസിലിറ്റേഷൻ സെന്ററും

കോവിഡ് കാലാനന്തരമായി ആരംഭിച്ച പ്രവാസി ഭദ്രത പദ്ധതി 13,906 പേർക്ക് സ്വയംതൊഴിൽ ആരംഭിക്കാൻ സഹായമായി.

മടങ്ങിയെത്തിയ പ്രവാസികൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിച്ചു. ഇതിലൂടെ 551 യൂണിറ്റുകൾ ആരംഭിക്കുകയും വിപുലീകരിക്കുകയും ചെയ്തു.

## സാന്ത്വനം : പ്രതിസന്ധിയിൽ കൈത്താങ്ങ്

സാമ്പത്തികവും ശാരീരികവുമായ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന മടങ്ങിയെത്തിയ പ്രവാസി കുടുംബങ്ങൾക്കായുള്ള സമാശ്വാസ പദ്ധതിയാണ് സാന്ത്വനം.

2016 മുതൽ ഇതുവരെ 35,580 കുടുംബങ്ങൾക്ക് 212 കോടി രൂപയുടെ ധനസഹായം നൽകി. മരണം, ചികിത്സ, വിവാഹം, അംഗപരിമിതി തുടങ്ങിയ ഘട്ടങ്ങളിൽ ഈ പദ്ധതി വലിയ ആശ്വാസമാണ്.

## ഭാവിയിലേക്കുള്ള യാത്ര

കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി സമഗ്ര ക്ഷേമ, വികസന, സാന്ത്വന പ്രവർത്തനങ്ങളിലൂടെ പ്രവാസികളോടൊപ്പം നിൽക്കുന്ന നോർക്ക റൂട്സ്, വിഷൻ 2031 ലക്ഷ്യമാക്കി നവകേരള നിർമ്മിതിയിൽ പ്രവാസികളുടെയും തിരിച്ചെത്തിയ പ്രവാസികളുടെയും ശക്തമായ പങ്കാളിത്തം ഉറപ്പാക്കാൻ പ്രതിജ്ഞാബദ്ധമാണ്.

### ലോഡ് ഷെഡ്ഡിങ്ങ് എന്ന വാക്ക് കേൾക്കാതായി

ലോഡ്ഷെഡ്ഡിങ്ങും പവർകട്ടുമില്ലാതെ തുടർച്ചയായി പത്താം വർഷത്തിൽ

തടസ്സരഹിതമായ വൈദ്യുതിക്ക് 10,000 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് പദ്ധതി

ഇടമൺ-കൊച്ചി 400 കെ.വി. ലൈൻ പൂർത്തിയാക്കി

ആഭ്യന്തര ഉൽപാദനം 2092.16 മെഗാവാട്ട് വർധിപ്പിച്ചു

മുടങ്ങിക്കിടന്ന തോട്ടിയാർ, പള്ളിവാസൽ വിപുലീകരണ പദ്ധതികൾ പൂർത്തിയാക്കി

രണ്ട് ലക്ഷത്തിലധികം പുരപ്പുറ സൗരോർജ നിലയങ്ങൾ



# നല്ല ഭാവിയിലേക്കുള്ള ശക്തമായ അടിത്തറ



**സൂരജ് അത്തിപ്പറ്റ**
കാനഡ ഫിനാൻഷ്യൽ അഡൈ്വസർ
പ്രവാസം: 10 വർഷം

**ലോ**കത്തിന്റെ വിവിധ ഭാഗങ്ങളിലായി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന മലയാളി പ്രവാസികളെ കേൾക്കുന്നതിനും, കേരളത്തിന്റെ ഭാവി വികസനത്തിനായി അവരുടെകൂടി ആശയങ്ങൾ പങ്കുവെക്കാനുമുള്ള മഹത്തായ ഒരു സംരംഭവും വേദിയുമാണ് ലോക കേരള സഭ.

ന്യൂയോർക്കിൽവെച്ച് നടന്ന ലോക കേരള സഭയുടെ റീജിയണൽ മീറ്റിങ്ങിൽ പങ്കെടുക്കാനാണ് ആദ്യം അവസരം ലഭിച്ചത്. എത്ര വലിയ ഒരു അവസരമാണ് ലോകമെമ്പാടുമുള്ള മലയാളികളുടെ മുന്നിൽ ഒരു സർക്കാർ തുറന്നുവെച്ചിരിക്കുന്നത് എന്നത് ബോധ്യപ്പെടുത്തിയ സംഭവമായിരുന്നു അത്.

സംസ്ഥാന മന്ത്രിമാരോടും നോർക്ക ഒഫീഷ്യൽസുമായും ആശയവിനിമയം നടത്തുന്നതിനും ആ അവസരം ഉപകാരപ്പെട്ടു. കാനഡയിലെ പ്രവാസിസമൂഹവും കുടിയേറ്റ വിദ്യാർഥിസമൂഹവും നേരിടുന്ന വിഷയങ്ങൾ അവതരിപ്പിക്കുന്നതിനും റിക്രൂട്ട്മെന്റ് മേഖലയിൽ നടക്കുന്ന തെറ്റായ പ്രവണതകൾ ചൂണ്ടിക്കാണിക്കാനും കേരളത്തിലെ ഒഴിഞ്ഞുകിടക്കുന്ന വീടുകൾ ഗുണപരമായി വിനിയോഗിക്കുന്നതിനുള്ള ആശയങ്ങൾ പങ്കുവെക്കുന്നതിനും ആ അവസരത്തിൽ കഴിഞ്ഞു.



അതുപോലെതന്നെ കാനഡയിലെ മെഡിക്കൽ സംവിധാനത്തിൽ ചികിത്സ ലഭിക്കുന്നതിലുള്ള കാലതാമസവും തൻമൂലമുണ്ടാകുന്ന ഗുരുതര സംഭവങ്ങളും, പ്രവാസികൾക്ക് ഒരു ചികിത്സാ ഇൻഷുറൻസ് വേണ്ടതിന്റെ ആവശ്യകതയെകുറിച്ചും കേരള സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുന്നതിനും നോർക്കയുടെ ഒഫീഷ്യൽസുമായി സംസാരിക്കുന്നതിനും സാധിച്ചു.

തുടർന്നാണ് കേരളത്തിൽവെച്ച് നടന്ന ലോക കേരള സഭയിൽ പങ്കെടുക്കുന്നത്. ലോക കേരള സഭയിൽ പങ്കെടുത്തത് എന്നെ സംബന്ധിച്ച് ഏറെ അഭിമാനകരവും അതിലുപരി വലിയ ഉത്തരവാദിത്വം ബോധ്യപ്പെടുത്തിയതുമായ ഒരു അനുഭവമായിരുന്നു. വിവിധ രാജ്യങ്ങളിൽ നിന്നെത്തിയ മലയാളി പ്രതിനിധികളുമായി സംവദിക്കാനും, കേരളം നേരിടുന്ന സാമൂഹിക-സാമ്പത്തിക വെല്ലുവിളികളും പ്രവാസിസമൂഹത്തിന്റെ പ്രതീക്ഷകളും പ്രയാസങ്ങളും നേരിട്ട് അവതരിപ്പിക്കാനും ആ വേദി സഹായകമായി.

ലോക കേരള സഭയിൽ നടന്ന ചർച്ചകളിൽ പ്രവാസിക്ഷേമം, തൊഴിലവസരങ്ങൾ, മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസം, നിക്ഷേപ സൗഹൃദ അന്തരീക്ഷം, വിദ്യാഭ്യാസവും ആരോഗ്യവുമുള്ള മേഖലകളിലെ പുരോഗതി തുടങ്ങിയ നിരവധി വിഷയങ്ങളിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവെച്ചു. വിവിധ രാജ്യങ്ങളിലെ മികച്ച പ്രവണതകളും ഭരണ-സാമൂഹിക മാതൃകകളും കേരളത്തിന് എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനെക്കുറിച്ചുള്ള ചർച്ചകൾ ഏറെ പ്രചോദനകരമായിരുന്നു.

നോർക്ക പ്രവാസി കെയർ ഇൻഷുറൻസ് നിലവിൽ വന്നതും, K ഹോമിന്റെ പ്രഖ്യാപനവും, അനധികൃത റിക്രൂട്ട്മെന്റുകളെ നിയന്ത്രിക്കുന്നതിന് ഒരു സംവിധാനം സംസ്ഥാന സർക്കാർതലത്തിൽ ഉണ്ടായതും പ്രവാസി സമൂഹത്തെ സംബന്ധിച്ചിടത്തോളം ഏറെ ആശ്വാസകരമായ കാര്യങ്ങളാണ്. ഉന്നയിക്കപ്പെടുന്ന വിഷയങ്ങൾ സർക്കാർ ഗൗരവത്തിൽ എടുക്കുന്നുവെന്നും കൃത്യമായി നടപ്പിൽവരുത്തുന്നു എന്നതിനും മേൽപ്പറഞ്ഞ കാര്യങ്ങൾ മികച്ച ഉദാഹരങ്ങളാണ്.

കാനഡയിലെ നിരവധി മലയാളി സംഘടനകൾ നോർക്കയിൽ രജിസ്റ്റർ ചെയ്യുകയും ലോക കേരളം പ്ലാറ്റ്ഫോമിൽ അംഗങ്ങളാവുകയും ചെയ്തു. നോർക്ക നടപ്പിലാക്കുന്ന ഇൻഷുറൻസുകളെകുറിച്ച് നിരവധി ഓൺലൈൻ സെഷൻ സംഘടിപ്പിക്കുവാനും കാനഡയിൽ കഴിഞ്ഞു. ഇതിന്റെയൊക്കെ ഭാഗമായി NORKALKS Coordination Council (കാനഡ) രൂപീകരിക്കപ്പെട്ടു. കാനഡയിലെ 10 പ്രോവിൻസുകളിൽ നിന്നുമുള്ളതും മൂന്ന് യൂണിയൻ ടെറിട്ടറികളിൽ നിന്നുമുള്ളതുമായ വിവിധ മലയാളി സംഘടനകളുടെ ഭാരവാഹികൾ ഈ കൗൺസിലിന്റെ ഭാഗമാണ്. കാനഡയിലെ ഈ സംരഭത്തെ ലോക കേരള സഭ അംഗീകരിച്ചത് ഈ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരവും നേട്ടവുമായി ഞങ്ങൾ കാണുന്നു.

പ്രവാസിക്ഷേമത്തിനായും കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനത്തിനായും ലോക കേരള സഭയെ ഭാവിയിലേക്ക് കൂടുതൽ ശക്തമായി സജ്ജമാക്കേണ്ടതുണ്ട്. മേഖലാ അടിസ്ഥാനത്തിലുള്ള വർക്കിങ് ഗ്രൂപ്പുകൾ, രാജ്യതല coordination councils, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ എന്നിവ ശക്തിപ്പെടുത്തിയാൽ ലോക കേരള സഭയുടെ പ്രവർത്തനങ്ങൾ വർഷം മുഴുവൻ സജീവമായി തുടരാൻ കഴിയും.

ലോക കേരള സഭ സർക്കാർ-പ്രവാസി ബന്ധത്തിന്റെ ശക്തമായ പാലമായി മാറണം. രാഷ്ട്രീയപരമായ അതിരുകൾക്കപ്പുറം, കേരളത്തിന്റെ സമഗ്ര വികസനവും പ്രവാസിക്ഷേമവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു ജനകീയവേദിയായി അതിനെ നിലനിർത്തുക എന്നതാണ് നമ്മുടെ മുന്നിലുള്ള പ്രധാന ഉത്തരവാദിത്വം.

ഒന്നായി തുടരാം

## ക്രമസമാധാന പാലനത്തിൽ കേരളം നമ്പർ വൺ

- വർഗീയ കലാപങ്ങളില്ലാത്ത സംസ്ഥാനം
- കുറ്റാന്വേഷണ മികവിൽ രാജ്യത്തിനു മാതൃക
- സ്ത്രീസൗഹൃദ, ശിശുസൗഹൃദ, ഭിന്നശേഷിസൗഹൃദ പോലീസ് സ്റ്റേഷനുകൾ
- സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടഞ്ഞതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പുരസ്കാരം
- സൈബർ തട്ടിപ്പുകളിലൂടെ തട്ടിയെടുത്ത 66.88 കോടി രൂപ തിരികെപ്പിടിച്ചു; സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം സംസ്ഥാനമൊട്ടാകെ
- മുതിർന്ന പൗരർക്കായി പോലീസിന്റെ പ്രശാന്തി ഹെൽപ്പ്ലൈൻ
- ലഹരിവേട്ടയ്ക്ക് ഡി-ഹണ്ട്
- കുട്ടികളിലെ ഡിജിറ്റൽ ആസക്തിക്കെതിരെ ഡി-ഡാഡ്



# വെറുമൊരു ചർച്ചാവേദിയല്ല



**ഹരീഷ് ജഗതലൻ നായർ**
ബെനിൻ
കൺട്രി ഹെഡ് - ഡാഗ് ബജാജ് ബെനിൻ
പ്രവാസം : 12

ആഫ്രിക്കയിലെ ബെനിൻ റിപ്പബ്ലിക്കിൽനിന്നുള്ള 2022-2024 ലോക കേരള സഭാംഗമായും വേൾഡ് മലയാളി ഫെഡറേഷൻ ബോർഡ് ഓഫ് ഡയറക്ടർ എന്ന നിലയിലും കേരള സർക്കാർ മലയാളം മിഷൻ ആഫ്രിക്ക കോഡിനേറ്റർ എന്ന നിലയിലും പ്രവർത്തിച്ചുവരുന്നു.

2024 ലോക കേരള സഭയിൽ പ്രതിനിധിയായി പങ്കെടുത്തത് എന്റെ പ്രവാസിജീവിതത്തിലെ ഏറ്റവും അഭിമാനകരവും ഉത്തരവാദിത്വം നിറഞ്ഞതുമായ അനുഭവങ്ങളിലൊന്നായി കാണുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ പ്രതിനിധികളുമായി നേരിട്ട് ആശയവിനിമയം നടത്താനും പ്രവാസികളുടെ പ്രശ്നങ്ങളും പ്രതീക്ഷകളും കേരള സർക്കാരിന്റെയും ബന്ധപ്പെട്ട വകുപ്പുകളുടെയും ശ്രദ്ധയിൽ കൊണ്ടുവരാനും ലഭിച്ച അവസരം ഏറെ പ്രാധാന്യമുള്ളതായിരുന്നു. ലോക കേരള സഭയിൽ പങ്കെടുത്ത സമയത്ത്, പ്രവാസിമലയാളികൾ നേരിടുന്ന തൊഴിൽ, ബിസിനസ്, സാമൂഹിക വിഷയങ്ങൾ, ആരോഗ്യം, ഇൻഷുറൻസ്, തിരിച്ചുവരവ് (Rehabilitation) തുടങ്ങിയ വിഷയങ്ങൾ വിശദമായി ചർച്ചചെയ്യപ്പെട്ടു.

ആഫ്രിക്കൻ രാജ്യങ്ങളിൽ താമസിക്കുന്ന പ്രവാസികൾ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ രേഖകളുടെ അപാകത, അടിയന്തര സഹായത്തിന്റെ അഭാവം, മരണാനന്തര നടപടികളിലെ സങ്കീർണ്ണതകൾ, ബിസിനസ് സാധ്യതകൾ എന്നിങ്ങനെ വിവിധ കാര്യങ്ങൾ അവതരിപ്പിച്ചു. ഈ ചർച്ചകളുടെ തുടർച്ചയായി, എന്റെ കുടിയേറ്റ രാജ്യത്തും മറ്റ് ആഫ്രിക്കൻ രാജ്യങ്ങളിലുമുള്ള മലയാളിപ്രവാസികൾക്കിടയിൽ നിരവധി



തുടർപ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞു. അപകടങ്ങൾ, അസുഖങ്ങൾ, അപ്രതീക്ഷിത മരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട റെസ്ക്യൂ പ്രവർത്തനങ്ങൾ, മൃതദേഹങ്ങൾ നാട്ടിലേക്ക് തിരിച്ചയക്കൽ (Body Reptariation), ദുരിതബാധിത കുടുംബങ്ങൾക്ക് സാമ്പത്തികവും മാനസികവുമായ പിന്തുണ എന്നിവയിൽ സജീവമായി ഇടപെടാൻ സാധിച്ചു.

പ്രവാസിക്ഷേമവുമായി ബന്ധപ്പെട്ട് NORKA Rosto മുഖേന ലഭ്യമായ സേവനങ്ങൾ കൂടുതൽ ആളുകളിലേക്കെത്തിക്കുന്നതിൽ പ്രത്യേക ശ്രദ്ധചെലുത്തി.

ഭാവിയിലേക്കായി, ലോക കേരള സഭയെ കൂടുതൽ ശക്തവും ഫലപ്രദവുമായ ഒരു പ്രവാസി-കേരള ബന്ധ സംവിധാനമായി മാറ്റേണ്ടത് അനിവാര്യമാണ്. ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

പ്രവാസി പ്രശ്നങ്ങൾക്ക് സമയബന്ധിതമായ പരിഹാരസംവിധാനം മേഖലതിരിച്ചുള്ള (Regionwise) പ്രവാസി ഹെൽപ്ഡെസ്കുകൾ റെസ്ക്യൂ, അടിയന്തരസഹായ പ്രവർത്തനങ്ങൾക്ക് സ്റ്റാൻഡേർഡ് പ്രോട്ടോക്കോളുകൾ യുവപ്രവാസികളെ ഉൾപ്പെടുത്തി നേതൃത്വ വികസനപരിപാടികൾ പ്രവാസിനിക്ഷേപം, സംരംഭകത്വം, നൈപുണ്യവികസനം എന്നിവയ്ക്ക് പ്രത്യേക പദ്ധതികൾ.

അതോടൊപ്പം ലോക കേരള സഭ അംഗങ്ങളുടെ വിവരങ്ങൾ ലോക കേരള സഭാ സെക്രട്ടറിയറ്റിൽ നിന്നും അതത് എംബസികളിലേക്ക് അയച്ചു കൊടുക്കാൻകൂടി അഭ്യർഥിക്കുന്നു. ഇത് അതത് എംബസിയിൽനിന്നും ലോക കേരള സഭ മെമ്പർമാർ ഉന്നയിക്കുന്ന വിഷയങ്ങൾക്ക് പെട്ടന്ന് നടപടികൾ സ്വീകരിക്കാനുള്ള ആക്കം കൂട്ടുമെന്ന് വിശ്വസിക്കുന്നു. അതുപോലെതന്നെ ലോക കേരള സഭ മെമ്പർ എന്ന നിലയിൽ കേരളത്തിലെ സാമൂഹികതലങ്ങളിൽ വേണ്ടത്ര പരിഗണന ലഭിക്കുവാൻ വേണ്ടിയുള്ള നടപടികൾകൂടി എടുത്താൽ നന്നായിരുന്നു. ഇങ്ങനെയുള്ള ചില കാര്യങ്ങൾ പതിഫലം കൂടാതെ പ്രവർത്തിക്കുന്ന ലോക കേരള സഭാംഗങ്ങൾക്ക് കൂടുതൽ സജീവമായി പ്രവർത്തിക്കാനുള്ള പ്രചോദനമാകും.

ലോക കേരള സഭ വെറും ഒരു ചർച്ചാവേദിയല്ല, മറിച്ച് ലോകമാകെ പടർന്നുകിടക്കുന്ന മലയാളികളുടെ ക്ഷേമം ഉറപ്പാക്കുകയും കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനത്തിൽ അവരെ സജീവ പങ്കാളികളാക്കുകയും ചെയ്യുന്ന കൂടുതൽ ശക്തമായ ഒരു സംവിധാനമായി മാറണം.



## കിഫ്ബിയുടെ കാൽനൂറ്റാണ്ട്

പശ്ചാത്തല സൗകര്യ വികസനത്തിന്റെ ചാലകശക്തി


90,562 കോടി രൂപയുടെ 1190 പദ്ധതികൾ

39,691.87 കോടി രൂപയുടെ റോഡുകളും പാലങ്ങളും മേൽ പാലങ്ങളും തുരങ്കപാതയും

16,527 കോടി രൂപ ചെലവിൽ വ്യവസായ പാർക്കുകൾ

5200 കോടിയുടെ അംഗീകാരത്തിൽ ട്രാൻസ്ഗ്രിഡ് 2.0

പൊതുജനാരോഗ്യത്തിന് 6,874 കോടിയുടെ പദ്ധതികൾ



# Engage Second-Generation Malayalis



Sony Thomas Ambooken
IT Director, United States

My participation in the previous LKS (Loka Kerala Sabha) was both a privilege and a deeply meaningful experience. As a representative of the Malayali Diaspora residing in the United States, and as an active member of FOKANA with strong grassroots involvement in the state of Connecticut, the Assembly provided a rare and powerful platform to connect global Malayali voices with Kerala's democratic, social, and developmental aspirations. It reaffirmed the idea that migration does not dilute identity; rather, it expands responsibility.

The Assembly enabled structured dialogue between the Government of Kerala and Diaspora representatives from diverse professional, cultural and geographic backgrounds. Discussions around non-resident Keralite (NRK) welfare, investment facilitation, education, healthcare and cultural preservation were particularly impactful. What stood out was the seriousness with which Diaspora inputs were heard and documented, moving beyond symbolism toward consultative governance. For many of us, the Assembly validated years of community service undertaken abroad and strengthened our emotional and institutional ties to Kerala.

Following the Assembly, there was a noticeable increase in coordination and momentum within the Malayali Diaspora in the United States, especially through federations such as FOKANA and local associations. In Connecticut, the Assembly served as a catalyst for renewed engagement, community discussions on Kerala's development priorities, youth leadership initiatives,



cultural preservation programmes and philanthropic efforts intensified. Topics such as supporting Kerala during natural disasters, strengthening healthcare access, promoting Malayalam language learning among second-generation youth and facilitating knowledge transfer in areas like technology and healthcare gained renewed focus.

One tangible outcome was the strengthening of collaboration between Diaspora organisations and Kerala-based institutions. Professionals in healthcare, education, technology and public policy began exploring structured ways to contribute through mentorship programmes, academic collaborations, policy advisory inputs and social impact projects. The Assembly also reinforced the importance of unity across political, religious and organisational lines within the Diaspora, emphasising Kerala's collective interest over individual affiliations.

Looking ahead, the LKS has immense potential to evolve into a sustained, outcome-driven global platform for Diaspora welfare and Kerala's socio-economic development. First, continuity is critical. Between Assemblies, thematic working groups focused on areas such as healthcare, education, employment, technology, investment and youth engagement—should remain active with clear mandates, timelines and measurable outcomes. Digital collaboration platforms like Loka Keralam Online can enable year-round engagement, allowing Diaspora members to contribute expertise irrespective of geography.

Second, greater inclusion of youth and second-generation Malayalis is essential for long-term relevance. The Assembly must intentionally create leadership pathways for younger professionals, students and entrepreneurs, ensuring that Diaspora engagement remains future-ready. This includes integrating emerging areas such as artificial intelligence, sustainability, climate resilience and digital governance, fields where the Diaspora can offer significant value to Kerala.

Third, Diaspora welfare must be approached holistically. Issues such as migration support, legal assistance, mental health, elder care and reintegration for returnees require coordinated policy attention. The Assembly can serve as a bridge between host countries and Kerala, sharing best practices and advocating for the rights and well-being of Keralites abroad.

In conclusion, the LKS represents a visionary model of participatory global governance. My experience, both at the Assembly and through subsequent Diaspora activities in the United States, has reinforced my belief that Kerala's global community is one of its greatest assets. With strategic planning, sustained engagement, and inclusive leadership, the Assembly can play a transformative role in shaping a prosperous, resilient and globally connected Kerala.

## ജനപക്ഷ നിയമ നിർമ്മാണങ്ങൾ

പൗരന്മാർക്ക് സമയബന്ധിതമായി സർക്കാർ സേവനങ്ങൾ ഉറപ്പാക്കുന്ന കേരള പൊതുസേവന അവകാശ ബിൽ 2025

സാധാരണക്കാർക്ക് അന്തസ്സോടെ ജീവിക്കാനും അവകാശം സംരക്ഷിക്കാനും ലക്ഷ്യമിട്ടുള്ള കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ, ജപ്തിയിൽനിന്നും സംരക്ഷണം

പതിറ്റാണ്ടുകളായുള്ള ഭൂപ്രശ്നങ്ങൾക്ക് പരിഹാരമാകുന്ന കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബിൽ

മാതൃഭാഷാ സംരക്ഷണത്തിനു മലയാളഭാഷാ ബിൽ


വന്യജീവി ആക്രമണങ്ങളിൽനിന്ന് ജനങ്ങൾക്ക് സംരക്ഷണമൊരുക്കാൻ വന്യജീവി സംരക്ഷണ (ഭേദഗതി) ബിൽ



# Creating a Support System




Jovitta Thomas
Development Consultant
(World Bank/ United Nations),
Georgia

I serve as the Loka Kerala Sabha representative for Georgia, bridging the Kerala Diaspora—especially students—with support amid unique challenges. My role involves hands-on advocacy, crisis response and community building for Keralites in this nation hosting one of the largest Indian student populations.

I met with the Charge d'Affaires and team at India's newly established Embassy in Georgia to highlight issues like visa hurdles and safety concerns plaguing Kerala students, securing their commitment to assist. I also connected with admissions teams at several universities, forging linkages and distributing guides on application processes, life in Georgia and parental preparations to prevent costly mistakes from unreliable agents. These efforts clarify requirements and share practical advice on residency, housing and avoiding fraud.

## Crisis Support for Students and Families

In 2025, we could be of help to families of five Keralites—four students—who died in Tbilisi from various causes, managing legal paperwork, local funerals or burials, repatriations and major fundraisers. We could support students facing criminal charges, hospitalisations, quarantines or emergencies by linking them to hospitals and ambulance services



while updating their families back home. With only about 50 working adult Keralites, our small group shoulders multiple fundraisers for medical and repatriation needs amid rising student vulnerabilities like deportations and profiling.

## Awareness and Collaboration Efforts

We partnered with local NGOs and civil society organisations to warn the Indian student community about surging weed and narcotics use, conducting awareness drives. Working with Georgian law enforcement—including police, forensics, ambulances and the Ministry of Justice— we shared guides on bureaucratic processes like Public Service Hall procedures. We also advised Kerala MPs, MLAs, municipal and panchayat members and NORKA, on issues, fundraising opportunities and updates regarding their constituent members in Georgia.

## Community and Cultural Promotion

I guide Keralites on work opportunities, spotting reliable agents, legal residency, and property purchases to dodge scams. Meetings with visiting Indian and Keralite celebrities introduce them to our community, while I promote Onam and other celebrations among Kerala-run businesses. I boost these businesses—offering Indian and halal foods—among students, diplomats, and tourists, and disseminate Kerala government and NORKA updates like NORKA cards and insurance schemes.

## Key Challenges and Proposals

The lack of registered Kerala associations burdens our tiny adult group with endless student crises, from deaths to illnesses. [user-provided data] I propose formal LKS introduction letters from Kerala Government or NORKA, plus business cards, for better access to authorities and fundraising; NORKA backing for a student-inclusive association; a dedicated NORKA student cell for high-student nations like Georgia; and mandatory health, life, and repatriation insurance for students.

### ലോകോത്തര കമ്പനികൾ വന്നു; തൊഴിലവസരങ്ങളും

ആഗോള നിക്ഷേപക സംഗമത്തിലൂടെ 1.96 ലക്ഷം കോടി രൂപയുടെ നിക്ഷേപം, 100 പദ്ധതികൾ നിർമ്മാണം ആരംഭിച്ചു

ലോകോത്തര കമ്പനികൾ വന്നു; തൊഴിലവസരങ്ങളും - ഐബിഎം, എച്ച്സിഎൽ ടെക്ക്, കെയ്ൻസ് ടെക്നോളജി, സ്ട്രാഡ ഗ്ലോബൽ, NOV, ഭാരത് ബയോടെക്, ഓട്ടോമേഷൻ രംഗത്തെ ജർമ്മൻ കമ്പനി ഡി-സ്പേസ്, മാരിടൈം മേഖലയിലെ ലോകോത്തര കമ്പനി കോങ്സ്ബെർഗ്, അഡെസ്സോ, സിസ്ട്രോം ടെക്നോളജീസ്, ആർച്ച് ഗ്ലോബൽ, അക്സിയ ടെക്നോളജീസ്, സഫ്രാൻ, ട്രാസ്ന, അക്സെൻച്വർ



# A Reassuring Initiative



Puthiya Veetil Abdul Rahiman
Pharmacist, Ministry of Health,
United Arab Emirates



As an ordinary expatriate Malayali who has participated in more than one session of the Loka Kerala Sabha, I consider it as a great achievement for being successful in bringing together expatriate communities spread across the world onto a single, common platform. Representatives of expatriate organisations from more than a hundred countries coming together for the first time to discuss the development of their homeland and to present their concerns directly to the government was truly historic.

Meaningful discussions were held on key issues such as expatriate welfare, rehabilitation of returnees, investment opportunities and cooperation in the fields of education and health. The announcements made by government representatives, including Chief Minister Pinarayi Vijayan, and the deliberations across various sessions clearly reflected a strong political will to integrate expatriates into Kerala's development process.

As part of the follow-up initiatives after these assemblies, the activities we undertook in collaboration with Malayali associations in the Gulf proved to be quite effective. Awareness campaigns and webinars on the NORKA Care scheme were organised, resulting in the registration of more than a hundred expatriates. We also encouraged expatriates to invest in startups and tourism projects in Kerala, and many have now begun investing.

Significant progress has been made in some areas—especially in employment security and health insurance. The NORKA Care scheme has been a genuine relief to our worker brothers. Comprehensive coverage at an affordable premium, cashless treatment, and availability across a wide network of hospitals in Kerala stand out as major achievements.

Shortcomings in effective implementation need to be addressed. Digital platforms such as the Loka Keralam Online portal, launched in 2024, need to be made more dynamic and participatory. This would allow expatriates to remain engaged in discussions throughout the year and provide a continuous channel for submitting suggestions. Regional conferences should be expanded to more countries and organised in a hybrid online-offline format. Dedicated funds for expatriate welfare can be established, and skill-development programs for returnees should be strengthened. Greater representation for young expatriates and women would make the Sabha more inclusive. Additionally, the follow-up mechanism for implementing recommendations must be strengthened, and annual progress reports should be published.

The Loka Kerala Sabha is a commendable model for effectively harnessing the energy and commitment of expatriates for the state's development. May it evolve into an even stronger driving force in the years ahead.

**നടക്കില്ലായെന്ന് എഴുതിത്തള്ളിയവ നടപ്പാക്കി**

വിഴിഞ്ഞം തുറമുഖം യഥാർഥ്യമാക്കി, 2028ഓടെ രണ്ടു മുതൽ നാലുവരെയുള്ള തുടർവികസനം പൂർത്തിയാക്കും

ഗെയ്ൽ പൈപ്പ്‌ലൻ പൂർത്തീകരിച്ചു

ദേശീയപാത വികസനം എൻഎച്ച് 66ൽ കാസർകോട് മുതൽ തിരുവനന്തപുരം വരെ

444 കി.മീ. പൂർത്തീകരിച്ചു

ഇടമൺ-കൊച്ചി 400 കെവിലൈൻ പൂർത്തീകരിച്ചു

പുതുവൈപ്പ് എൽപിജി ടെർമിനൽ പൂർത്തീകരിച്ചു

കണ്ണൂർ വിമാനത്താവളം, വാട്ടർ മെട്രോ

473.42 കിലോമീറ്റർ മലയോരഹൈവേ പൂർത്തീകരിച്ചു:

481.13 കിലോമീറ്റർ പ്രവൃത്തി പുരോഗമിക്കുന്നു


**തീരദേശ ഹൈവേ മുന്നോട്ട്:** മൂന്ന് റീച്ചുകൾ പൂർത്തിയായി

# പ്രവാസം അനുഭവം



**രേഷ്മ**
തിരുവനന്തപുരം സ്വദേശി

## ഒരു അവസരം ഒരു പുതുജീവിതം



**നോ**ർക്ക റൂട്ട്സുമായി ചേർന്നുള്ള ട്രിപ്പിൾ വിൻ പ്രോജക്ടിന്റെ ഭാഗമായി Second Win കാൻഡിഡേറ്റായി 2024 മാർച്ച് 18-നാണ് ഞാൻ ജർമ്മനിയിലേക്ക് എത്തിയത്. ഇപ്പോൾ ഇവിടെ എത്തി ഏകദേശം രണ്ട് വർഷത്തോടടുക്കുകയാണ്. പിന്നോട്ട് നോക്കുമ്പോൾ, എന്റെ ഈ യാത്ര അനായാസവും ആത്മവിശ്വാസം നിറഞ്ഞതുമായ അനുഭവമായിരുന്നെന്ന് ഞാൻ സന്തോഷത്തോടെ പറയാം.

ഈ മൊത്തം നടപടികൾക്കിടയിൽ എനിക്ക് വലിയ ആശങ്കകൾ ഒന്നും അനുഭവിക്കേണ്ടി വന്നില്ല. കാരണം, നോർക റൂട്ട്സ് മുതൽ കവിത സൻഡ്രോം, ഏകദ തുടങ്ങിയ വിശ്വസനീയ സ്ഥാപനങ്ങളും വ്യക്തികളും ഓരോ ഘട്ടത്തിലും നമ്മുടെ കൂടെയുണ്ടായിരുന്നു. അതുകൊണ്ടുതന്നെ, നടപടികൾ മുഴുവൻ ഒരു സൗഹൃദരീതിയിൽ, നമ്മളിൽ നിന്ന് ആവശ്യമായ രേഖകൾ മാത്രം സ്വീകരിച്ച്, ബാക്കി എല്ലാ കാര്യങ്ങളും അവർ കൃത്യമായി കൈകാര്യം ചെയ്തു നമ്മൾക്ക് കൈമാറുകയായിരുന്നു.

ജർമ്മനിയിൽ എത്തിയതിന് ശേഷവും, സുരക്ഷയും പിന്തുണയും എല്ലാത്തരത്തിലും ഉറപ്പാക്കിയിരുന്നു. നമ്മളുടെ കൂടെ എപ്പോഴും ഉത്തരവാദിത്വമുള്ള വ്യക്തികളും സംവിധാനങ്ങളും ഉണ്ടായിരുന്നത്, ഇവിടെ ഒരു തികച്ചും ഭദ്രമായ അന്തരീക്ഷം അനുഭവിക്കാൻ നമ്മളെ സഹായിച്ചു.

ജർമ്മനിയിലെ എന്റെ ജീവിതം, താമസസൗകര്യം, ജോലിസാഹചര്യങ്ങൾ എല്ലാം തന്നെ നേരത്തെ ഉണ്ടായിരുന്നതിനേക്കാൾ വളരെ മെച്ചപ്പെട്ടതായാണ് അനുഭവപ്പെട്ടത്. ഇവിടെ എത്തിയതിന് ശേഷം എന്റെ ജീവിതനിലവാരം ഗണ്യമായി മെച്ചപ്പെട്ടുവെന്ന് ആത്മവിശ്വാസത്തോടെ പറയാം. ശമ്പള പാക്കേജ് സാമ്പത്തികസ്ഥിരതയേകുന്നതാണ്.

മറ്റൊരു പ്രധാന പ്രത്യേകത, ജർമ്മനിയിലേക്ക് വരുന്നതിനായി എനിക്ക് ഒരു രൂപ പോലും ചെലവഴിക്കേണ്ടി വന്നിട്ടില്ല എന്നതാണ്. ടെസ്റ്റുകൾക്കായി നൽകിയ തുക പോലും പിന്നീട് പൂർണ്ണമായും മടക്കിനൽകി

ഇന്ത്യയിൽ നിന്ന് ജർമ്മനിയിലേക്ക് വരാൻ ആഗ്രഹിക്കുന്ന എല്ലാ നഴ്സുമാരോടും ഞാൻ ആത്മാർഥമായി പറയട്ടെ, ഇത് നിങ്ങളുടെ ജീവിതം മാറ്റിമറിക്കാൻ കഴിയുന്ന ഒരു വലിയ അവസരമാണ്. സുരക്ഷിതത്വം, മാന്യത, തൊഴിൽ-ജീവിതസമത്വം, ഉയർന്ന ജീവിത നിലവാരം ഇവയെല്ലാം ഒരുമിച്ച് ലഭിക്കുന്ന ഒരു ഭാവി ഇവിടെ നിങ്ങളെ കാത്തിരിക്കുന്നു.

ഇത് നിങ്ങളുടെ ജീവിതത്തിൽ ഒരു മാറ്റമായിരിക്കും. ഒരു നല്ല മാറ്റം.

ജയശ്രീ
നെയ്യാറ്റിൻകര സ്വദേശി

# പ്രവാസത്തണൽ മാഞ്ഞപ്പോൾ താങ്ങായി സാന്ത്വനം



ഗൾഫിലെ ചുട്ടുപൊള്ളുന്ന വെയിലിൽ അധ്വാനിച്ച് സ്വരുക്കൂട്ടിയ സമ്പാദ്യവുമായി നാട്ടിലെത്തുമ്പോൾ സതീഷ് കുമാറിന്റെ മനസ്സിൽ ഒരുപിടി സ്വപ്നങ്ങളുണ്ടായിരുന്നു. തിരുവനന്തപുരം നെയ്യാറ്റിൻകരയിലുള്ള തന്റെ വീട്ടുപറമ്പിൽ മണ്ണറിഞ്ഞ് കൃഷി ചെയ്ത് ശേഷിക്കുന്ന കാലം കുടുംബത്തോടൊപ്പം സന്തോഷമായി കഴിയണം എന്നതായിരുന്നു ആ വലിയ ആഗ്രഹം. എന്നാൽ വിധി സതീഷ് കുമാറിനായി കരുതിവെച്ചത് മറ്റൊന്നായിരുന്നു. അപ്രതീക്ഷിതമായി എത്തിയ വിടവാങ്ങൽ. സ്വന്തം മണ്ണിൽ കൃഷി ചെയ്ത് കുടുംബത്തെ പോറ്റുന്നതിനിടയിലാണ് സതീഷ് കുമാറിനെ ന്യൂമോണിയ പിടികൂടുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ 2024 മെയ് 8 ന് 56-ാം വയസ്സിൽ അദ്ദേഹം വിടവാങ്ങി. സതീഷിന്റെ വേർപാട് ഭാര്യ ജയശ്രീയെയും രണ്ട് വിദ്യാർത്ഥികളായ മക്കളെയും അക്ഷരാർത്ഥത്തിൽ അനാഥരാക്കി. ഒരു പ്രവാസിയുടെ അധ്വാനത്തിൽ പടുത്തുയർത്തിയ ആ കൊച്ചുകുടുംബം പെട്ടെന്നുണ്ടായ വരുമാനനഷ്ടത്തിലും പ്രതിസന്ധിയിലും പകച്ചുപോയി.

## കൈത്താങ്ങായി 'സാന്ത്വനം' പദ്ധതി

ആശ്രയമറ്റ ജയശ്രീക്ക് തുണയായത് പ്രവാസികൾക്കായി സർക്കാർ നടപ്പിലാക്കുന്ന നോർക്ക റൂട്ട്സിന്റെ സാന്ത്വനം പദ്ധതിയാണ്. വിദേശത്തുനിന്ന് മടങ്ങിയെത്തി ബുദ്ധിമുട്ടനുഭവിക്കുന്ന പ്രവാസികളുടെ കുടുംബത്തിന് കൈത്താങ്ങാവുന്ന ഈ പദ്ധതിയിലൂടെ മരണാനന്തര ധനസഹായമായി ഒരു ലക്ഷം രൂപ ജയശ്രീക്ക് ലഭിച്ചു. വലിയൊരു സാമ്പത്തിക തകർച്ചയുടെ മുനമ്പിൽ നിന്നിരുന്ന ജയശ്രീക്ക് ഈ തുക പുതിയൊരു ജീവിതം കരുപിടിപ്പിക്കാനുള്ള ആത്മവിശ്വാസം നൽകി.

## മണ്ണിലെ നൂറുമേനി വിജയങ്ങൾ

ഭർത്താവിന്റെ വിയോഗത്തിന് മുന്നിൽ തളർന്നിരിക്കാൻ ജയശ്രീ തയ്യാറായിരുന്നില്ല. ലഭിച്ച സഹായധനം മൂലധനമാക്കി തന്റെ അരയേക്കറിലധികം വരുന്ന ഭൂമിയിൽ ജയശ്രീ കൃഷി ഇറക്കി. പോളിഹൗസ് നിർമ്മിച്ച് പച്ചക്കറിക്കൃഷി വിപുലീകരിച്ചതോടെ ആ മണ്ണ് കനിഞ്ഞു. ഇന്ന് പച്ചക്കറി കൃഷിയിലൂടെ ലഭിക്കുന്ന വരുമാനം കൊണ്ടാണ് ജയശ്രീ തന്റെ കുടുംബത്തെ മുന്നോട്ട് കൊണ്ടുപോകുന്നത്.

മണ്ണിൽ അധ്വാനിക്കുന്നവർക്ക് പ്രവാസത്തിന്റെ കരുത്തും കരുതലും എന്നും കൂട്ടുണ്ടാകുമെന്നതിന്റെ ഉത്തമ ഉദാഹരണമാണ് ജയശ്രീയുടെ ഈ ജീവിതം. സതീഷ് കുമാർ പാതിവഴിയിൽ നിർത്തിയ കൃഷിയുടെ സ്വപ്നങ്ങൾ ഇന്ന് അദ്ദേഹത്തിന്റെ പ്രിയതമയിലൂടെ നെയ്യാറ്റിൻകരയിലെ ആ മണ്ണിൽ പച്ചപിടിച്ചു വളരുകയാണ്. അതിനൊപ്പം കരുതലും കൈത്താങ്ങുമായി നോർക്ക റൂട്ട്സും .

ഷുക്കൂർ അലി
തലശ്ശേരി സ്വദേശി



# അനുഗ്രഹമായി നോർക്ക കെയർ

പ്രവാസ ജീവിതത്തിന്റെ തിരക്കുകൾക്കിടയിലും തന്റെയും കുടുംബത്തിന്റെയും സുരക്ഷയെക്കുറിച്ച് ദീർഘവീക്ഷണത്തോടെ ചിന്തിച്ച തലശ്ശേരി സ്വദേശി ഷുക്കൂർ അലിക്ക്, അദ്ദേഹം എടുത്ത ഒരു തീരുമാനം ഇന്ന് വലിയൊരു അനുഗ്രഹമായി മാറിയിരിക്കുകയാണ്.


തലശ്ശേരി വടക്കുംപാട് സ്വദേശിയായ ഷുക്കൂർ അലി ബഹ്റൈനിലെ മനാമയിൽ ഒരു കമ്പനിയിൽ സൂപ്പർവൈസറായി ജോലി ചെയ്തു വരികയായിരുന്നു. പ്രവാസി കേരളീയർക്കും അവരുടെ കുടുംബത്തിനുമായി സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കുന്ന നോർക്ക കെയർ ആരോഗ്യ ഇൻഷുറൻസിൽ കഴിഞ്ഞ ഒക്ടോബറിലാണ് അദ്ദേഹം അംഗമായത്. താൻ കരുതിയതിലും വേഗത്തിൽ ആ കരുതൽ അദ്ദേഹത്തിന് ആവശ്യമായി വന്നു.

## ശസ്ത്രക്രിയയും ആശ്വാസവും

തുടർന്ന് നാട്ടിലെത്തിയ ഷുക്കൂർ അലിക്ക് രണ്ട് കാൽമുട്ടുകൾക്കും ശസ്ത്രക്രിയ വേണ്ടിവന്നു. കണ്ണൂർ എ.കെ.ജി ആശുപത്രിയിൽ ശസ്ത്രക്രിയയ്ക്കുശേഷം അദ്ദേഹം സുഖം പ്രാപിച്ചു വരുന്നു. ഏകദേശം ഒന്നര ലക്ഷം രൂപ ചെലവ് വന്ന ഈ ശസ്ത്രക്രിയയുടെ മുഴുവൻ തുകയും നോർക്ക കെയറിൽ നിന്നാണ് ലഭ്യമായത്. ഒരു പ്രവാസി കുടുംബത്തെ സംബന്ധിച്ചിടത്തോളം വലിയൊരു സാമ്പത്തിക ബാധ്യതയാകുമായിരുന്ന ഈ സാഹചര്യം നോർക്കയുടെ ഇടപെടലിലൂടെ ലഘൂകരിക്കപ്പെട്ടു. നോർക്ക കെയർ ഇൻഷുറൻസിൽ നിന്നും നോർക്ക റൂട്ട്സ് ഉദ്യോഗസ്ഥരിൽ നിന്നും മികച്ച സേവനമാണ് ലഭിച്ചതെന്ന് ഷുക്കൂർ അലി നന്ദിയോടെ സ്മരിക്കുന്നു.

## മാതൃകയാക്കാവുന്ന ഇടപെടൽ

തനിക്കുണ്ടായ ഈ അനുഭവം മറ്റുള്ളവർക്കും പാഠമാകണമെന്ന ആഗ്രഹത്തിലാണ് അദ്ദേഹം. ഇൻഷുറൻസ് പരിരക്ഷയുടെ പ്രാധാന്യത്തെക്കുറിച്ച് നിരവധി ആളുകൾക്ക് അദ്ദേഹം ഉപദേശം നൽകി. കേവലം ഉപദേശത്തിൽ ഒതുക്കാതെ, തന്റെ രണ്ട് പെൺമക്കളെയും അവരുടെ കുടുംബങ്ങളെയും അദ്ദേഹം നോർക്ക കെയർ പദ്ധതിയിൽ ചേർക്കുകയും ചെയ്തു. ഒരു പ്രവാസി തന്റെ പ്രയാസഘട്ടത്തിൽ എങ്ങനെ സുരക്ഷിതനായിരിക്കണം എന്നതിനും, സർക്കാർ പദ്ധതികൾ എങ്ങനെ ഫലപ്രദമായി വിനിയോഗിക്കാം എന്നതിനും മികച്ച ഉദാഹരണമാണ് ഷുക്കൂർ അലിയുടെ ഈ അനുഭവം.



സിജിൽ
കായംകുളം സ്വദേശി



# പ്രവാസം അവസാനിച്ചപ്പോൾ പുതിയ തുടക്കം



ആലപ്പുഴ ജില്ലയിലെ കായംകുളം സ്വദേശിയായ സിജിൽ സൗദിയിലാണ് ജോലി ചെയ്തിരുന്നത്. കോവിഡ്കാലത്താണ് നാട്ടിലേക്ക് മടങ്ങിയത്. പ്രവാസജീവിതം അവസാനിപ്പിച്ച് കുടുംബത്തോടൊപ്പം സ്വന്തം നാട്ടിൽ സ്ഥിരതയുള്ള ജീവിതം നയിക്കണമെന്നായിരുന്നു ആഗ്രഹം.

നാട്ടിലെത്തിയതിന് ശേഷം മറ്റൊരു ജോലി തേടുന്നതിനുപകരം സ്വന്തമായി ഒരു സംരംഭം ആരംഭിക്കണമെന്ന തീരുമാനത്തിലേക്ക് സിജിൽ എത്തി. വിപണിയിലെ മത്സരം ശക്തമാണെന്നും പുതിയൊരു ബിസിനസ് ആരംഭിക്കുന്നത് വെല്ലുവിളിയാണെന്നും സിജിലിനറിയാമായിരുന്നു. എങ്കിലും ശരിയായ ആസൂത്രണവും ആത്മവിശ്വാസവും ഉണ്ടെങ്കിൽ മുന്നോട്ടുപോകാൻ കഴിയുമെന്ന വിശ്വാസം സിജിലിനുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് സ്വന്തം നാട്ടിൽ ശസ്ത്രക്രിയ ഉപകരണങ്ങളുടെ വിതരണശാലയും ഫാർമസിയും ആരംഭിച്ചത്.

ഈ സംരംഭം ആരംഭിക്കുന്നതിന് നോർക്ക റൂട്ട്സിലൂടെ വായ്പ സ്വീകരിച്ചു. ഈ സാമ്പത്തിക പിന്തുണ ബിസിനസ് സ്ഥിരതയോടെ മുന്നോട്ടുകൊണ്ടുപോകാൻ വലിയ സഹായമായി. വിദേശത്ത് ജോലി ചെയ്തിരുന്ന കാലത്ത് നേടിയ അനുഭവങ്ങളും സാമ്പത്തിക അച്ചടക്കവും ബിസിനസ് നടത്തിപ്പിൽ നിർണായകമായി. ഇപ്പോൾ ബിസിനസ് വികസിപ്പിക്കാനുള്ള പദ്ധതികളിലാണ് സിജിൽ. ശസ്ത്രക്രിയ ഉപകരണങ്ങൾ മെച്ചപ്പെടുത്തുന്നതിനൊപ്പം വിതരണ ശൃംഖല കാര്യക്ഷമമാക്കാനും സഹായകരമാകും.

സ്വന്തം അനുഭവം മറ്റുള്ളവരുമായി പങ്കുവെക്കുന്നതിലും സിജിൽ മുന്നിലാണ്. നാട്ടിലേക്ക് മടങ്ങി ബിസിനസ് ആരംഭിച്ച് ഇവിടെ തന്നെ സ്ഥിരതയുള്ള ജീവിതം നയിക്കണമെന്ന ആഗ്രഹമുള്ള തന്റെ സുഹൃത്തുക്കൾക്ക് അദ്ദേഹം നോർക്ക റൂട്ട്സിന്റെ വായ്പാ പദ്ധതികളും സർക്കാർ പിന്തുണയും ശുപാർശ ചെയ്തു. സിജിലിന്റെ വിജയകരമായ സംരംഭകയാത്ര അദ്ദേഹത്തിന്റെ സുഹൃത്തുക്കൾക്കും നാട്ടിലേക്ക് മടങ്ങാൻ ആലോചിക്കുന്ന പ്രവാസികൾക്കും പ്രചോദനമായിട്ടുണ്ട്. പെരുങ്കാലയിലെ കൊല്ലശ്ശേരിൽ തറയിൽ അച്ഛനും അമ്മയ്ക്കുമൊപ്പമാണ് താമസം.



## എൻ എസ് രാജയ്യ

തിരുവനന്തപുരം സ്വദേശി

# പുതിയ തുടക്കം പുതിയ ജീവിതം

തിരുവനന്തപുരം ഉളിയാഴത്തുറ പൗഡിക്കോണം പ്രദേശത്ത് താമസിക്കുന്ന എൻ എസ് രാജയ്യ കോവിഡിന്റെ അനിശ്ചിതത്വത്തിലാണ് നാട്ടിലേക്ക് മടങ്ങുന്നത്. വർഷങ്ങളായി സൗദിയിലായിരുന്നു ജോലി. വാഹനങ്ങളുടെ സർവീസുമായി ബന്ധപ്പെട്ട് ഓട്ടോ-ഡെന്ററായിട്ടായിരുന്നു ജോലി ചെയ്തിരുന്നത്. കടുത്ത ജോലി സമ്മർദ്ദവും വർധിച്ച മാനസികാരോഗ്യ പ്രശ്നങ്ങളും നിറഞ്ഞതായിരുന്ന കോവിഡ് കാലം. അതോടെ വിദേശത്ത് തുടരാൻ പ്രയാസമായി.

നാട്ടിലേക്ക് മടങ്ങിയെങ്കിലും അടുത്തത് എന്ത് എന്നറിയാതെ ജീവിതം അനിശ്ചിതത്വത്തിലായി. വാഹനങ്ങളോടുള്ള താൽപര്യമുള്ളതിനാൽ സൗദിയിൽ ചെയ്തതുപോലെയുള്ള വാഹനങ്ങളുടെ പാച്ച് വർക്ക് ജോലികൾ ചെയ്യാമെന്നാണ് ആദ്യം തീരുമാനിച്ചത്. അതിനായി പ്രമുഖ മോട്ടോർ വാഹന സർവീസ് കേന്ദ്രത്തിൽ പാച്ച് വർക്ക് മെക്കാനിക്കായി ജോലിയിൽ പ്രവേശിച്ചു. പിന്നീട് സെക്കൻഡ്-ഹാൻഡ് കാർ ബിസിനസിൽ കൈവച്ചെങ്കിലും അത് വിജയിച്ചില്ല. ഒടുവിൽ സ്വന്തമായി ഒരു ഓട്ടോറിക്ഷ വാങ്ങാൻ തീരുമാനിച്ചു. സുഹൃത്തുക്കൾ പറഞ്ഞറിഞ്ഞ് നോർക്കയുമായി ബന്ധപ്പെട്ടപ്പോഴാണ് വായ്പാപദ്ധതികളെ കുറിച്ച് അറിയുന്നത്. ലളിതമായ നടപടിക്രമങ്ങളിലൂടെ വായ്പ ലഭിച്ചതോടെ ആ ആഗ്രഹം സഫലീകരിച്ചു.

ഇന്ന് ഏത് ആവശ്യങ്ങൾക്കും യാത്രകൾക്കും ചുറ്റുമുള്ളവർക്ക് ആശ്രയിക്കാവുന്ന ഒരാളായി രാജയ്യ മാറി. മൂന്ന് വർഷമായി ഇതേ ജോലിയിൽ സംതൃപ്തിയോടെ തുടരുന്നു. സ്വയം പടുത്തുയർത്തിയ ജീവിതത്തെയും ചെയ്യുന്ന ജോലിയെയും ആത്മാർത്ഥതയോടെ സമീപിക്കുന്ന രാജയ്യയ്ക്ക് ചുറ്റുമുള്ള നന്മ നിറഞ്ഞ മനുഷ്യരുടെ അകമഴിഞ്ഞ പിന്തുണയുമുണ്ട്. ഭാര്യ മിറാണ്ടയോടും മക്കളായ ഷിബിൻ, നിതിൻ എന്നിവർക്കുമൊപ്പം അഭിമാനത്തോടെ ജീവിക്കുന്നുവെന്ന് രാജയ്യ സാക്ഷ്യപ്പെടുത്തുന്നു.



## ബിനു

തിരുവനന്തപുരം സ്വദേശി

# നോർക്കയുടെ മികച്ച സേവനം

വിദേശജോലി തേടി അന്യരാജ്യത്തെത്തി അവിടെ വഞ്ചിക്കപ്പെട്ട അനേകരുടെ പ്രതിനിധിയാണ് തിരുവനന്തപുരം വിഴിഞ്ഞം സ്വദേശിയായ ബിനു. 1996ലാണ് ബിനു ഗൾഫിലേക്ക് ജോലി തേടി പോകുന്നത്. അവിടെ നേരിട്ട വ്യാജ വാഗ്ദാനങ്ങളും കുറഞ്ഞ ശമ്പളവും കടുത്ത ജീവിത സാഹചര്യങ്ങളും കാരണം ജോലി ഉപേക്ഷിച്ച് നാട്ടിലേക്ക് മടങ്ങേണ്ടിവന്നു. കടുത്ത മാനസിക സമ്മർദ്ദങ്ങൾക്ക് വിധേയമായ ആ കാലഘട്ടത്തെ ബിനു മറികടന്നത് കുടുംബത്തിന്റെ ശക്തമായ പിന്തുണയിലാണ്. പിന്നീട് ബിനു ഷാമിയാന (പന്തൽ) ഹയർ സർവീസ് ആരംഭിച്ചു. സ്ഥിരോത്സാഹത്തോടെ കഠിനപ്രയത്നം നടത്തി. 2023-ൽ നോർക്കയിൽ നിന്ന് മൂന്ന് ലക്ഷം രൂപയുടെ വായ്പയെടുത്ത് സംരംഭം വിപുലീകരിച്ചു. നിലവിൽ അഞ്ച് വർഷമായി ഈ രംഗത്ത് പ്രവർത്തിക്കുന്ന ബിനു സ്ഥിരവരുമാനവും ആത്മവിശ്വാസവും നേടിയെടുത്തു കഴിഞ്ഞു.

പിന്നിട്ട വഴികളെറിച്ചോർക്കുമ്പോൾ നോർക്ക റൂട്ട്സിന്റെ സൗഹാർദ്ദപരമായ സമീപനത്തിനും മികച്ച സേവനങ്ങൾക്കുമാണ് ബിനു ഹൃദയപൂർവം നന്ദി പറയുന്നത്. നോർക്കയിലെ മാനേജർ തുറന്ന സമീപനമുള്ള ആളായിരുന്നു. വായ്പ ലഭിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ നടപടികളും വളരെ ലളിതവും ബുദ്ധിമുട്ടില്ലാത്തതുമായിരുന്നു. അതുകൊണ്ടുതന്നെ വായ്പാ പ്രക്രിയ എളുപ്പത്തിൽ പൂർത്തിയാക്കാനായി. നോർക്കയിൽ നിന്ന് ലഭിച്ച മികച്ച അനുഭവം പലരോടും ബിനു പങ്കുവെച്ചു. വായ്പ ആവശ്യമായ പലർക്കും ബിനു നോർക്ക ശുപാർശ ചെയ്തു. അവരുടെ വളർച്ചയ്ക്ക് നോർക്കയുടെ പിന്തുണ സഹായകരമാകുന്നതിന് അദ്ദേഹം സാക്ഷിയാവുകയും ചെയ്തു.

ഒരു വ്യക്തിക്ക് ഒന്നിൽ കൂടുതൽ തവണ വായ്പ ലഭിക്കുന്ന സംവിധാനം കൂടി നോർക്ക ഒരുക്കിയാൽ ചെറുസംരംഭകർക്ക് സഹായകരമാകുമെന്ന അഭ്യർഥന കൂടി അദ്ദേഹം മുന്നോട്ടുവയ്ക്കുന്നു.

# പഠനവും വിദേശ തൊഴിലും



Training at NIFL, Thiruvananthapuram played a significant role in improving my language proficiency and overall confidence. The faculty ensured individual attention and encouraged continuous practice, which made learning effective and enjoyable. The institute's emphasis on real-life communication prepared me well for professional and personal growth.

HENA CHANDRAN A C
OET BATCH 8



I sincerely thank NIFL Tvm for the valuable role it played in helping me achieve my goals. The German language training I received there helped me develop strong language skills, build self-confidence, and prepare myself for real-life communication in Germany. The dedicated teachers, structured learning approach, and continuous support motivated me to improve every day. Because of NIFL, I was able to progress both personally and professionally, and it has contributed greatly to my career development. I am truly grateful for the guidance and encouragement I received during my learning journey.

Lekshmi Santhosh
GERMAN BATCH 4



NIFL, Thiruvananthapuram offers a positive and learner-friendly environment. The trainers are approachable, knowledgeable, and always willing to support students beyond classroom sessions. The institute's commitment to quality training and student success is clearly reflected in its teaching methods and overall approach.

Leobin Joseph
GERMAN BATCH 5



My experience at NORKA Institute of Foreign Languages (NIFL), Thiruvananthapuram has been highly enriching. The structured curriculum, supportive faculty, and practical approach to language learning helped me build strong communication skills and confidence. The learning environment at NIFL motivated me to stay consistent and focused on my goals. I am grateful for the guidance and opportunities provided by the institute.

Anupama S
GERMAN BATCH 4

# 2018






ലോക കേരള സഭ
2018







# 2020




IBPC
NRK Emerging
Inauguration by
Shri. Pinarayi Vijayan
Hon. Chief Minister of Kerala
Presided by
Shri. P. Sreeramakrishnan
Hon. Speaker, Kerala Legislature
Address by


ലോക മലയാളികൾ
വീണ്ടും ഒന്നിക്കുന്നു
ലോക കേരള സഭ രണ്ടാം സമ്മേളനം
2020 ജനുവരി 1,2,3 | തിരുവനന്തപുരം
ഉദ്ഘാടനം
2020 ജനുവരി 1

# 2020




2020


O. CHANDU MENON
FOUNDATION PRESENTS
E.W.E

# 2022











ലോക കേരള
അമേരിക്കൻ


ആഫ്രിക്ക

# 2024





# നോർക്ക ഡയറക്ടർ ബോർഡ് അംഗങ്ങൾ



**പിണറായി വിജയൻ**
ബഹു. മുഖ്യമന്ത്രി
**ചെയർമാൻ**




**പി. ശ്രീരാമകൃഷ്ണൻ**
റസിഡന്റ് വൈസ്
ചെയർമാൻ



**യൂസുഫലി എം.എ**
വൈസ്
ചെയർമാൻ



**രവി പിള്ള**
ഡയറക്ടർ



**ഡോ. ആസാദ്**
മൂപ്പൻ
ഡയറക്ടർ



**ഒ വി മുസ്തഫ**
ഡയറക്ടർ



**ജെ.കെ. മേനോൻ**
ഡയറക്ടർ



**ടി.വി. അനുപമ**
ഐഎഎസ്
സെക്രട്ടറി, നോർക്ക



**അജിത് കൊളശ്ശേരി**
സി.ഇ.ഒ


ലോക
2024
നാലാം






2024 ലോക കേരള സഭ സമ്മേളന ഉദ്ഘാടന ചടങ്ങിലേക്ക് എത്തുന്ന മുഖ്യമന്ത്രി പിണറായി വിജയൻ

Printed and Published by T V Subhash IAS, Director, Information Public Relations Department on behalf of Government of Kerala and Printed at KBPS, Kakkanad. Published from Information Public Relations Department, Govt. of Kerala Government Secretariat, Thiruvananthapuram 695001. Copies: 1000

# ലോക കേരള സഭ

അഞ്ചാം സമ്മേളനം,
2026 ജനുവരി 29, 30, 31
നിയമസഭ മന്ദിരം, തിരുവനന്തപുരം

ലോക കേരള സഭ | കേരള സർക്കാർ

## അതിരുകളില്ലാത്ത പെരുമ!



125 രാജ്യങ്ങൾ
28 സംസ്ഥാനങ്ങൾ
500+ ഡെലിഗേറ്റുകൾ

ഇത്തവണ പങ്കാളിത്തത്തിൽ
22 രാജ്യങ്ങളുടെ വർദ്ധനവ്

Follow Us

lokakeralasabha.com

# ലോക കേരള സഭ

## അഞ്ചാം സമ്മേളനം

**ജനുവരി 29 30 31**
**നിയമസഭാ മന്ദിരം**
**തിരുവനന്തപുരം**